164

Govr. T. S. Kottayam

M. S. - 115/164

മുഖവുര.

ശിക്ഷാക്രമതത്വപ്രയോഗങ്ങളെപ്പററി പൌരസ്ത്യപാശ്ചാത്യഗുരുക്കന്മാർ രേഖപ്പെടുത്തിയിരിയ്ക്കുന്ന ആദർശങ്ങൾ, പ്രമാണങ്ങൾ, രീതികൾ, അഭിപ്രായങ്ങൾ, എന്നിവയെ ക്രോഡീകരിച്ച് നമ്മുടെ കാലദേശാവസ്ഥകൾക്ക് യോജിയ്ക്കത്തക്കവണ്ണവും ശിക്ഷാക്രമവിദ്യാർത്ഥികളുടെ ഉപയോഗത്തിന്നായ് അപ്പോഴപ്പോൾ തയാറാക്കിയകുറിപ്പുകൾ, അശിക്ഷിതാദ്ധ്യാപകന്മാരേയും ശിക്ഷാമന്ദിരങ്ങളിലും പരീക്ഷാഹാളിലും വളരെ സഹായിയ്ക്കുന്നതാകയാൽ പ്രസിദ്ധപ്പെടുത്തിക്കിട്ടണമെന്നുണ്ടായ പ്രിയ ശിഷ്യവർഗ്ഗത്തിൻെറ അപേക്ഷയനുസരിച്ച് അവയെ ഈ 'അദ്ധ്യാപകമിത്ര'മാക്കാൻ ഉദ്യമിച്ചതാണ്.

സാങ്കേതികവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരും, മനശ്ശാസ്ത്രം, നൈയ്യായികശാസ്ത്രം, ബാലപ്രകൃതിവിജ്ഞാനീയം, എന്നിവയിലെ തത്വങ്ങളേയും പ്രമാണങ്ങളേയും അവഗണിയ്ക്കാതെ, മാറിമാറിവരുന്ന അവസ്ഥകൾക്ക് യോജിയ്ക്കത്തക്കവണ്ണം, നൂതനരീതികളെ സ്വതന്ത്രമായ് രൂപീകരിയ്ക്കുന്നതിനും നടപ്പിൽവന്നിട്ടുള്ള രീതികളെ ഉപപാദിയ്ക്കുന്നതിനും ശക്തന്മാരാകണമെന്നു കരുതി ആ തത്വങ്ങളേയും പ്രമാണങ്ങളേയും വിശദീകരിയ്ക്കാൻ വേണ്ടി

ടത്തെല്ലാം യത്നിച്ചിട്ടുണ്ട്: പുറമേ, കഴിഞ്ഞ അഞ്ചെട്ടുകൊല്ലങ്ങളിലുണ്ടായിട്ടുള്ള ശിക്ഷാക്രമപരീക്ഷാപ്രശ്നങ്ങളേയും ഓൎമ്മിച്ചുകൊണ്ടും വരുന്നതിനാൽ 'അധ്യാപകമിത്രം' അധ്യാപകമിത്രമായ് ത്തന്നെയിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു.

സൌകൎയ്യത്തെ ഉദ്ദേശിച്ച്, ഇതിനെ അഞ്ചുഭാഗങ്ങളാക്കി, അതിൽ ഭാഷാധ്യാപനമെന്ന ഒന്നാംഭാഗം സഹോദരസംക്ഷം ഇപ്പോൾ അവതരിപ്പിച്ചുകൊള്ളുന്നു. ഗണിതം, ചരിത്രം, ഭൂമിശാസ്ത്രം, പാഠമാതൃക, തത്വദീപിക എന്നീ മററുഭാഗങ്ങൾ ഉടനേ തുടരുന്നതാണ്.

കൊട്ടാരക്കര,
27-11-99.

ഗ്രന്ഥകൎത്താവ്.

വിഷയാനുക്രമണി.

വകുപ്പ്.	വിഷയം.	വശം.
൧.	ഭാഷാ—ഉല്പത്തി.	1
൨.	നിൎവ്വചനം.	4
൩.	പാഠപദ്ധതിയിൽ ഭാഷയുടെസ്ഥാനം	5
൪.	ഭാഷാദ്ധ്യാപനലക്ഷ്യം.	8
൫.	നാലാംക്ലാസ് പാഠപദ്ധതി. (പാഠപദ്ധതിനവീകരണയോഗത്തിന്റെ അഭിപ്രായം അനുസരിച്ചുള്ളതു്)	I3
൬.	ഭാഷ്യാദ്ധ്യാപകൻ.	15
൭.	ഭാഷാദ്ധ്യാപനോദ്യമം.	19
൮.	എഴുത്തിനിരുത്തുക. (മൂന്നുരീതികൾ)	24
൯.	വായന. (ഒരുക്കവും ബോധനക്രമവും)	38
൰.	കഥകൾ. (വിഷയവും ഭാഷയും)	49
൰൧.	കഥാകഥനപ്രയോജനം.	50
൰൨.	പുസ്തകം. (ലക്ഷണങ്ങൾ)	52
൰൩.	കൈയ്യെഴുത്തു് (പൂഴിയിലെഴുത്തു്, ബോർഡിലെഴുത്തു്, സ്ലേററിലെഴുത്തു്)	53
൰൪.	പകൎത്തിഎഴുത്തു് (ഉദ്ദേശങ്ങളും രീതിയും)	57
൰൫.	കഥനം.	58
൰൬.	രചന.	
൰൭.	രണ്ടാംക്ലാസ്സ് പാഠപദ്ധതിയും രീതികൾ	
൰൮.	മൂന്നാംക്ലാസ്സ് ”	60
൰൯.	നാലാംക്ലാസ്സ് ” ... ം.	62
൨൰.	പദ്യപാഠങ്ങൾ. ”	72
൨൰൧.	മററുചിലവിഷയ ”	82
	...ങ്ങൾ.	86
		89

M.S. ~~115~~ 164

ഓം ഗുരവേ നമഃ

അദ്ധ്യാപകമിത്രം.

ഭാഷാദ്ധ്യാപനം.

—:o:—

൧. ഭാഷ-ഉത്പത്തി—വിവേകവിശിഷ്ടനെന്നു പ്രശംസിയ്ക്കപ്പെടുന്ന മനുഷ്യൻ നിയതിയുടെ മൂകസന്താനങ്ങളിൽ ഒന്നായിട്ടത്രേ, ഭൂപ്രവേശം ചെയ്തതു്. എന്നാൽ പ്രകൃതിവിലാസങ്ങൾ മനുഷ്യനിൽ മാത്രം മൗനഭഞ്ജകമായ് പ്രവൎത്തിച്ചപ്പോൾ. ഈ ലക്ഷണംനിമിത്തം ആ ഭാവഭേദങ്ങൾ അവൻെറ ഉള്ളിൽകടന്നു് ആന്തരസത്വത്തിൽ അനേകം അനുഭാവങ്ങളെ ഉദിപ്പിച്ചുതുടങ്ങി. അനുഭാവങ്ങളുടെ സ്വഭാവത്തിനും ശക്തിയ്ക്കും അനുരൂപമായ് പ്രേരിപ്പിയ്ക്കപ്പെട്ട പ്രാണൻ, കണ്ഠസിരകളെ ഉരസിക്കൊണ്ടു് നിൎഗ്ഗമിയ്ക്കയും, നിൎഗ്ഗമിച്ചവഴി, ശബ്ദങ്ങളെ ജനിപ്പിയ്ക്കയുംചെയ്തു. ഇപ്രകാരം പൂൎവ്വികന്മാരുടെ അനുഭാവങ്ങൾ, അഥവാ, ആശയങ്ങൾ ഘനീഭവിച്ചുണ്ടായ ശബ്ദങ്ങളത്രെ, ക്രമേണ അനുഭവാപാരകോശങ്ങളായ് എണ്ണത്തിലും തിണ്ണത്തിലും വളൎന്നു വന്നിരിയ്ക്കുന്നതു്. പലരുടേയും പ്രയോഗത്തിൽ ഇവയ്ക്കു് ഒരു മുറയും വന്നുകൂടീട്ടുണ്ടു്. ഈ ശബ്ദസമുച്ചയം കാലദേശാവസ്ഥകളാകുന്ന ഉപാധികളിൽപെട്ടു്

നാനാനാമത്രൂപങ്ങളോട്ടക്രൂടി, മനുഷ്യനെ മററു ജീവികളിൽ നിന്നും പിരിച്ചുകാണിയ്ക്കുന്ന ഒരു പ്രത്യേകഅനുഗ്രഹമായ് ലോകമെങ്ങും വ്യാപിച്ചിരിയ്ക്കുയും ചെയ്യുന്നു.

ഇപ്രകാരം വ്യാപകാൎത്ഥത്തിൽ പ്രതിപാദിയ്ക്കപ്പെടുന്നു എന്നുവരുകിലും, 'ഭാഷ' വ്യാപ്യാൎത്ഥത്തിൽ വക്താവിൻെറ മാതൃഭാഷയെമാത്രമേ കുറിയ്ക്കുന്നുള്ളൂ. സ്വന്തം വിഷയങ്ങളെ സൎവ്വസാധാരണങ്ങളെന്നവണ്ണം ഭേദകംക്രൂടാതെ വ്യവഹരിയ്ക്കുന്നതു്, ബാലന്മാൎക്കുമാത്രമല്ല, പ്രായപൂൎത്തിവന്നവൎക്കും പതിവാണല്ലോ. ഇവിടെ 'ഭാഷ' ശബ്ദംകൊണ്ടു് വിവക്ഷിയ്ക്കപ്പെടുന്നതു് നമ്മുടെ മലയാളമത്രേ.

[മലയാളം എന്ന പേരിനേയും, മലയാളഭാഷയുടെ ഗോത്രത്തേയുംപററി പല വിദ്വാന്മാരും സ്വപ്രത്യയസ്ഥൈര്യത്തോട്ടക്രൂടി സാഹിത്യകോടതിയിൽ മൊഴികൊടുക്കുകയോ വഴക്കിൽ കക്ഷിചേരുകയോ ചെയ്തു കൊണ്ടുവരുന്ന ഇക്കാലത്തിൽ 'വാദതടസ്ഥ'ത്തെ ഭയന്നു്, അദ്ധ്യാപകന്മാരുടെ ആലോചനയ്ക്കായ് ഒന്നുരണ്ടു സംഗതികൾ ഇവിടെ പ്രസ്തുംവിയ്ക്കേണ്ടിയിരിക്കുന്നു. സഹ്യപൎവ്വതത്തിനു കിഴക്കുള്ളവർ, സ്വന്തംരാജ്യവിൻെറ അധികാരസീമയിൽപ്പെട്ട പടിഞ്ഞാറുഭാഗത്തെ, അതായതു്, മലയോടു സംബന്ധപ്പെട്ട പ്രദേശത്തെ, മലൈനാടു, മലൈവാരം (മലബാർ)എന്നു പറഞ്ഞുവന്നു. അതിനെയും ആളുന്നവനാകയാൽ രാജാവിന്നു് 'മലൈയാളൻ' എന്നൊരു പേരും സിദ്ധിച്ചു. അതിൽ നിന്നും രാജ്യം 'മലൈയാളം' എന്നു് കീൎത്തിയ്ക്കപ്പെടുകയും ചെയ്തു. (വംഗദേശം, വംഗാളം, വംഗാളി എന്നീ പേരുകളുടെ ആഗമവും ഓൎക്കുക). മലൈയാളനാട്ടിനെ അധിവസിച്ചവർ മലയാളികൾ എന്നു് തിരിച്ചറി

യിസ്ക്കപ്പെട്ടു. നമ്മുടെ ഭാഷയെ, മലൈനാട്ടുതമിഴ്, മലെ യാളത്തമിഴ് എന്നിങ്ങനെ സ്വന്തം ഭാഷയായ ചെന്തമിഴി ന്നന്യമായ് അവർ പറഞ്ഞുവന്നു എന്നുവരുകിലും, പുരാത നമലയാളികൾ, കവികൾപോലും, തമിഴ് എന്നപേരിനെ ഉപേക്ഷിച്ചതുമില്ല. ക്രമേണ മലനാട്ടിൽ പ്രവേശിച്ച് പ്രാബല്യം സമ്പാദിച്ച സംസ്കൃതക്കാരുമായുണ്ടായ ചാച്ചിയും വേഴ്ച്ചയുംമൂലം, മലയാളഭാഷയെ തമിഴിൽനിന്നും പിരി ച്ചുകളയാമെന്നു കരുതിയ പില്ക്കാലമലയാളവിദ്വാന്മാർ, ചുചൂടിരെ, മണ്ടന്തി, എന്നും മററും പ്രയോഗിച്ച് സംസ്കൃത പദങ്ങളുടെ പുച്ഛങ്ങളിൽ പററിപ്പിടിച്ചു നോക്കി. മലയാം തമിഴ് എന്ന് സ്വജനങ്ങൾ കൊട്ടത്ത പേരിനെ കുറുക്കി 'മലയാളം' ആക്കിക്കൊള്ളുകയും ചെയ്തു. എന്നിട്ടും, കിഴ ക്കർ, സ്വജനത്യാഗനയം സ്വീകരിച്ചില്ല. അവരുടെ വ്യാക രണഗ്രന്ഥങ്ങളിൽ കൊടുന്തമിഴിന്റെ സ്വരൂപം, ഘടന, ഗതി മുതലായവയും ഉൾപ്പെട്ടതിപ്പോന്നതേഉള്ളു. കൊടു ന്തമിഴ്നാടുകളനേകം ചേർന്നുണ്ടായ മലനാട്ടിലെ ഭാഷയാ യിരുന്ന കൊടുന്തമിഴുതന്നെ ആധുനികമലയാളത്തിന്റെ പ്രാഗ്രൂപം എന്നു സാധിയ്ക്കാൻ 'കേരളപാണിനി' യുടെ അവതാരം വേണ്ടിവന്നു എന്നുവരുകിലു , നമ്മുടെ ഗൃഹ്യഭാ ഷയും ലക്ഷണനിയമങ്ങളും അന്നും ഇന്നും അവിതക്കിത സാക്ഷികൾതന്നെ വേഷഭൂഷണവ്യാമോഹിതരായ് പ്രവ ൎത്തിയ്ക്കുന്നവരുടെ ശരീരത്തിന്നെന്നപോലെ മലയാളഭാഷ യ്ക്കും കേടുപാറാതെ സൂക്ഷിയ്ക്കേണ്ടചുമതല അധ്യാപക ന്മാരിൽതന്നെ സ്ഥിതിചെയ്യുന്നതാകയാൽ, കൈരളിയുടെ ആകൃതിയും, ഘടനയും, ധാതുക്കളും, ധാതുക്കളുടെശക്തിയും അവർ ഗ്രഹിച്ചിരിയ്ക്കേണ്ടതാണെന്ന് 'അധ്യാപകമിത്രം' പ്രസംഗവശാൽ ഇവിടെ ഓർമ്മിപ്പിയ്ക്കുന്നതേ ഉള്ളു.]

൨. നിർവചനം—അനുഭാവങ്ങളെ ആവിർഭവിപ്പിക്കുന്നതിൽ അവതരിച്ച ശബ്ദസമുച്ചയം, അല്ലെങ്കിൽ ഭാഷ, ആരംഭഘട്ടത്തിൽ കേവലം വാമൊഴിയായിരുന്നതേ ഉള്ളൂ. തങ്ങളുടെ ശതമുഖങ്ങളായ അനുഭവങ്ങൾ അനന്തരഗാമികൾക്കു മാർഗ്ഗദർശകങ്ങളായി ഭവിക്കണമെന്നൊരുമോഹം, പുരാതനപുരുഷകേസരികൾക്കുദിച്ചതോടുകൂടി അതു വരമൊഴിരൂപവും ധരിച്ചു. വാമൊഴിയാകട്ടെ, വരമൊഴിയാകട്ടെ ഭാഷ അന്തർഗ്ഗതവിജ്ഞാപകം എന്നു ലക്ഷണംചെയ്യാവുന്ന മട്ടിലായി. എന്നാൽ വിജ്ഞാപിതന്റെ കഥയെ ഈ ലക്ഷണം വിസ്മരിക്കയാണുചെയ്യുന്നതു്. അവനെ സംബന്ധിക്കുന്നിടത്തോളം ഈ ലക്ഷണം പൂർണ്ണമല്ല. അവനതു് ആശയസംഗ്രാഹകമായല്ലേ നില്ക്കുന്നതു്? വരമൊഴി വശമാകുമ്പോൾ ഈ വസ്തുത ആർക്കും പ്രത്യക്ഷമാകുന്നതാണു്. അതിന്റെ അഭാവത്തിൽ പൂർവ്വാർജ്ജിതം ഭൂരിഭാഗവും അപ്പോഴപ്പോൾ നഷ്ടപ്പെട്ടുപോകാനും നാം ഇന്നും പ്രാകൃതനിലവിടാതിരിക്കുന്നതിനും ഇടയാകുമായിരുന്നില്ലേ? അങ്ങനെ ഭവിക്കാതെ വരമൊഴി നിർമ്മിച്ചു്, നമ്മെ അനുഗ്രഹിച്ചിരിക്കുന്ന പൂർവികന്മാർക്കു് നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നോർക്കുക. എത്രയോ മഹാശയന്മാർ ആജീവനാന്തം പരിശ്രമിച്ചു മനസ്സിലാക്കിയ അസംഖ്യം തത്വങ്ങളും ഇടയ്ക്കുള്ള അനുഭവങ്ങളും നമുക്കു സിദ്ധമാകുന്നതു് പ്രായേണ വരമൊഴിമുഖാന്തരമത്രെ. ജ്ഞാനഭണ്ഡാഗാരത്തിന്റെ താക്കോൽ ഭാഷയാണെന്നു സാഹിത്യകുശലന്മാർ സാധിക്കുന്നതും ഇക്കാരണംകൊണ്ടുതന്നെ. അതിനാൽ, വിജ്ഞാപകവിജ്ഞാപിതന്മാരുടെ കഥകളേ ഓർത്തു് 'ആശയവാഹകം' എന്നു് ഭാഷയ്ക്കു് പൊതുവെ ലക്ഷണം ചെയ്യേണ്ടിവരുന്നു.

മനശ്ശാസ്ത്രപാരംഗതന്മാർ പറയുന്ന ഒരു കാൎയ്യംകൂടി ഇവിടെ ഓൎമ്മിക്കേണ്ടതാണു്. ഭാഷയുടെ സഹായമില്ലാഞ്ഞാൽ, മൂകസ്വപ്നത്തിൽപോലെ ആശയസംഭവാഭാവങ്ങൾ ഏകനിമിഷത്തിൽ കഴിയും; ക്ഷണികത്വം പ്രാപിച്ചില്ലെങ്കിൽതന്നെയും, ആശയബാഹുല്യം ക്രമീകരിക്കപ്പെടാതെ ചവറുകൂട്ടയിലെ സാധനങ്ങൾക്കൊപ്പം നിഷ്പ്രയോജനമായി കിടക്കാനെ നിവൃത്തിയുള്ളു; ആശയക്രമതയെ ആശ്രയിക്കുന്ന അന്തരംഗവ്യാപാരം അസാദ്ധ്യമായിത്തീരും; അതിനാൽ മനുഷ്യൻ എന്ന പേരിനുപോലും നിലയില്ലാതാകും; എന്നുമാത്രമല്ല, നമ്മുടെ പ്രത്യേക അനുഗ്രഹമായിരിക്കുന്ന സാമുദായികജീവിതംപോലും ഉത്ഭവിച്ചിരിക്കയില്ല, എന്നെല്ലാമാണു് അവർ വാദിക്കുന്നതു്. അതു മിക്കവാറും വാസ്തവവുമത്രെ. നമ്മുടെ എല്ലാ നന്മകൾക്കും, ചിന്താശക്തൻ എന്നൎത്ഥമുള്ള മനുഷ്യശബ്ദത്തിനുപോലും കാരണഭൂതമായ അന്തരംഗവ്യാപാരം ഭാഷയെക്കൂടാതെ സാധിക്കുന്നതല്ലായ്കയാൽ, അക്കഥയെക്കൂടി ഓൎമ്മിപ്പിക്കാനായി നിൎവചനത്തെ ഭേദപ്പെടുത്തുന്നതു് ഉചിതമായിരിക്കും. അതുകൊണ്ടു് 'ആശയവാഹകവും അന്തൎവ്യാപാരസാഹ്യവുമായ ശബ്ദസമുച്ചയം ഭാഷ' എന്നു് നമുക്കു നിൎവചിക്കാം.

൩. സ്ഥാനം—പാഠശാലകളിൽ സ്വീകരിക്കപ്പെടുന്ന അദ്ധ്യാപനവിഷയങ്ങളെ സംബന്ധിക്കുന്നിടത്തോളം ഓരോന്നിന്റേയും സ്ഥാനനിൎണ്ണയംചെയ്വാൻ പരിശോധകന്മാർ പരീക്ഷ്യരോടാവശ്യപ്പെടുന്നതുകൊണ്ടു മാത്രമല്ല, അദ്ധ്യാപനഗുണവും ഏറെക്കുറെ ആ ബോധത്തേയാശ്രയിക്കുന്നതിനാലും പാഠപദ്ധതിയിൽ ഭാഷയുടെ സ്ഥാനം എവിടെയെന്നു നിൎണ്ണയിക്കേണ്ടിവരുന്നു. അന്നു

രംഗവികാസകമോ, ഔപയോഗികമോആയ ഏതുവിഷയത്തിനും പാഠപദ്ധതിയിൽ പ്രവേശനം നൽകാമെന്നാണ് ആധുനികമതം. അതിനെപ്പററി ഭിന്നാഭിപ്രായങ്ങളുമില്ലെന്നില്ല. അവയെ, ഉചിതഘട്ടത്തിൽ പ്രതിപാദിച്ചുകൊള്ളാം. എങ്കിലും, രണ്ടു യോഗ്യതകളും ഉണ്ടെന്നു സമ്മതിക്കപ്പെടുന്ന വിഷയങ്ങൾ ഒന്നിലധികം ഉള്ളതുകൊണ്ട് അവയ്ക്കു് ആപേക്ഷികമായൊരു മുറവന്നുകൂട്ടുന്നതിൽ ഭാഷയ്ക്കു ഏതു സ്ഥാനം കല്പിക്കാം എന്നത്രെ ഇപ്പോഴത്തെ അന്വേഷണം. "എണ്ണുമെഴുത്തും കണ്ണെനത്തകും" (കണക്കും ഭാഷയും കണ്ണുകളെന്നു പറയാവുന്നതാണ്), "എണ്ണെൻപ വേനൈയെഴുത്തെൻപവിവ്വിരണ്ടും കണ്ണെൻപവാഴുമുയിക്കു" (പ്രത്യേകംപ്രത്യേകം കണക്കെന്നും ഭാഷയെന്നും പറയും, എങ്കിലും ഇവരണ്ടും ക്ഷേമേച്ഛുക്കൾക്കു കണ്ണുകളെപ്പോലെയാകുന്നു) ഇത്യാദി ദ്രവിഡശ്രുതികളെ പുരസ്കരിച്ചു് ഭാഷയ്ക്കു് ദ്വിതീയസ്ഥാനം നല്കുന്നവർഒട്ടധികമുണ്ടു്. എന്നാൽ, 'എൺ' എന്ന പദത്തിനു് 'എണ്ണുന്നതു്' 'ചിന്തിക്കുന്നതു്' എന്നർത്ഥംപറയുകയും ഉദ്ധരിക്കപ്പെട്ട ദ്രവിഡവാക്യങ്ങളിൽ ചിന്താശക്തിയേയും സംഭാഷണശക്തിയേയുമല്ലാതെ കണക്കിനെ ഉൾപ്പെടുത്തീട്ടേയില്ല എന്നു വാദിക്കയും ചെയ്യുന്നവരും ഇല്ലെന്നില്ല. ആചാര്യമതം അനുസരിക്കുന്ന യാഥാസ്ഥിതികന്മാരുടെ നില ഇപ്രകാരമിരിക്കെ, പരിഷ്കാരേച്ഛുക്കളായ ഉൽപതിഷ്ണുക്കളുടെ ഗതിയെ ഒന്നു പരിശോധിക്കാം.

ജീവിതരംഗത്തിലെ സമസൃഷ്ടങ്ങളുമായി സുഖപ്രദബന്ധങ്ങളിൽ ബുദ്ധിപൂർവ്വം ഏർപ്പെടുന്നതിനുള്ള ഒരുക്കമാണ് വിദ്യാഭ്യാസം—അല്ലെങ്കിൽ ശിക്ഷ. ഈ ബന്ധങ്ങൾ ഉചിതവും ഫലഭൂയിഷ്ഠവും പര്യാപ്തവുമായിരുന്നാൽ മാത്രമേ

സുഖപ്രദമാവൂ. ബന്ധങ്ങൾ ആശാസ്യമാതൃകയിൽ ഭവിക്കണമെങ്കിൽ, ഭാഗഭാക്കുകൾ പരസ്പരം ഇങ്ഗിതങ്ങളെ അറിയുകയും അറിയിക്കയും ചെയ്യല്ലാതെ സാധ്യമല്ലല്ലോ. വിജ്ഞാപനവും, അധിഗമനവും ഭാഷയുടെഅഭാവത്തിൽ എങ്ങനെ നടക്കും? വേണ്ടിവന്നാൽ വിളക്കും കത്തിച്ച് കൊഞ്ഞനംകുത്തുകയോ? മാതൃകാസാധനങ്ങളെ ചുമടു കെട്ടി തലയിൽ താങ്ങിനടക്കുകയോ? തൂലികകളും വർണ്ണപേടകങ്ങളും കടലാസുകളും ഏന്തികൊണ്ടു പോകുകയോ? ആങ്ഗ്യം, സാധനപ്രദർശനം, ചിത്രണം ഇവയേ അപേക്ഷിച്ച് ഏതുസമയത്തും ഉപകരണാപേക്ഷ കൂടാതെ ആവശ്യം സാധിക്കാൻ ഉതകുന്നതും, സാമുദായികജീവിതവിശേഷംമൂലം എളുപ്പം വശമാായുരുന്നതും ആകയാൽ, ഏററവും സ്വീകാര്യമായിരിക്കുന്നത് വാച്യഭാഷയത്രെ. അതുകൊണ്ട് ജീവിതലക്ഷ്യമായ സുഖം നേടുന്നതിനുവേണ്ടി ഇങ്ഗിതങ്ങളെ അറിയുകയും അറിയിക്കുകയും ചെയ്യുന്നവക്ക് ഉത്തമബന്ധുവായി നിൽക്കുന്ന(വാച്യ)ഭാഷയ്ക്കുതന്നെ പാഠശാലയിൽ അഗ്രതാംബൂലം; മററു വല്ലസ്ഥലത്തും കണക്കിനു കിട്ടുമെങ്കിൽ വാങ്ങിച്ചുകൊള്ളട്ടെ. ഭാഷയുടെ സഹായം കൂടാതെ കണക്കുതന്നെ എങ്ങനെ പഠിക്കാം? എന്നാണ് ഉൽപതിഷ്ണുക്കളുടെ പോക്ക്.

ഭാഷയുടെ അപരിത്യാജ്യത, നിസ്തർക്കവിഷയമത്രെ എന്നാൽ കണക്കുകൂടാതെ ജീവിതലക്ഷ്യമായ സുഖപ്രാപ്തിയും സാധ്യമല്ല. "സർവം അതിമാത്രം ദോഷായ" എന്ന ഉത്തമോപദേശംതന്നെ എവിടെയും കണക്കുനോക്കേണ്ടത് ആവശ്യമാണെന്നു കാണിക്കുന്നുണ്ടല്ലോ. "ആററിൽ കളഞ്ഞാലും അളന്നേകളയാവൂ" എന്നല്ലേ പഴമൊഴിയും. ഏതുതൊഴിലിൽ ഏർപ്പെട്ടിരുന്നാലും വരവിനുതക്കവണ്ണം

കണക്കുനോക്കി ചെലവിനെ ക്രമപ്പെടുത്താഞ്ഞാൽ ജീവിതം നരകവാസംതന്നെ എന്നു് എത്ര ജീവന്മാതൃകകളാണു് നമുക്കു് പ്രത്യക്ഷപ്പെടുന്നതു്. അതുകൊണ്ടു് ഒരവസരത്തിലും കണക്കും ഒഴിക്കാവുന്നതല്ല. ഇക്കാരണങ്ങളാൽ വിദുഷീമണിയായ ഔവ്വയും ദ്രാവിഡവേദദാതാവായ തിരുവള്ളുവരും അരുളിച്ചെയ്തിരിക്കുന്നതുപോലെ കണക്കിനും ഭാഷയ്ക്കും തുല്യസ്ഥാനങ്ങൾതന്നെ കല്പിക്കേണ്ടതാണു്. കണ്ണുകളിൽ ഒന്നിനൊന്നു ശ്രേഷ്ഠതരമല്ലായ്കയാൽ ഭാഷയ്ക്കും കണക്കിനും പ്രഥമസ്ഥാനംതന്നെ. മററു വിഷയങ്ങൾ ഇവയ്ക്കപ്പുറം നില്ക്കുന്നവതന്നെ.

൪. **ഭാഷാധ്യാപനലക്ഷ്യം**—രക്ഷകർത്താവു് സ്വന്തം വാത്സല്യഭാജനത്തെ അധ്യാപകനോ ഏല്പിക്കുന്നതെന്തിനാണു്? "ഇവൻെറ കണ്ണുതുറന്നുവിടണേ"! എന്നു് രക്ഷകർത്താക്കന്മാർ പലപ്പോഴും അശ്രുപൂർവ്വം അപേക്ഷിക്കാറുമുണ്ടു്. സർവ്വസ്വത്തിലും വിശിഷ്ടതരമായി ഗണിക്കപ്പെടുന്ന സന്താനത്തെ പകൽ അല്പനേരമെങ്കിലും പിരിയേണ്ടിവരുന്നതോർത്തുണ്ടാകുന്ന സങ്കടം അശ്രുധാരകൊണ്ടു വെളിപ്പെടുന്നുണ്ടെങ്കിലും അതിനേയും സഹിച്ചുംകൊണ്ടാണു് സ്വന്തം അപേക്ഷയെ അവർ അധ്യാപകനെ ധരിപ്പിക്കുന്നതു്. എന്തൊന്നു പ്രതീക്ഷിച്ചിട്ടു് അവർ അങ്ങനെ ചെയ്യുന്നു? നിശ്ചിതപാഠപുസ്തകത്തിൽ കണ്ണോടിച്ചു് അക്ഷരങ്ങളേയോ പദങ്ങളേയോ ഉച്ചരിപ്പിക്കണമെന്നോ, പരിശോധകന്മാരുടെ മുമ്പിൽ കഠിനപദങ്ങളുടെ പര്യായശബ്ദങ്ങളെ വമിപ്പിക്കണമെന്നോ, കണ്ടിട്ടില്ലാത്ത വസ്തുക്കളുടേയോ സ്ഥലങ്ങളുടേയോ വിവരണങ്ങൾ സമർപ്പിക്കണമെന്നോ, അതും ഇതും കൂട്ടി

മൂന്നാമതൊന്നിനെ കുറച്ച് മറെറാന്നുകൊണ്ട് ഗുണിച്ച് വല്ലതുമൊന്നുകൊണ്ടു ഹരിച്ച് ഉത്തരം കാണിക്കണമെന്നോ അല്ല അവർ കരുതുന്നതു്. ഇതെല്ലാം ബാലന്മാരെ, അഥവാ നാട്ടിന്റെ നന്മയ്ക്കു് വിളനിലമാവേണ്ട ഭാവി പൌരന്മാരെ, സ്വയം പ്രവൎത്തനശക്തിയില്ലാത്ത സ്വന ഗ്രാഹികളാക്കിത്തീൎക്കുകയത്രെ. ഇപ്രകാരം ചെയ്യപ്പെടുന്ന അധ്യാപനം വിശ്വാസവഞ്ചനയുടെ രൂപഭേദമല്ലേ? 'പുളിയുടെ ചുവട്ടിൽ നിന്നുമാത്രം നക്ഷത്രം' കണ്ടാൽപോരാ. ഭാവിജീവിതത്തിൽ പുളി അവരെ അനുഗമിക്കുന്നതുമല്ല. "ഇവന്റെ കണ്ണു തുറന്നുവിടണേ!" എന്നല്ലായിരുന്നോ അപേക്ഷ. ഈ വ്യവസ്ഥയിന്മേലല്ലേ രക്ഷകൎത്താവു് കുഞ്ഞിന്റെ വേർപാടു സഹിക്കാൻ സമ്മതിച്ചതു്? കണ്ണു തുറന്നാൽ ഏതവസരത്തിലും താൻതന്നെ എല്ലാം കാണേണ്ടതല്ലയോ? 'ആനകണ്ട കുരുട'ന്മാരെപ്പോലെആരെങ്കിലും കൈക്കുപിടിച്ചു തൊട്ടുവിയ്ക്കുമ്പോൾമാത്രം ആന മുറമ്പോലെയിരിക്കുന്നു; ചൂലുപോലെയിരിക്കുന്നു; ഉലക്കപോലെയിരിക്കുന്നു; ഉരലുപോലെയിരിക്കുന്നു എന്നു ജല്പിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളതു്? പാഠശാലവിട്ടു വെളിയിലിറങ്ങിയാൽ സ്വന്തം ചക്രവാളവൃത്തത്തിനകത്തുള്ള ഏതിനേയും ഉള്ളവണ്ണം അറിയുന്നതിനും അവയുമായി സുഖപ്രദബന്ധങ്ങളിൽ ഏൎപ്പെടുന്നതിനും ശിഷ്യനെ ശക്തനാക്കുകയാണു് അധ്യാപകന്റെ ധൎമ്മമായ് ഗണിക്കപ്പെടുന്നതു്. ഇതിനെയത്രെ പലവിധത്തിൽ ലോകമൊട്ടുക്കുള്ള അധ്യാപകവിദഗ്ദ്ധന്മാരും നമ്മെ ധരിപ്പിക്കുന്നതും. അവരുടെ അഭിപ്രായമെല്ലാം ശക്തിവികസനം എന്ന ഒന്നിനെത്തന്നെ പ്രതിധ്വനിപ്പിക്കുന്നു. കച്ചവടക്കാരനോ, കൃഷകനോ, ഉദ്യോഗസ്ഥനോ, കൂലിക്കാരനോ ഒന്നുപോലെ തന്റെ കുഞ്ഞിനു ലഭിക്കണമെന്നാഗ്രഹി

കുന്ന മറെറന്താണുള്ളതു്? ഈ ശക്തിവികസനം, ശിക്ഷയുടെ പ്രഥമോദ്ദേശമാണു്; ഇതു് ലൌകികവിജയോന്മുഖിയായ പ്രായോഗികബുദ്ധി, സഹൃദയവികാസകമായ വ്യുല്പത്തി, സന്മാർഗ്ഗജീവിതജന്യമായ ആത്മശാന്തി ഇവയെ പൊറവവളർത്തുന്ന മാതാവായും പരിലസിക്കണം. ഇതത്രേ ശിക്ഷാകാര്യംകൊണ്ടു സാധിക്കേണ്ടതു്.

ഭാഷാദ്ധ്യാപനം ശിക്ഷാകാര്യത്തിൽ ഒരംശമാകയാൽ ഭാഷാദ്ധ്യാപകൻെറ ലക്ഷ്യവും പൊതുലക്ഷ്യത്തിനടങ്ങി സഹകരിക്കുന്നതായിരിക്കണം. ലക്ഷ്യം തന്നെ എവിടെയും മാർഗ്ഗനിയാമകമാകയാൽ സ്വന്തംലക്ഷ്യത്തെ സുവ്യക്തമാക്കിക്കൊള്ളേണ്ടതു് ഏതദ്ധ്യാപകൻെറയും ചുമതലയാണു് എന്നു പറയേണ്ടതില്ല. അതുകൊണ്ടു് ഭാഷാദ്ധ്യാപനലക്ഷ്യം ഇന്നതാണെന്നു് നിർണ്ണയിക്കേണ്ടതായിരുന്നു. ആശയവാഹകമായ ശബ്ദസമുച്ചയം ഭാഷ എന്നു് നാം കണ്ടുവല്ലോ. ആ നിർവ്വചനത്തിൽനിന്നുനോക്കുകയാണെങ്കിൽ അന്തർഗ്ഗതവിനിമയപാടവമത്രെ ലക്ഷ്യമായ്തീരുന്നതു്. മനോഗതങ്ങളെ യഥാർത്ഥമായ് പ്രതിബിംബിച്ച് ഇന്ദ്രിയങ്ങൾക്കു ഗോചരമാക്കുന്നതിനും അപ്രകാരം ഗോചരമാക്കപ്പെടുന്നവയെ അതേപ്രകാരം ഗ്രഹിക്കുന്നതിനും വേണ്ട ഭാഷാസാമർത്ഥ്യത്തെ ഇവിടെ അന്തർഗ്ഗതവിനിമയപാടവം എന്നു് വിവക്ഷിച്ചിരിക്കുന്നു. അന്തർഗ്ഗതയഥാർത്ഥപ്രതിബിംബകങ്ങളായ ശബ്ദങ്ങളേയും രൂപങ്ങളേയും അതായതു്, വാമൊഴിയേയും വരമൊഴിയേയും യഥാവിധി കൈയ്യാളിക്കുന്നതിനുള്ള നൈപുണ്യമാണു് ശിഷ്യർക്കുവരേണ്ടതു് എന്നു് ഭാഷാദ്ധ്യാപകന്മാർ സദാ ഓർമ്മിക്കണം. ഈ നൈപുണ്യത്തിൽ അന്തർഭവിക്കുന്ന പ്രധാനസംഗതികളെ ചുവടെ കുറിയ്ക്കാം.

(a) വാമൊഴിയിൽ—(ക) പരിചിതവിഷയങ്ങളെ സംബന്ധിച്ച്, ശരിയായും മിതമായും, സുവ്യക്തമായുംചോദ്യങ്ങൾക്കു ഉത്തരം പറയുക, (ഖ) ജനസാമാന്യത്തിൻെറ ശ്രദ്ധയെ ആകർഷിക്കുന്ന വിഷയങ്ങളെപ്പററി വിവരമായ അറിവു ശേഖരിച്ച് ക്രമപ്പെടുത്തി വാദപ്രതിവാദം നടത്തുക, (ഗ) സജ്ജമാക്കപ്പെട്ട വിവരങ്ങളെ വിഷയഗൗരവത്തിനോ പ്രവചനത്തിനോ ന്യൂനതപററാതെ ശ്രോതാക്കളെ ധരിപ്പിക്കുക, (ഘ) വ്യതിയാനമോ അവജ്ഞയെയോ വരാതെ ക്ലിപ്തവിഷയത്തിന്മേൽ സ്വന്തം അഭിപ്രായം സ്ഥാപിക്കുക, (ങ) (നേതൃത്വാകാംക്ഷികൾ) പ്രചലനപ്രമാണങ്ങൾക്കു വൈകല്യം ഭവിക്കാതെ മഹാസമ്മേളനങ്ങളിൽ പ്രഭാഷണങ്ങൾ നടത്തുക, (ച) കവിഹൃദയം ശ്രോതാക്കൾക്ക് വ്യക്തമാകത്തക്കവണ്ണം ഉത്തമഗ്രന്ഥങ്ങൾ വായിച്ചു കേൾപ്പിക്കുക, മുതലായ കാൎയ്യങ്ങൾ പരിപൂൎണ്ണജീവിതത്തിന് അത്യാവശ്യമാകയാൽ, ഇവയെല്ലാം അടിപ്പടയായി ഉച്ചാരണശുദ്ധി, ശബ്ദവ്യക്തി, സ്വാഭാവികധ്വനി, സഭ്യശൈലി; അൎത്ഥപ്രസന്നത, ധാരാവാഹിത്വം എന്നിവയെ പ്രാഥമികപാഠശാലയിൽ വച്ചുതന്നെ സമ്പാദിച്ചു തുടങ്ങേണ്ടതാണ്.

(b) വരമൊഴിയിൽ—(ക) ആചാരമനുസരിച്ചുള്ള വിനയക്രമത്തിന് ലോപംവരാതെ 'അസ്സലാ'യിട്ടുതന്നെഒരു ലേഖനം സന്ദർഭോചിതം എഴുതിത്തീക്കുക, (ഖ) പരിചിതവിഷയത്തെപ്പററി വ്യക്തവാചിയായഒന്നോഅധികമോ ഖണ്ഡികകൾ സന്ധാനഭംഗംകൂടാതെ എഴുതിയുണ്ടാക്കുക, (ഗ) ഒരുപന്യാസത്തിൻെറയോ ഗ്രന്ഥത്തിൻെറയോ അപഗ്രഥിതസംക്ഷിപ്തമോ അത്തരം സംക്ഷിപ്തത്തിൻെറ വിവരണമോ തയാറാക്കുക, (ഘ) പ്രതിപത്തിയുള്ള വിഷ

യത്തെപ്പററി രസകരമായ ലേഖനമോ ഉപന്യാസമോ രൂപാവത്കരിക്കുക, (൫) കഥനിൎമ്മിക്കുക, ഇത്യാദികാൎയ്യങ്ങളെ ഉദ്ദേശിച്ച് അക്ഷരപ്പിഴകൂടാതെ നല്ലകൈപ്പടയിൽ വൃത്തിയായ് ഭാഷാശാസ്ത്രനിയമങ്ങളനുസരിച്ച് എഴുതിത്തുടങ്ങേണ്ടതും പ്രാഥമികപാഠശാലയിൽ വച്ചുതന്നെ.

(c) ഗ്രന്ഥപരിശീലനം—ഇവയെല്ലാം അന്തൎഗ്ഗതവിജ്ഞാപനപ്രയത്നത്തെ പരാമൎശിക്കുന്നതേയുള്ളു. ആശയസംഗ്രാഹകവും ഭാഷതന്നെയാകയാൽ ആ പ്രയത്നത്തിൽ പ്രധാനമായ ഗ്രന്ഥപരിശീലനത്തെപ്പററിയും ഏതാനും സംഗതികൾ ഇവിടെ ഓൎമ്മിപ്പിക്കേണ്ടതുണ്ട്. (൧) പല ഉദ്ദേശങ്ങളോടുകൂടി പ്രതിദിനം അഭിനവങ്ങളായ് പ്രസിദ്ധീകരിക്കപ്പെടുന്ന അസംഖ്യം പുസ്തകങ്ങളുള്ള ഇക്കാലത്തിൽ വിവേകപൂൎവ്വം നല്ലഗ്രന്ഥങ്ങളെമാത്രം തിരഞ്ഞെടുത്ത്, അറിവും, സുഖവും സമ്പാദിക്കുക, (൨) ഏതെങ്കിലും ഒരു ഉത്തമകവിയുടെ കൃതികളെ എല്ലാം കൂലംകഷമായ് ഗ്രഹിച്ച് അന്നും ഇന്നും അവയുടെ സ്ഥിരപ്രതിഷ്ഠയ്ക്കുള്ള കാരണങ്ങളെ നിൎണ്ണയിക്കുക, (൩) വിവിധപ്രബന്ധങ്ങളുമായ് പരിചയപ്പെടുക, (൪) സാരംമാത്രം ഗ്രഹിക്കാനായ് ത്വരിതവായനയും, വാച്യവ്യംഗ്യാൎത്ഥങ്ങളെ ധരിക്കാനായ് അവധാനപൂൎവ്വവായനയും, സ്വാദ്ധ്യായപ്രയത്നത്തിൽ സന്ദേഹനിവൃത്തിയും ജ്ഞാനാഭിവൃദ്ധിയും വരുത്തുന്നതിന് ഗുരുക്കന്മാരെപ്പോലെ ഉപകരിക്കുന്ന ദീപികാഗ്രന്ഥവായനയും ശീലിക്കുക. (൫) സാരമായവയേ ചൎച്ച ചെയ്യുക. (൬) സങ്കല്പദ്വാരാ, കവിഹൃദയത്തിൽപ്രവേശിച്ച് സ്വാനുഭവംകൊണ്ട് കവിതയെ വ്യാഖ്യാനിക്കുക, എന്നിവയെല്ലാം അസ്ഥിവാരമായ സാഹിത്യാഭിരുചിയും പ്രാഥമികാദ്ധ്യാപകന്മാർതന്നെ ഉത്ഭവിപ്പിക്കേണ്ടതാകുന്നു. അ

ത്ഥഗ്രഹണമാണ് വായനയുടെ പരമോദ്ദേശം എന്ന വസ്തുത അവർ ഒരിക്കലും മറക്കരുത്.

ഡി. നാലാംക്ലാസ്സ് പാഠപദ്ധതി—ഇത മാത്രം വിപുലമായലക്ഷ്യം, പ്രാഥമികശിക്ഷാമന്ദിരത്തിലടങ്ങുമെന്നു വിചാരിച്ചല്ല ഇവിടെ ഉദ്ധരിക്കപ്പെട്ടതു്. പ്രാഥമികപാഠശാലയുടെ ഉദ്ദേശം ഇപ്പറഞ്ഞവയിലടങ്ങിയതും ഇവയ്ക്കു യോജിയ്ക്കുന്നതുമായിരിക്കേണ്ടതാകയാൽ, അതറിയുന്നതിനായിട്ടുമാത്രമെ മേൽ പറയപ്പെട്ടവയേ ഉപയോഗപ്പെടുത്തേണ്ടു. നാലാംക്ലാസു ജയിച്ചുപോകുന്ന അധ്യേതാവിന്റെ ഭാഷാജ്ഞാനം ചുവടെ കുറിയ്ക്കുന്ന മട്ടിലായിരിക്കണമെന്ന് പാഠപദ്ധതി നവീകരണയോഗക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

ഏ വായന—“ഉപയോഗിക്കപ്പെടുന്ന പാഠപുസ്തകത്തിൽ നിന്നോ, അതിലധികം പ്രയാസമില്ലാത്ത ഒരു പുസ്തകത്തിൽനിന്നോ ഏതുഭാഗവും തെററുകൂടാതെ വായിക്കുക; പാഠങ്ങളിൽകാണുന്ന വാക്കുകളുടേയും വാക്യങ്ങളുടേയും അത്ഥത്തെ വിവരിക്കുക; വിഷയത്തെ സംബന്ധിച്ച് ചോദ്യങ്ങൾക്ക് ഉത്തരം പറയുക; കൈയ്യെഴുത്തിൽ വിശദമായ് എഴുതപ്പെട്ടിട്ടുള്ള ഒരു ആധാരമോ എഴുത്തോ വായിക്കാൻ കഴിയുക; കൎമ്മത്തേയും, ആഖ്യ, ആഖ്യാതം, കൎമ്മം ഇവയെ വിശേഷിപ്പിക്കുന്ന പദങ്ങളെയും ചൂണ്ടിക്കാണിച്ച് ഒരു ചൂൎണ്ണികയുടെരൂപീകരണംസംബന്ധിച്ച പഠിത്തത്തെ പൂൎത്തിയാക്കുക; നാമങ്ങൾ, സൎവ്വനാമങ്ങൾ കൃതികൾ ഇവയെ ചൂണ്ടിക്കാണിയ്ക്കാൻകഴിയുക; നാമങ്ങളുടെ ലിംഗവചനങ്ങളും കൃതികളുടെ മൂന്നു കാലങ്ങളും സൂചിപ്പിയ്ക്കാൻ കഴിയുക;

പാഠപുസ്തകത്തിലെ വാക്കുകളെ സ്വന്തവാക്യങ്ങളിൽ ഉപ യോഗിയ്ക്കാൻ കഴിയുക."

(ച) കൈയ്യെഴുത്ത്—"വാധ്യാർ എഴുതിക്കാണിയ്ക്കു ന്നതുപോലെ, സ്ലേററിൽ ഒററ വരികളിൽ എഴുതുക; നിശ്ച യിച്ചിട്ടുള്ള കാപ്പിപ്പുസ്തകത്തിൽ ഇരട്ടവരിയിന്മേൽ പേനയും മഷിയും കൊണ്ടു് എഴുതുക."

(ഛ) പകർത്തിയെഴുത്ത്—"അച്ചടിച്ച പുസ്തകത്തിൽ നിന്നോ കൈയ്യെഴുത്തുപുസ്തകത്തിൽനിന്നോ ഒരു ഭാഗം മഷികൊണ്ടു പകർത്തിയെഴുതുക."

(ര്) കഥനം—"ഉപയോഗിയ്ക്കപ്പെടുന്ന പാഠപുസ്ത കത്തിൽ ഉള്ളതും, ക്ലാസിൽ അർത്ഥം പഠിച്ചിട്ടുള്ളതും വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുള്ളതും ആയ ഗദ്യഭാഗങ്ങളേയും, പദ്യ ഭാഗങ്ങളേയും ഈണത്തിലും,ഉച്ചാരണവ്യക്തിയോടുകൂടിയും ചൊല്ലാൻ കഴിയുക" (ആകപ്പാടെ നൂറ്റി... വരിയിൽ കവിയാതെ പഠിച്ചിരിയ്ക്കണം)

(ഝ) രചന—"ക്ലാസിൽ വായിച്ചുകേൾപ്പിയ്ക്കപ്പെടു ന്ന കഥകൾ വാക്കാൽ പറയുകയും എഴുതുകയും ചെയ്യുന്ന തിനും ഒരു ലഘുവായ എഴുത്തു എഴുതുന്നതിനും, ആവശ്യമു ള്ള എല്ലാ മുറകളോടും കൂടി ഒരു അപേക്ഷ എഴുതുന്നതി നും, അഞ്ചലിൽ അയയ്ക്കാൻ ഒരു എഴുത്തിനു് ശരിയായ് മേൽവിലാസം എഴുതുന്നതിനും, കുട്ടികൾ കണ്ടോ വായിച്ചോ അറിഞ്ഞിട്ടുള്ള വല്ല മൃഗത്തിൻെറയോ ചെടിയുടെയോ ലഘുവായ വിവരണം എഴുതുന്നതിനും കഴി യുക."

(ഞ) കേട്ടെഴുത്ത്—"വായിച്ച പാഠങ്ങളിൽനിന്നു്

ഗദ്യഭാഗങ്ങളും മററു പുസ്തകങ്ങളിൽനിന്ന് അതിലധികം പ്രയാസമില്ലാത്ത ഭാഗങ്ങളും കേട്ടെഴുതുക."

ഭാഷാധ്യാപനത്തിന്റെ ആകെയുള്ള ലക്ഷ്യത്തോടു മിക്കവാറും യോജിച്ചാണ് ഈ പാഠപദ്ധതി രൂപീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. ഇതനുസരിച്ച് ബോധനം തൃപ്തികരമായി നടന്നാൽ നാലാംക്ലാസ്സ് ജയിച്ചുപോകുന്ന ഒരു വിദ്യാത്ഥിയ്ക്ക് ഉച്ചാരണശുദ്ധി, ശബ്ദവ്യക്തി, അത്ഥഗ്രഹണം, സ്വാഭാവികധ്വനി, ശബ്ദനിയന്ത്രണശക്തി, ധാരാവാഹിത്വം, സംഗീതവാസന, മനഃപൂവ്വശ്രദ്ധ, അവലോകനശക്തി, വിവേചനശക്തി, ധാരണാശക്തി, ഭാവനാശക്തി, എന്നിവ പ്രായത്തിനുതക്കവണ്ണം ഉണ്ടായിരിക്കണം. കൈപ്പടയും സാമാന്യം നന്നായിരിയ്ക്കണം എന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. അവന്റെ ഭാഷ, പ്രധാനവ്യാകരണനിയമങ്ങളെ ലംഘിക്കയുമരുതു്. ചുരുക്കിപ്പറഞ്ഞാൽ,മനുഷ്യജീവിതത്തിൽ ഭാഷാസംബന്ധമായുള്ള എല്ലാവിധവികസനവും പ്രാഥമികപാഠശാലയിൽ വച്ചുതന്നെ ആരംഭിയ്ക്കണമെന്നാണ് ഉദ്ദേശം. എണ്ണത്തിൽ ഒന്ന് കുറഞ്ഞാൽ വിദ്യാത്ഥികഴിച്ച ശിക്ഷയ്ക്കു പൂണ്ണത്വമില്ലെന്നാണ് അഭിപ്രായം.

൩. **ഭാഷാധ്യാപകൻ**—കാൎയ്യ ഗൗരവം ഇപ്രകാരമിരിയ്ക്കുന്നു. കൃത്യവൈശിഷ്ട്യം കത്താവിന്റെ യോഗ്യതയനുസരിച്ചിരിയ്ക്കും എന്ന് നിശ്ചയമാണ്. അതുകൊണ്ടു് ഭാഷാധ്യാപകയോഗ്യത ഇവിടെ ഗണനീയമാകുന്നു. പൊതുവേ അധ്യാപകന്ന് അപരിത്യാജ്യമായ കരണപടുത്വത്തിനു പുറമേ ഭാഷ പഠിപ്പിയ്ക്കാനൊരുങ്ങുന്ന ആളിന്ന് മററു ചില പ്രത്യേക യോഗ്യതകളും വേണ്ട

താണ്. പഠിപ്പിയ്ക്കുന്ന വിഷയത്തിൽ പൂർണ്ണമായ അറിവ് സമ്പാദിച്ചിരിയ്ക്കണമെന്ന് എല്ലാവരും സമ്മതിയ്ക്കും. എന്നാൽ, ഫിച്ച് എന്ന ഗ്രന്ഥകാരൻ പറയുന്നതുപോലെ പ്രതിപാദ്യവിഷയത്തിലും, സംബന്ധപ്പെട്ടതിലും, പരിതസ്ഥിതങ്ങളിലും ജ്ഞാനസജ്ജത വേണമെന്ന് ചുരുക്കം പേരേ ധരിച്ചുകാണും.

പ്രത്യേക യോഗ്യതകൾ—(a) ദ്രവിഡസംസ്കൃതഭാഷാജ്ഞാനം. മലയാളത്തിൻെറസ്വരൂപം, ഘടന, ധാതുക്കൾ, ധാതുക്കളുടെ ശക്തികൾ എന്നിവയെപ്പററിയുള്ള അറിവു കൂടാതെ അദ്ധ്യാപനം തൃപ്തികരമാകുന്നതല്ലായ്കയാൽ തമിഴിലും, ബാഹ്യഭൂഷണാദികളുടെ ഉപയോഗവും ഔചിത്യവും ഗ്രഹിച്ചിരിയ്ക്കേണ്ടതാകയാൽ സംസ്കൃതത്തിലും പര്യാപ്തമായ പാണ്ഡിത്യം സമ്പാദിച്ചേ മതിയാവൂ "സംസ്കൃതഹിമഗിരിഗളിതാ"എന്നു പറയുമാറ് ഒരു വൈയ്യാകരണനെപ്പോലും തെററിച്ച കൈരളിയെ കൈയ്യാളിയ്ക്കാൻ ആര്യഭാഷാപാണ്ഡിത്യം മാത്രം മതിയാകുമെന്നുണ്ടായിരുന്ന മിഥ്യാബോധം ഈശ്വരാധീനംകൊണ്ട് മിക്കവാറും മാറിപ്പോയി എന്നു വരുകിലും, ഭാഷാദ്ധ്യാപകന്ന് സംസ്കൃതജ്ഞാനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുതന്നെ. അതിലും അധികം ആവശ്യം ദ്രവിഡഭാഷാജ്ഞാനമാണ്. "കളിച്ചുവില്ലൊലിവളത്തിനാനപ്പോൾ" എന്നും മററും എഴുത്തച്ഛനോ ഇതരകവികളോ പ്രയോഗിച്ചിരിയ്ക്കുന്നവയുടെ സ്വാരസ്യം ദ്രവിഡവാണിയിൽ കൂടിയല്ലാതെ വെളിവാകുമെന്നു തോന്നുന്നില്ല; രാമചരിതം മുതലായ പുരാതനകാവ്യസമ്പത്തുകൾ ഉപയോഗശൂന്യമായിപ്പോകയും ചെയ്യും. 'ചില വഴിയ്ക്കുക' മുതലായ വികൃതപ്രയോഗങ്ങൾ ക്രമേണ വളൎന്നു നമ്മുടെ ഭാഷയെ മലിനപ്പെടുത്തിക്കൊണ്ടിരിയ്ക്കുന്നതുമാ

ണ്. തമിഴറിയാത്തവരുടെ വാമൊഴിയിലും വരമൊഴിയിലും വന്നുകൂടുന്ന പ്രമാദങ്ങൾ നിമിത്തം ഭാഷാശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ കൈരളിയ്ക്കു ശുദ്ധമില്ലെന്നുംവരാം. ഈ പരിതാപകരമായ ന്യൂനതയെ അധ്യാപകന്മാർതന്നെ, പരിഹരിയ്ക്കേണ്ടതല്ലേ?

(b) സാഹിത്യാഭിനിവേശം—വികാരബാധിതമനുഷ്യവിജ്ഞാനീയമാണല്ലോ സാഹിത്യം. അതിൽ, പ്രകൃതിയുടെ നാനാവിലാസങ്ങളും പ്രതിബിംബിക്കുന്നു. ലോകവ്യാപാരം മുഴുവനും അതിലെ വിഷയങ്ങളാണ്. അവയുടെ കോമളയാഥാത്മ്യമാണ് നമ്മെ ആഹ്ലാദഭരിതരാക്കുന്നതു് അതുകൊണ്ടു് ചേതസ്സമാകർഷകങ്ങളായ കൃതികളെ വായിക്കുമ്പോൾ കവിഹൃദയത്തിൽ മുങ്ങി സഹൃദയവികാസം ലഭിക്കുന്നതിന്ന് സാഹിത്യാഭിനിവേശം അത്യാവശ്യമായിരിക്കുന്നു. ശിഷ്യന്മാർക്കുണ്ടാകേണ്ട ഈ ഗുണം അധ്യാപകന്നുണ്ടായിരിക്കണമെന്നു പറയേണ്ടതില്ല. "താനുണ്ണാത്തേവരോ വരംകൊടുപ്പൂ." ആജീവനാന്തം ഗ്രന്ഥപരിശീലനം നടക്കാഞ്ഞാൽ, നൂതനാശയങ്ങൾ ഉള്ളിൽ പ്രവേശിച്ചു പ്രവർത്തിക്കുന്ന സമ്പ്രദായംപോലും മറന്നുപോകാനിടയാകുമെന്നാണ് ബുധജനാഭിപ്രായം. അങ്ങനെയായാൽ ശിഷ്യന്മാരുടെ ഉള്ളിൽ നൂതനാശയങ്ങളെ പ്രവേശിപ്പിച്ചു പ്രവർത്തിപ്പിക്കേണ്ട അധ്യാപകൻ, സ്വധർമ്മത്തെ തൃപ്തികരമാംവണ്ണം എങ്ങനെ നിർവഹിക്കും. 'ഗ്രന്ഥവായനയ്ക്കു ശക്തിയില്ലാതെ വരുന്നദിവസം, ഞാൻ അധ്യാപകവൃത്തി മതിയാക്കും' എന്നു പറഞ്ഞ ഒരു ഗുരുവരൻെറ കഥ ഇവിടെ സ്മരണീയമാണ്.

(c) ജ്ഞാനപ്രത്യേകത—ഒരു കവിയുടെയോ, ഒരു ജാതിയിലെയോ, ഒരു കാലത്തിലെയോ അശേഷം കൃതിക

ളിലും പ്രത്യേകജ്ഞാനം ഉണ്ടായിരുന്നാലേ സാഹിത്യഗുണ നിർണ്ണയം സാധിക്കൂ. ഇതിനോടുകൂടി സാഹിത്യചരിത്രവും ഭാഷാശാസ്ത്രവും അറിഞ്ഞിരിക്കയും വേണം.

(d) സ്വപ്രത്യയസ്ഥൈര്യം—ഈ യോഗ്യതകാരണം, അധ്യാപകൻ വെറും ഗ്രന്ഥകീടമായ്പ്പോകരുത്. എപ്പോഴും വിമർശനം നടത്തി സ്വാനുഭവത്തിൽകൂടി അന്യാഭിപ്രായങ്ങളെ അരിച്ചെടുത്ത് കാരണസഹിതം സ്ഥിരപ്പെടുത്തിക്കൊള്ളേണ്ടതാണ്. ഇതിൽനിന്നുമത്രേ വിശാലഹൃദയവും നിർമ്മലബുദ്ധിയും സിദ്ധിക്കൂ.

(e) ശബ്ദോൽപാദനപാടവം—പ്രാഥമികപാഠശാലയിലെ അധ്യേതാക്കൾക്ക് ഉച്ചാരണശുദ്ധി വരുത്തിക്കൊടുക്കാനായി പ്രത്യേകശബ്ദങ്ങളെ നിശ്ചിതമാത്രയിൽ ഉത്ഭവിപ്പിക്കുന്നതിനു തന്നത്താൻ ശീലിച്ചുകൊള്ളേണ്ടതാണ്. ചില സന്ദർഭങ്ങളിൽ, പ്രത്യേക വർണ്ണങ്ങളെ ഉച്ചരിക്കാനറിയാത്ത കുഞ്ഞുങ്ങളുടെ നേർക്ക് കല്പാന്തരുദ്രനെപ്പോലെ ചാടിവീഴുന്നതിനുപകരം അധ്യാപകന്മാർ ആ വർണ്ണങ്ങളെ ഉച്ചരിക്കുന്നതിൽ പ്രവർത്തിക്കുന്ന അംഗങ്ങളെയും പ്രവർത്തനരീതിയെയും അവർക്കു മനസ്സിലാക്കിക്കൊടുക്കുമെങ്കിൽ എത്ര എളുപ്പമായും സന്തോഷമായും കാര്യം നടക്കുമായിരുന്നു. ഇതിനോടുകൂടി ശ്വാസാഭ്യസനദ്വാരാ ശബ്ദനിയന്ത്രണവും അധ്യാപകൻ ശീലിക്കേണ്ടതാണ്.

(f) സ്വാഭാവികധ്വനി—വായിക്കയോ, സംസാരിക്കയോ ചെയ്യുന്നത് അനുഭാവത്തിനു യോജിക്കുന്ന ശബ്ദത്തിൽ വേണമെന്ന് പ്രത്യേകം പറയേണ്ടതില്ല. ഒരേ പദം ധ്വനിഭേദത്താൽ അർത്ഥഭേദത്തെ ദ്യോതിപ്പിക്കുന്നതും എല്ലാവരും അറിഞ്ഞ വിഷയമത്രേ. ആശയത്തിനൊത്ത

ശബ്ദം വരുന്നില്ലെങ്കിൽ അർത്ഥബോധത്തിനു വൈകല്യം സംഭവിക്കുന്നതാണ്. അച്ചിലിട്ടു വലിച്ചെടുത്തതുപോലെ ഒരേ ക്രമത്തിൽ പാഠം മുഴുവനും ഉച്ചസ്വരത്തിൽ നമ്മുടെ കുട്ടികൾ വായിച്ചുകാണുന്നതിനു കാരണം അധ്യാപകൻ ഈ വിഷയത്തിൽ ശ്രദ്ധവയ്ക്കായ്കമാത്രമാണ്.

(g) ലോകജ്ഞതയും വാഗ്മിതയും—മററുവിഷയങ്ങൾ പഠിപ്പിക്കുന്നവൎക്ക് ഈ യോഗ്യത ആവശ്യമാണെങ്കിലും ഭാഷാധ്യാപകന്ന് അത്യാവശ്യമാണ്. അധ്യേതാക്കളെ ലോകജീവിതത്തിന്നൊരുക്കുന്ന ഗുരുനാഥന്ന് ലോകജ്ഞത എത്രമാത്രം ആവശ്യമെന്ന് തെളിയിക്കേണ്ടതില്ല. അനുഭാവങ്ങൾ വെളിപ്പെടുന്നതു് വാക്കുവഴിയാകയാൽ, വാഗ്മിതയുടെ കുറവു് ആശയങ്ങളെ യഥാൎത്ഥമായി പ്രതിബിംബിക്കുന്നതിൽ ബാധകമായിത്തീരും. ഭാഷ അച്ഛസ്ഫടികസങ്കാശമായിരിക്കണം. അല്ലാത്തപക്ഷം ആശയപ്രവാഹത്തിനു തടവുപററും. വാഗ്മിത എന്നു പറഞ്ഞിരിക്കുന്നതു് "മിതഞ്ച സാരഞ്ച വചോഹി വാഗ്മിതാ" എന്ന പ്രമാണത്തെത്തുടൎന്നത്രേ; ഝളഝളായമാനമായ വാഗ്ധോരണിയെ ഉദ്ദേശിച്ചല്ല. ഈ യോഗ്യതകളെല്ലാം പരിശ്രമംകൊണ്ടു് എല്ലാവൎക്കും സമ്പാദിക്കത്തക്കവയും പണ്ടുപണ്ടേ പൌരസ്ത്യഗുരുക്കന്മാർ പറഞ്ഞുവന്നിട്ടുള്ളവയുമത്രേ.

൯. അധ്യാപനോദ്യമം

—നിൎവഹിയ്ക്കേണ്ടകാൎയ്യം ഇന്നതാണെന്നും, നിൎവാഹകന്മാരുടെ യോഗ്യത ഇന്നതരത്തിലായിരിക്കണമെന്നും പറഞ്ഞുകഴിഞ്ഞു. ഇനി നിൎവഹണപ്രയത്നത്തെപ്പററി ചിന്തിയ്ക്കുന്നതിനുമമ്പായിട്ടു് അധ്യേതാക്കളെയും, അവരെ ഒരുക്കുന്നതിനേയും

പററി അല്പം പറയേണ്ടിയിരിക്കുന്നു. സാമഗ്രികളുടെ സ്വഭാവവും അവയെ ഉപയോഗയോഗ്യമാക്കിത്തീക്കുന്ന സമ്പ്രദായവും അറിഞ്ഞിരിക്കേണ്ടതു് പ്രവത്തകന്മാക്ക് അത്യാവശ്യമാണല്ലോ. മനുഷ്യജാതിയ്ക്കു് ഇച്ഛാജ്ഞാന ക്രിയാശക്തികൾ സ്വതസ്സിദ്ധങ്ങളാണെങ്കിലും ഇവ യൊന്നും ബാലന്മാരിൽ പ്രബലപ്പെട്ടു കാണുന്നതല്ല. എന്നാൽ അനുഭവരൂപമായ ഗ്രഹണവും അനുകരണജാതമായ ആവിർഭാവവും പ്രത്യക്ഷമാണു്. സാമുദായികജീവിതത്തിന്റെ ഫലമായ് വന്നുകൂടുന്ന ആഗ്രഹവും താൽപര്യവും ഇവയെ പ്രേരിപ്പിക്കുന്നു. സ്വാഭാവികശക്തികൾക്കു പുറമെ, തദ്വാരാ ലഭിച്ച സ്വയാർജ്ജിതങ്ങളേയും കൊണ്ടാണു് ബാലന്മാർ പാഠശാലയിൽ പ്രവേശിക്കുന്നതു്. ഈ സമ്പാദ്യങ്ങളെ പരിശോധിച്ചാൽ ഏതാനും ആശയങ്ങളും പദങ്ങളും കാണാം. കുഞ്ഞുങ്ങളുടെ താൽപര്യം ചില ചില്ലറസംഗതികളിൽ മാത്രം ഉണ്ടാകുന്നതിനാൽ ആശയങ്ങൾ എണ്ണത്തിൽ കുറവായിരിക്കാനേ തരമുള്ളൂ. ആ താൽപര്യം സ്ഥായിയായി നില്ക്കാഴികയാൽ ആശയങ്ങൾ അപൂർണ്ണങ്ങളും അവ്യക്തങ്ങളുമായിരിക്കയും ചെയ്യും. അതുകൊണ്ടു് പദങ്ങളും അധികമൊന്നും കാണുകയില്ല. അത്ഥബോധവും സൂക്ഷ്മമായിരിക്കയില്ല. ഉച്ചാരണമോ മിക്കവാറും അബദ്ധംതന്നെ. ഒടുവിൽ പറഞ്ഞ ന്യൂനതയ്ക്കു രണ്ടുകാരണങ്ങളുണ്ടു്. ശബ്ദോത്പാദനയന്ത്രത്തിലെ വിവിധാംശങ്ങളെ ആവശ്യംപോലെ ചലിപ്പിയ്ക്കാൻ ശക്തിയില്ലായ്മ ഒന്നു്. വാത്സല്യഭാജനത്തിന്റെ അവ്യക്തപ്രലപനങ്ങളെ സ്വീകരിക്കയും അനുകരിക്കയുംചെയ്യുന്ന മാതാപിതാക്കന്മാരുടെ വിക്രിയ മറെറാന്നു്. ഈ ന്യൂനതകൾക്കു പുറമെ ഇനിയും ഒരു വൈഷമ്യം കാണുന്നുണ്ടു്. അന്തഃകരണവ്യാപാരത്തെ നിയന്ത്രിയ്ക്കുന്ന ശരീരസ്ഥിതി, ഗ്രഹ

ത്തിലെ ധനശക്തി, സഹവർത്തികളുടെ മനഃപ്പരിഷ്കാരം, പരിസരങ്ങൾ ഇവയുടെ വൈവിദ്ധ്യംമൂലം "കണ്ടതൊന്നൊത്തതുകോരനാകാ" എന്നമട്ടിൽ കാണുന്ന നാനാത്വം ആരേയും നക്ഷത്രമെണ്ണിയ്ക്കും. അതുകൊണ്ട്, തുംഗരമണീയങ്ങളായ മേലെടുപ്പുകൾ പണികഴിക്കാനൊരുങ്ങുന്നവർ ഈ ന്യൂനതകളെ പരിഹരിച്ച്, സാമൂഹികാദ്ധ്യാപനത്തിന് യോജിയ്ക്കത്തക്കവണ്ണം ബാലന്മാരുടെ മനഃസ്ഥിതിയ്ക്ക് കഴിയുന്നത്ര ഐകരൂപ്യം വരുത്തിട്ടുവേണം ബോധനം ആരംഭിക്കാൻ. ഈ പ്രഥമധർമ്മം ശിഷ്യവർഗ്ഗത്തിന്റെ ആശയങ്ങളേയും പദങ്ങളേയും എണ്ണത്തിൽ വർദ്ധിപ്പിക്കുന്നതിലും ആശയങ്ങളെ സുവ്യക്തപൂർണ്ണങ്ങളും അർത്ഥഗ്രഹണത്തെ സൂക്ഷ്മവും ആക്കുന്നതിലും ഉച്ചാരണത്തിനു ശുദ്ധിയും സ്ഫുടതയും വരുത്തുന്നതിലും അന്തർഭവിക്കുന്നു. ഇതെല്ലാം ഉപദേശംകൊണ്ടു സാധിക്കാവുന്നതാണോ? വായന ഇവരുടെ കാര്യത്തിൽ ഉപയോഗപ്പെടുന്നതുമല്ലല്ലോ. പിന്നെ എങ്ങനെസാധിക്കാം? അപര്യാപ്തമാണെങ്കിലും വിദ്യാർത്ഥികൾകൊണ്ടുവരുന്ന അറിവ്, അവർക്കെങ്ങനെസിദ്ധിച്ചു എന്നോർക്കുക. ഇന്ദ്രിയങ്ങൾക്ക് ഗോചരമായ വസ്തുക്കൾ അവരുടെ ഉള്ളിൽ അനുഭാവങ്ങളെ ഉത്ഭവിപ്പിയ്ക്കുയും ആ അനുഭാവങ്ങൾ ആവിർഭവിയ്ക്കാൻ ശ്രമിക്കയുംചെയ്തിട്ടല്ലേ? അവർക്ക് ഭാഷ വശമായതു് അനുകരണംകൊണ്ടത്രെ. അനുകരണത്തെ പ്രേരിപ്പിച്ചതു് ചുററുമുള്ളവരെപ്പോലെ താനും ഇരിയ്ക്കണമെന്നുള്ള മോഹമാണു്. ഇപ്രകാരം അനുഭാവങ്ങൾക്കു വഴിപ്പെടുന്ന ആന്തരസത്വവും, ആത്മോന്നമനമോഹവും അനുകരണശക്തിയും എല്ലാ ബാലന്മാരിലും കാണുന്നതുകൊണ്ട് നാം ജയിച്ചു. വസ്തുക്കളെ ഇന്ദ്രിയങ്ങൾക്കു വിഷയമാക്കി ആശയങ്ങളെ എണ്ണത്തിൽ വർദ്ധിപ്പിക്കയും ആന്തരസത്വത്തെ വസ്തുക്കളിന്മേൽ പ്രവൃത്തി

പ്പിച്ച് ആശയങ്ങളെ സുവ്യക്തപൂർണ്ണങ്ങളാക്കുകയും ചെയ്യാം. വസ്തുവിനെ സംബന്ധിച്ച് അവർ സംസാരിക്കുന്നതിൽ ദൃഷ്ടിവച്ചാൽ അർത്ഥഗ്രഹണത്തിൽ വല്ലന്യൂനതയും ഉള്ളപക്ഷം അറിയാനും അവരെക്കൊണ്ടുതന്നെ പ്രവർത്തിപ്പിച്ച് അർത്ഥബോധത്തെ ശരിയാക്കാനും സാധിയ്ക്കും. അനുകരണശക്തിയെ പ്രേരിപ്പിച്ച് ഉച്ചാരണശുദ്ധിയും സ്ഫുടതയും വരുത്താം. ആത്മോന്നമനമോഹത്തെ ഉദ്ദീപിപ്പിച്ച് സ്വയം പ്രവർത്തനാസക്തിയെ ജനിപ്പിച്ചു പുലർത്താം. പിന്നെ എന്താണ് നമുക്കുവേണ്ടത്. ഈ വസ്തുതകളെ ആശ്രയിച്ചുതന്നെയാണ്. കിൻഡർഗാർട്ടൻ, മാൺട്ടിസോറി സമ്പ്രദായങ്ങൾ രൂപീകരിച്ചിരിക്കുന്നത്. പ്രകൃതിയെ അനുകരിക്കണം, പ്രവർത്തനമൂലം അഭ്യസനം നടത്തണം എന്നു ലോകമൊട്ടുക്കു ഘോഷിക്കപ്പെടുന്ന അധ്യാപനതത്വങ്ങൾക്ക് ഏററവും യോജിച്ചതാണ് ഇവിടെ പറയപ്പെട്ട രീതി എന്നു സ്പഷ്ടവുമാണല്ലോ. സുപരിചിതത്തിൽനിന്നും അപരിചിതത്തിലേയ്ക്കു് എന്ന അധ്യാപനപ്രമാണത്തെ ആസ്പദമാക്കി മുൻപറഞ്ഞവഴിയ്ക്ക് ഒരുക്കം ആരംഭിയ്ക്കാം? ബാലന്മാർക്ക് പരിചയമുള്ള ഒരു വസ്തുവിനെ അവതരിപ്പിയ്ക്കുക. കണ്ണിനാണ് ഇന്ദ്രിയങ്ങളിൽ പ്രാധാന്യം ലഭിച്ചിരിക്കുന്നത്; വർണ്ണവിശേഷത്തിലാണ് ബാലന്മാർക്കു പക്ഷപാതവും. അതുകൊണ്ട് പ്രധാനജ്ഞാനദ്വാരത്തിൽക്കൂടി ബലാൽ പ്രവേശിക്കുന്ന വർണ്ണവിശിഷ്ടമായിരിക്കണം ആ വസ്തു. അങ്ങനെ ഒരുവസ്തു മുമ്പിൽ അവതരിയ്ക്കുമ്പോൾ ബാലന്മാർക്ക് എന്തെന്നില്ലാത്ത സന്തോഷവും താൽപര്യവും ഉണ്ടാകുന്നു. അതിനാൽ ബാലിശമായ വികീർണ്ണശ്രദ്ധ താല്പര്യശക്തിമൂലം ഏകാഗ്രശ്രദ്ധയായി പരിണമിയ്ക്കുന്നു. താന്താങ്ങൾക്കു തോന്നുന്ന അഭിപ്രായങ്ങളെ മുമ്പിൽക്കൂട്ടി പറഞ്ഞുകീർത്തിനേടാൻ ധൃതിവയ്ക്കുന്നു.

അധ്യാപകൻ ഇവിടെ ഓൎമ്മിക്കേണ്ടതു പ്രസ്തുതവസ്തുവിനെ പ്പററി ചോദിയ്ക്കുന്ന ചോദ്യങ്ങൾക്ക് അടുക്കം സന്ധാനവും ഉണ്ടായിരിക്കണമെന്നത്രേ. എങ്കിലേ അവരുടെ അന്ത ൎവ്യാപാരത്തിനു മുറയും സംബന്ധവും ലഭിയ്ക്കുകയുള്ളൂ. ഓരോ വ്യക്തിയും തന്നാലാകുന്നതു് ഉത്സാഹപൂൎവ്വം പറഞ്ഞുതീൎക്കു മ്പോൾ പലതുള്ളി പെരുവെള്ളം എന്നമാതിരി എല്ലാവരു ടേയും അറിവും ഓരോരുത്തൎക്കും സ്വന്തമായിത്തീരുന്നു. താൽപൎയ്യത്തിനുകുറവുവരാഴികയാൽ മനഃക്ഷീണത്തിനു വ കയുമില്ല. ഇങ്ങനെ ഏതാനും പാഠങ്ങൾ നടത്തുമ്പോൾ ബാലന്മാരിൽ കാണപ്പെട്ടിരുന്ന ന്യൂനതകളശേഷം മാറി അവരുടെ മനസ്ഥിതിക്ക് സാമാന്യം ഐകരൂപ്യവും ഉണ്ടാവുരും. എന്നാൽ, ഈ പാഠങ്ങളെ സാധനപാഠങ്ങ ളായികരുതി അധ്യാപകൻ തയ്യാറാക്കിക്കൊടുക്കുന്ന ചൂൎണ്ണി കകളെ ബാലന്മാരെക്കൊണ്ടു് ഉരുവിടുവിച്ചു നിഷ്പ്രയോജന മാക്കിക്കളയരുതു്. അവരെക്കൊണ്ടു് സംസാരിപ്പിയ്ക്കാൻ എടുത്ത തന്ത്രമത്രേ ഇതു് എന്നു അധ്യാപകൻ മറന്നുപോ കരുതു്. അവരുടെ അന്തൎവ്യാപാരത്തെ നയിപ്പിക്കുവാ നും അതിന്നു് അടുക്കം സന്ധാനവും വരുത്തിക്കൊടുക്കാനും ഉപകരിക്കേണ്ടതാകയാൽ അധ്യാപകന്റെ ചോദ്യങ്ങൾ ഈ ഘട്ടത്തിൽ പ്രധാനസ്ഥാനം അൎഹിക്കുന്നു.

അടുത്തഘട്ടത്തിൽ വസ്തുക്കളെ അവതരിപ്പിച്ചു് അവ രുടെ അന്തൎവ്യാപാരത്തെ ഇളക്കിവിട്ടിട്ടു് സഹപാഠികൾ തമ്മിൽ സംഭാഷണം നടത്തുന്നതുനോക്കിക്കൊണ്ടു് അധ്യാ പകൻ പിന്മാറിനില്ക്കണം; വേണ്ടസമയത്തു് അവരെ സഹായിയ്ക്കുകയും വേണം. ഒരു വസ്തുവിനെപ്പററി അവർ സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അതു് അവരുടെഉള്ളിൽ ഉത്ഭവിപ്പിച്ച ഏതെങ്കിലും ഒരു അനുഭാവത്തെ പ്രതിബിം

ബിയ്ക്കുന്ന പദം അവക്ക് അറിഞ്ഞുകൂടെന്നുവന്നേയ്ക്കാം. ഈ മാതിരി സന്ദർഭങ്ങളിൽ അത്യാവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതു് ഉചിതമാകുന്നു. ഇത്തരം പാഠങ്ങൾക്കു യോജിക്കുന്ന വിഷയങ്ങൾ, അവരുടെ മുമ്പിൽകാണുന്ന സാമാനങ്ങളോ ഗൃഹോപയുക്തസാധനങ്ങളോ വീടുകളിൽ വളർത്തപ്പെടുന്ന ജന്തുക്കളോ ചെടികളോ, ദേശസാധാരണങ്ങളായ കളികളോ പാഠശാലയിലെ ജീവിതക്രമമോ ആയിരിയ്ക്കാം. ഇപ്രകാരം ശീലിപ്പിച്ചാൽ അവലോകനശക്തിയെ വികസിപ്പിയ്ക്കുന്നതിനും അനുഭവങ്ങളെ ക്രമപ്പെടുത്തിവെയ്ക്കുന്നതിനും അഭിപ്രായങ്ങളെ ആവശ്യപ്പെട്ട ഉടനെ പറയുന്നതിനും അവക്ക് സാധിക്കുന്നു; ആശയങ്ങളും പദങ്ങളും എണ്ണത്തിൽ വദ്ധിയ്ക്കുന്നു; വസ്തുവിനോടടുത്തുള്ള, 'പ്രവൎത്തനംമൂലം അഭ്യസന്ന'മാകയാൽ ആശയങ്ങൾ വ്യക്തപൂൎണ്ണങ്ങളാകുന്നു; അൎത്ഥഗ്രഹണം സൂക്ഷ്മമായിത്തീരുന്നു; ഏകാഗ്രശ്രദ്ധബലപ്പെട്ടുവരുന്നു; ഉച്ചാരണം ശുദ്ധവും സ്ഫുടവും ആയ്ത്തുരുന്നു; സംഭാഷണപാടവം ഏറിവരുന്നു; പദങ്ങളെ പ്രയോഗിക്കുന്നതിൽ പരിശീലനവും ലഭിക്കുന്നു. എന്നാൽ പ്രായത്തിനുതക്കവണ്ണമേ ഇവയെല്ലാം സാധിയ്ക്കു എന്നുള്ള വസ്തുത ഗ്രന്ഥകാരൻ വിസ്മരിക്കുന്നില്ല. ഇത്രയുമാകയാൽ ഒരുക്കം തൃപ്തികരമായി എന്നു വിചാരിയ്ക്കാം.

൧. എഴുത്തിനിരുത്തുക--ഒരുകുട്ടിയെ പള്ളിക്കൂടത്തിലേയ്ക്കയച്ചാൽ അവനെ എഴുത്തിനിരുത്തി എന്നാണു് പറയാറുള്ളതു്. അതനുസരിച്ചു് എഴുത്തിനിരുത്തേണ്ട അവസരം ഇപ്പോഴത്രെ വരുന്നതു്. എഴുത്തുതുടങ്ങേണ്ടരീതിയെപ്പററിയും പല അഭിപ്രായങ്ങളുണ്ടു്.

(A) ഉദ്ഗ്രഥനരീതി—വിജയദശമിദിവസം കുളിച്ചു്

കോടിവസ്ത്രംധരിച്ച് ലേപനങ്ങളണിഞ്ഞുവന്ന് കുമ്പിട്ടു നിൽക്കുന്ന കുഞ്ഞിന്റെ കൈയ്യിൽനിന്നും ദക്ഷിണവാങ്ങി യതിൽപ്പിന്നെ മടിയിലിരുത്തി ഏട്ടുകൊട്ടത്തു് "ഹരിശ്രീഗണപതയേനമഃ അ ആ—"എന്നററംവരെ ചൊല്ലിയ്ക്കുന്ന ആശാന്റെവിദ്യാരംഭക്രമത്തെ നാം സ്വീകരിച്ചില്ല. സംഭാഷണത്തിലാണ് നമ്മുടെ വിദ്യാരംഭം. അതത്രേ ഗൃഹജീവിതത്തോടുയോജിയ്ക്കുന്ന പാഠശാലാപ്രവൎത്തനം. പൂൎവരീതിയെ സ്വീകരിച്ചാൽ സ്വാതന്ത്ര്യത്തിന്റെ അവതാരമൂൎത്തികളായ് സഹവൎത്തികളോടുരയാടി നേരംനീക്കിയബാലന്മാരെ കൊണ്ടുവന്ന് ഒരു സ്ഥലത്തു് പ്രതിഷ്ഠിയ്ക്കുയും നിൎഭിന്നവും നിരുന്മേഷവുമായ പ്രവൃത്തിയ്ക്കായ് നിൎബ്ബന്ധിയ്ക്കുയും ചെയ്യുന്നതായാൽ, പാഠശാലയെ കാരാഗൃഹമായ് ഗണിച്ച് ഹാജരാകാൻപോലും അവർ ഭയപ്പെടുകയില്ലേ? അതുകൊണ്ടു് മനശ്ശാസ്ത്രപാരംഗതന്മാരും ബാലപ്രകൃതി പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതനുസരിച്ച് നൂതന രീതിയെ അംഗീകരിക്കേണ്ടിവന്നു. എഴുത്തുതുടങ്ങുന്നതിലും, ആശാന്മാരുടെ സമ്പ്രദായത്തെ ഉപേക്ഷിയ്ക്കാനേ നിവൃത്തിയുള്ളൂ. അതിനുള്ള മുഖ്യകാരണങ്ങളെ അടിയിൽ കുറിയ്ക്കാം.

(ഫ) പ്രകൃതിയെ അനുകരിക്കുക, ഈ നിയമം അധ്യാപനത്തിനെന്നല്ല, പ്രപഞ്ചത്തിലെ ഏതുതരം പ്രയത്നത്തിലും അനുസരിച്ചു തീരേണ്ട ഒന്നത്രേ അനുഭാവത്തിൽനിന്നും ആവിർഭാവം, അഥവാ ആശയങ്ങളനുസരിച്ച് ഭാഷ, എന്നു് ശാസ്ത്രജ്ഞന്മാർ സാധിച്ചിരിക്കുന്ന സ്ഥിതിക്കു് ആ അഭിപ്രായത്തിന്റെ സാധുത്വത്തെ തെളിയിക്കേണ്ട ആവശ്യം ഇല്ല. അക്ഷരങ്ങൾ ആദ്യമായി ഉത്ഭവിച്ചു എന്നു് പറയാവുന്നതല്ല. അനുഭാവത്തിനു മുമ്പു

തന്നെ, അക്ഷരങ്ങൾക്ക് ജന്മഹേതു ഇല്ലല്ലോ. അനുഭാവ പ്രതിബിംബങ്ങളായുണ്ടായ ഏതാനും ശബ്ദങ്ങളത്രെ ആദ്യം ഭാഷയായ് തീന്നതു്. ഈ ശബ്ദങ്ങൾ എണ്ണത്തിൽ വദ്ധിച്ചുവന്നതിൽ പിന്നെ, രേഖപ്പെടുത്തേണ്ട ആവശ്യം കണ്ടവർ അവയെ അപഗ്രഥിച്ച് അംശങ്ങളായ ഒററ ശബ്ദങ്ങൾക്ക് പ്രത്യേകം പ്രത്യേകം ചിഹ്നങ്ങൾ നിമ്മിച്ചു. അതു ചെയ്തില്ലെങ്കിൽ ഭാഷയിലുള്ള അനേകായിരം പദങ്ങൾക്കും അത്രയും ചിഹ്നങ്ങളുണ്ടായിരിക്കേണ്ടിവരുന്നതിനാൽ, ഭാഷാധ്യാപനം അസാദ്ധ്യമായേനെ. ഈ വൈഷമ്യത്തെ തരണംചെയ്യാൻ നിർബ്ബന്ധിതരായിട്ടുതന്നെ, അക്ഷരനിമ്മാണത്തിനായ് പൂർവികന്മാർ തുനിഞ്ഞതും സാധിച്ചതും. അതുകൊണ്ടു് ഭാഷയുടെ പ്രാരംഭമാത്ര, പദം തന്നെയെന്നു് തെളിയുന്നു. ആ സ്ഥിതിക്ക് ആശാന്മാർ പ്രയോഗിക്കുന്നരീതി പ്രകൃതിയെ അനുകരിക്കുന്നില്ല.

(൨) ലഘുവായതിൽനിന്നും പ്രയാസമായതിലേക്കു പോകണം, എന്നൊരു അധ്യാപനപ്രമാണമുണ്ടല്ലൊ. അതിനെ വിചാരിച്ചാണു് ആശാന്മാർ അക്ഷരത്തിൽനിന്നും ആരംഭിക്കുന്നതു് എന്നുവന്നാൽ അവരുടെ രീതി സ്വീകാര്യമല്ലെ? എന്നൊരു ശങ്ക, ഇവിടെ ഉത്ഭവിക്കാം. 'ലാഘവം' പ്രയത്നത്തെയാണു് അവലംബിച്ചുനില്ക്കുന്നതു്. പ്രയത്നം ആശയത്തേയും താൽപര്യത്തേയുംഅനുസരിച്ച് ലഘുവായോ പ്രയാസമായോ വരുന്നതാണു്. വള്ളംകളിയിൽ ഉത്സാഹം പ്രബലപ്പെട്ടുകമൂലം ഉദയംമുതൽ അസ്തമയംവരെ വഞ്ചിയോടിക്കുന്നവർക്ക് ആ പ്രവൃത്തി പ്രയാസമായോ ക്ഷീണകാരകമായോ തോന്നുന്നില്ല; പ്രത്യുത, കേവു വള്ളക്കാർ അത്രനേരം വേലചെയ്യുന്നില്ലെങ്കിലും അവർക്ക് ക്ഷീണം തോന്നിപ്പോകുന്നു. ഒരു പ്രവൃത്തി ലഘുവായ്

തോന്നുന്നത് അതിനെ സംബന്ധിച്ചുള്ള ആശയങ്ങൾ ഉത്സാഹത്തെ ജനിപ്പിച്ചു പ്രേരിപ്പിക്കുന്നതിനാലാണ്. നിരസമായ ഏതുപ്രവൃത്തിയാണ് പ്രയാസമായി തോന്നാത്തത്? ആന്തരസത്ത്വമായി യാതൊരുബന്ധവും ഇല്ലാത്ത ഒററ അക്ഷരം താൽപര്യം ജനിപ്പിക്കുന്നതിന് നിവൃത്തിയില്ലായ്കയാൽ ക്രമേണ അക്ഷരപ്രയത്നം നീരസമായും പ്രയാസമായും തോന്നാനേ ഇടയുള്ളു. തന്മൂലം ബാലന്മാൎക്ക് അഭ്യസനം നീരസമായും പരിണമിക്കും. പ്രഥമദൃഷ്ടിയിൽ ശരീരപ്രയത്നം കൂടുതൽ വേണ്ടിവരുമെന്ന് തോന്നുമെങ്കിലും, അന്തരംഗവ്യാപാരം, ഉത്സാഹബലംമൂലം സുകരമായി തീരത്തക്കവണ്ണം ആശയങ്ങളോടു സംബന്ധപ്പെടുന്ന പദങ്ങളെ ആദ്യമായി അഭ്യസിപ്പിക്കയത്രെ ലഘുവായിരിക്കുന്നത്. പ്രകൃതിയിൽ കണ്ടതുപോലെ പദങ്ങളെ അപഗ്രഥിക്കേണ്ട ആവശ്യമനുസരിച്ച് അക്ഷരാഭ്യാസം നടത്തുകയും ചെയ്യാം.

(b) ആശാന്മാരുടെ ഉദ്ഗ്രഥനരീതിയെ ഉപേക്ഷിക്കാൻ നിർബ്ബന്ധിക്കുന്ന കാരണങ്ങളെ ആസ്പദമാക്കി എന്നു തോന്നുമാറ്, ആശയപൂൎണ്ണത വാക്യങ്ങൾക്കല്ലാതെ ഒററപ്പദങ്ങൾക്കില്ലാത്തതുകൊണ്ട് ഭാഷാഭ്യസനം വാക്യംമുതൽ തുടങ്ങേണ്ടതാണ് എന്ന് അഭിപ്രായപ്പെടുന്നവരും ഇപ്പോഴില്ലെന്നില്ല. ഈ അഭിപ്രായം ശരിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പിൽക്കാലപ്രജയായ വ്യാകരണനിയമമനുസരിച്ചുവരുന്ന വാക്യങ്ങളിൽനിന്നും പൂൎവ്വജാതമായ പദങ്ങളിലേയ്ക്കു പോവുക എന്നത്, വണ്ടിക്കുപുറകെ കാളയെ കെട്ടി സവാരിചെയ്യാൻതുനിയുന്നതുപോലെയല്ലയോ? ഈരീതി പ്രകൃതിയെ അനുകരിക്കുന്നില്ല. പാഠശാലാപ്രവേശനാവസരത്തിൽ വാക്യങ്ങൾ ബാലന്മാർ

അറിഞ്ഞു പ്രയോഗിക്കുന്നവരാണെന്നു വിചാരിക്കാൻ തര മില്ലാത്തതുകൊണ്ട് സുപരിചിതത്തിൽ നിന്നും അപരിചി തത്തിലേയ്ക്കു പോകുന്നതായും പറയാവുന്നതല്ല. പദങ്ങ ളെസംബന്ധിച്ച് ബാലന്മാരുടെ അർത്ഥബോധംപോലും അബദ്ധമായിരിയ്ക്കേ, ആ പദങ്ങളെ ആശ്രയിച്ചുവരുന്ന വാക്യങ്ങളെ ആദ്യമായി കൈകാര്യം ചെയ്യുന്നത് ലഘുവാ യതിൽനിന്നും പ്രസ്ഥാനം ആരംഭിക്കുന്നതാകയുമില്ല. വാക്കുകൾക്ക് സ്വയമേ ഉള്ള അർത്ഥത്തിനും, വാചകത്തിൽ ലഭിയ്ക്കുന്ന അർത്ഥത്തിനും തമ്മിൽ സാരമായ അന്തരം സാധാരണ കാണപ്പെടാത്ത നമ്മുടെ ഭാഷ പഠിക്കുന്നതിന് വാക്യത്തിൽ നിന്നും തുടങ്ങേണ്ട ആവശ്യമെന്ത്? അതു കൊണ്ട് വാക്യംമുതൽ കീഴോട്ടിറങ്ങുന്ന ഇവരുടെ അപഗ്ര ഥനരീതി സ്വീകാര്യമെന്നു തോന്നുന്നില്ല. എഴുതിപ്പഠി ക്കാൻ ഈ സമ്പ്രദായം യോജിക്കുന്നതേ അല്ല.

c) അപഗ്രഥനോദ്ഗ്രഥനരീതി—ഭാഷയുടെ പ്രാ രംഭരൂപവും, ആന്തരസത്വത്തോട് അപൂർണ്ണമായിട്ടെങ്കിലും സംബന്ധപ്പെടാൻ യോഗ്യതയുള്ളതുമായ ഏററവും ചെറി യ മാത്ര, പദമാണെന്ന് ഇപ്പോൾ സ്പഷ്ടമായിരിക്കുമല്ലോ. പ്രകൃതിവിഹാരത്തിൽ സംഭവിച്ചതുപോലെ പദത്തിൽ ആരംഭിച്ച് അപഗ്രഥനമാർഗ്ഗേണ അക്ഷരങ്ങളിലേയ്ക്കിറ ങ്ങുകയും ക്രമേണ ഉദ്ഗ്രഥനരീത്യാ വാക്യങ്ങളിലേയ്ക്കു കയ റുകയുംചെയ്യുന്ന ഈ രീതി, ബാലന്മാർക്ക് വളരേ യോജിക്കു ന്നതും അതുകൊണ്ട് സ്വീകാര്യവുമാകുന്നു. എന്തുകിട്ടി യാലും പിരിച്ചുനോക്കുകയാണ് ബാലന്മാരിൽ കാണുന്ന സ്വഭാവവും. ഈ രീതിയുടെ പ്രയോഗത്തിലും അഭിപ്രാ യവ്യത്യാസങ്ങളില്ലെന്നില്ല. കോഴിയുടേയോ, പൂച്ചയുടേയോ ചിത്രം കണ്ടാൽ അതിൻെറ അംശങ്ങളെ ജന്തുക്കളുടെ

അവയവങ്ങളോട്ട പ്രത്യേകം പ്രത്യേകം താരതമ്യപ്പെട്ടത്തി ത്തീരുമാനിക്കാതെതന്നെ, ആകപ്പാടെ നോക്കീട്ട് കോഴി, പൂച്ച എന്ന കട്ടികൾ പറയാറുള്ളതുപോലെ പദങ്ങളെ ചിത്രങ്ങളായ് കരുതി നാമകരണം ചെയ്യുന്നതിനുള്ള സാമത്ഥ്യമാണ് ആദ്യമായ് ബാലന്മാൎക്ക വരേണ്ടത്; അങ്ങനെ പത്തിരുന്നൂറ പദങ്ങൾ പരിചയമായതിൻെറശേഷമേ, അക്ഷരംപ്രതിയുള്ള അഭ്യസനം ആരംഭിയ്ക്കാവൂ; എന്നാൽ മാത്രമേ ബാലന്മാരുടെ അനുമാനവ്യാപാരത്തിനിടകൊടുത്ത് പദങ്ങളുടെ രൂപത്തിലും ശബ്ദത്തിലും കാണപ്പെടുന്ന സാമ്യവ്യത്യാസങ്ങളിൽനിന്ന് അക്ഷരാഭ്യാസം ശാസ്ത്രീയരീത്യാ നടത്താൻ സാധിക്കുകയുള്ളൂ; എന്ന് പാശ്ചാത്യപണ്ഡിതന്മാരെത്തുടൎന്ന് പൌരസ്ത്യരിലും ഏതാനുംപേർ വാശിപിടിച്ചു വാദിക്കുന്നുണ്ട്. നമ്മുടെ ഭാഷയ്ക്കും, ഇംഗ്ലീഷിനും തമ്മിൽ ഉള്ള പല വ്യത്യാസങ്ങളേയും ഇവർ വകവെയ്ക്കുന്നുണ്ടോ എന്നു സംശയമാണ്. ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് സ്വന്തമായുള്ള ശബ്ദത്തിനും, പദങ്ങളിൽ അവയ്ക്കു നൽകപ്പെടുന്ന ശബ്ദത്തിനും തമ്മിൽ വല്ല സംബന്ധവുമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുന്ന ശബ്ദഭേദത്തിനുതന്നെ, വല്ല ഐകരൂപ്യവുംഉണ്ടോ? അതും ഇല്ല. ഇതു ക്രനിൽ കരുവുമുളച്ചതുപോലെ ആംഗ്ലേയരേപ്പോലും വിഷമിപ്പിക്കുന്നു എന്ന്, അവരുടെ അക്ഷരപരിഷ്കരണോദ്യമംതന്നെ തെളിയിക്കുന്നു. ഒരു നിയമവും അനുസരിക്കാതെ ഒരേ അക്ഷരത്തിനു പല പദങ്ങളിൽ പല ശബ്ദങ്ങളും, ഒരേ ശബ്ദത്തിനു പല ലിപികളും കല്പിച്ച് അഭ്യസിക്കേണ്ട ആ ഭാഷയ്ക്ക് പാശ്ചാത്യർ പറയുന്ന രീതിതന്നെ പറ്റുന്നതായിരിക്കാം. നമ്മുടെ ഭാഷയ്ക്ക് ആ ന്യൂനതകളൊന്നുമില്ലല്ലോ. എവിടെയും ഒന്നുപോലെ ഒരേ ശബ്ദത്തെ ഒരേ അക്ഷരംകൊണ്ടു പ്രദ

ശിപ്പിക്കുന്ന നമ്മുടെ ഭാഷയെ, അവരുടെ കൃത്രിമരീതിഅനുസരിച്ചുപഠിപ്പിക്കുന്നതെന്തിന്? ഇരുന്തൂറുപദങ്ങളെ പ്രത്യേകം പ്രത്യേകം ചിത്രങ്ങൾപോലെയുള്ള ചിഹ്നങ്ങളായി കരുതി ഗ്രഹിക്കുന്നതിൽ ആവശ്യമില്ലാത്ത ഭാരം ധാരണാശക്തിക്കു വന്നുകൂട്ടുന്നില്ലേ? അതിനായി ചെലവുചെയ്യേണ്ടിവരുന്ന സമയവും ശക്തിയുംകൊണ്ട് അമ്പത്തൊന്നക്ഷരങ്ങളും അഭ്യസിപ്പിക്കരുതോ? ഈ ശങ്കകൾ നിമിത്തം പാശ്ചാത്യരീതിയെ ഇവിടെ ഉപേക്ഷിക്കണമെന്നാണ് തോന്നുന്നത്.

(d) രീതിവിവരണം—നമ്മുടെ ഭാഷയ്ക്കു ചേരുന്ന മട്ടിൽ അപഗ്രഥനോദ്ഗ്രഥനസമ്പ്രദായത്തെ ഇവിടെ രൂപവത്കരിക്കാം. പ്രാരംഭമാത്രകളായ പദങ്ങളിൽനിന്നു തന്നെ പ്രസ്ഥാനം ആരംഭിക്കാം. ഇന്ദ്രിയവസ്തുസ്ഥാനം ലഭിച്ചിരിക്കുന്ന കണ്ണുകളെ സഹായമാക്കാനും, ബാലന്മാർക്ക് പാഠത്തിൽ ഉത്സാഹംജനിപ്പിച്ചു പരിപാലിക്കാനും, ആശയങ്ങൾക്ക് ഉള്ളിൽ സ്ഥിരപ്രതിഷ്ഠ വരുത്താനും, അർത്ഥബോധന്യൂനതകളെ ദൂരീകരിക്കാനുമായി വസ്തുക്കളെ പുരസ്കരിച്ചു പാഠം നടത്താം. സത്രൂപങ്ങളിൽനിന്നും അരൂപങ്ങളിലേയ്ക്കു് എന്നുള്ള അധ്യാപനപ്രമാണവും അനുകരണീയമാണല്ലോ. വസ്തുസംബന്ധമായിട്ടുവേണം പദങ്ങൾ പഠിക്കാൻ എന്നു്, കോമെനിയസ് നിർദ്ദേശിക്കുന്നതും സ്മരണീയമാകുന്നു. "അറിവുനൽകി ശക്തിയെ വികസിപ്പിച്ചു ക്രമപ്പെടുത്തുകയത്രേ ശിക്ഷ; അറിവു പ്രകൃതിസംബന്ധമായോ കലാസംബന്ധമായോ ഇരിക്കട്ടെ, അല്ലെങ്കിൽ ശാസ്ത്രീയമായോ സാഹിത്യപരമായോ ഇരിക്കട്ടെ, ശക്തി, ഇന്ദ്രിയങ്ങളുടെയും അവയവങ്ങളുടെയുമോ ഉപപാദനവും കല്പനയുമോആകട്ടെ, ശക്തിയെ ഉണർത്തി പ്രവ

ത്തിപ്പിച്ചു ക്രമീകരിക്കത്തക്കവണ്ണം അറിവുനൽകപ്പെടുന്ന പക്ഷം, അന്തർഭവിക്കുന്ന വ്യാപാരം നിശ്ചയമായും ശിക്ഷയാകുന്നു" എന്നാണ് ഇംഗ്ലണ്ടിലെ വിദ്യാഭ്യാസരാജകീയ യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ശക്തി ഏതുവിധമുള്ളതായാലും, ആന്തരസത്വത്തിനടങ്ങി പ്രവത്തിക്കുന്നതുകൊണ്ടു് ആ സത്വത്തിൽ അനുഭാവം ജനിപ്പിക്കുന്നതിനു് ബാലന്മാരേ സംബന്ധിക്കുന്നിടത്തോളം ഫലവത്തരമായുള്ളതു് സവസ്തുബോധനംതന്നെ. വാസ്തവബോധനവും അതുതന്നെ. അതുകൊണ്ടു്, എഴുത്തിനാരംഭിക്കുമ്പോഴും വസ്തുവിനോടു സംബന്ധപ്പെടുത്താതെ പ്രവത്തിക്കരുതു്. ബാലന്മാരെ ഒരുക്കുന്നതിനായിത്തുടങ്ങിയ സംഭാഷണപാഠത്തിനു് പ്രഥമഘട്ടത്തിൽ ഉചിതോപകരണമായിക്കരുതപ്പെട്ടതു് വണ്ണവിശിഷ്ടവസ്തുവാണു്. അപ്പോഴത്തേ ഉദ്ദേശം അവരെക്കൊണ്ടു് സംസാരിപ്പിക്കാൻ ഒരു പ്രേരകമായി ഉത്സാഹം ജനിപ്പിക്കുന്നതായിരുന്നു. ഇവിടെയും ആ നിർദ്ദേശം സ്മരണീയമാണു്. എങ്കിലും, ഇപ്പോഴത്തെ ഉദ്ദേശം അവരെക്കൊണ്ടു് എഴുതിക്കുകയാണു്. അതുകൊണ്ടു് എഴുതുന്നതിനു് എളുപ്പമായ ഈരെഴുത്തുമൊഴികൾ പേരായുരുന്നവസ്തുക്കളാണു് ഇവിടെ അധികം യോജിക്കുന്നതു്. ഉച്ചാരണലാഘവവൈഷമ്യങ്ങളേപ്പററി ഇവിടെ ചിന്തിക്കേണ്ട ആവശ്യമില്ല. അതിനായി വേണ്ടിടത്തോളം സംഭാഷണപാഠങ്ങൾ നടത്തീട്ടുണ്ടു്, മേലും നടത്താം. ഉച്ചാരണപരിശീലനം എഴുത്തുപാഠത്തിൽ പ്രാധാന്യം ലഭിക്കരുതു്. ലേഖനപ്രയത്നം ലഘുവായി നടത്തുന്നതിനു് ഉപകരിക്കുന്ന അക്ഷരങ്ങളേവ, എന്നാണു് ഇനി അന്വേഷിക്കേണ്ടതു്.

ബാലപ്രകൃതിപണ്ഡിതന്മാരും, ശൈരശാസ്ത്രജ്ഞന്മാരും, വൃത്തംവരയ്ക്കുകയാണു് കുഞ്ഞുങ്ങൾക്കു് എളുപ്പമാ

യുള്ളതെന്ന് സാധിച്ചിരിക്കുന്നു. അക്ഷരാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഒരു കുഞ്ഞിനോട് എഴുതാൻ പറഞ്ഞാൽ ശ്രമം വൃത്താകാരമായ രൂപമായി പരിണമിക്കുന്നതും നമുക്കറിയാം. അതുകൊണ്ട് ആദ്യമായി എഴുതിക്കാവുന്ന എഴുത്തും അതിനോടു സംബന്ധപ്പെട്ടതായിരിക്കണമെന്നു നിശ്ചയമാണ്. ഇത്രയും പറഞ്ഞ ഉടൻതന്നെ അധ്യാപകന്റെ ഉള്ളിൽ തോന്നുന്നത് 'റ' എന്ന അക്ഷരമായിരിക്കും. അത് പൂർണ്ണവൃത്താകാരമാണല്ലോ. ലേഖനകാര്യത്തിൽ, ഇത്രയും എളുപ്പമായ അക്ഷരം വേറേ ഇല്ലതന്നെ. എന്നാൽ, അതിഖരാക്ഷരങ്ങളടങ്ങിയ പദങ്ങൾ പ്രാരംഭാഭ്യസനത്തിനു യോജിക്കുന്നവയല്ല. വസ്തുസംബന്ധമായ പദത്തിൽ യോജിപ്പിച്ചല്ലാതെ ഈ ഘട്ടത്തിൽ അക്ഷരം പഠിപ്പിക്കയില്ല എന്നുള്ള ദൃഢവ്രതത്തോടുകൂടിയല്ലെ പുറപ്പാട്. അതുകൊണ്ട്, ആ അക്ഷരത്തേ മറെറാരവസരത്തിലേയ്ക്കുമാററിവച്ചിട്ട് അതിനോടു അടുപ്പമുള്ള 'റ'എന്ന അക്ഷരം ഉപയോഗിയ്ക്കാം. ഉറ, തറ, വറ, പറ, കറ, ഇറ, അറ, എന്നീ ഈരെഴുത്തുമൊഴികൾ ഉചിതങ്ങളാണ്. ഈ പദങ്ങളിലൊന്ന് സൂചിപ്പിയ്ക്കുന്ന വസ്തുവിനെ ക്ലാസിൽ അവതരിപ്പിച്ച് ഒരുക്കത്തിന്റെ ദ്വിതീയഘട്ടത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് അല്പം സംഭാഷണം നടത്തീട്ട് "ഇതിന്റെ പേർ ഞാൻ എഴുതാം" എന്നു പറഞ്ഞ് ബോർഡിൽ എഴുതണം. എങ്ങനെയാണ് അക്ഷരം രൂപീകരിയ്ക്കുന്നത് എന്നു ബാലന്മാരശേഷം കാണത്തക്ക സ്ഥാനത്ത് അധ്യാപകൻ നിൽക്കുകയും, നേർവടിവിൽ, ഓരോ അംശവും സൂക്ഷിച്ച് അവർ മനസ്സിലാക്കത്തക്കവിധം വലുതായ്, സാവധാനത്തിൽ എഴുതുകയും ചെയ്യണം. 'തറ' എന്ന പദമാണ് ആദ്യം എടുത്തത് എന്നിരിയ്ക്കട്ടെ. ബോർഡിൽ എഴുതി

കഴിഞ്ഞാൽ അദ്ധ്യാപകൻ വായിക്കരുതു്. ബാലന്മാർതന്നെ വായിയ്ക്കേണ്ടതാണു്. സംഭാഷണവിഷയമായ് മുമ്പിൽ കാണപ്പെടുന്ന ഒന്നിന്റെ പേരാണു് എഴുതീട്ടുള്ളതു് എന്നു് അവൎക്കറിയാം. വസ്തുവിന്റെ പേരും അറിയാം. അതുകൊണ്ടു് 'തറ' എന്നുതന്നെ അവർ വായിയ്ക്കും. എന്നാൽ, ഇതിനെ വായനയായി കരുതാവുന്നതല്ല. ഒരു മാതിരി അനുകരണം മാത്രമാണു്. അവർ എല്ലാവരും ബോർഡുനോക്കി "തറ" എന്നു വായിച്ചുകഴിഞ്ഞാൽ എത്ര ശബ്ദങ്ങളാണു് ആ പദത്തിൽ അടങ്ങിയിരിക്കുന്നതു്? എന്തെല്ലാം ശബ്ദങ്ങൾ? ആദ്യത്തെ ശബ്ദം ഏതു്? രണ്ടാമത്തെ ശബ്ദം ഏതു്? എന്നു ചോദിച്ചു വരുത്തി, ഓരോന്നിനേയും ചൂണ്ടിക്കാണിച്ചു രൂപം ദൃഢപ്പെടുത്തിയതിൽപിന്നെ, ബോർഡിൽ എഴുതിയതു് മാച്ചുകളയണം. തൊട്ടുകാണിച്ചുകൊണ്ടു് ഇതിന്റെ പേരെന്തു്? എത്ര അക്ഷരങ്ങൾ ആ പേരിലുണ്ടു്? ഏതെല്ലാം അക്ഷരങ്ങൾ? ആൎക്കെഴുതാൻ കഴിയും? എന്നു ചോദിക്കാം. ഉത്സാഹപ്പെടുത്തിയാൽ എഴുതാൻ ഒരുങ്ങിവരുന്നവരും കാണും. ശരിയായി എഴുതുന്നെങ്കിൽ നന്നായി. അല്ലാതെയും വരാം. എല്ലാ കുട്ടികളേയും ഇപ്രകാരം പരിശോധിക്കാം. ശരിയായി ആരും തന്നെ എഴുതിയില്ലെന്നു വന്നാൽ, അദ്ധ്യാപകൻ ഒന്നുകൂടി എഴുതിക്കാണിക്കേണ്ടതുതന്നെ. പക്ഷേ, അങ്ങനേ വരുമെന്നു തോന്നുന്നില്ല. എങ്കിലും വന്നു എന്നു വിചാരിച്ചുംകൊണ്ടു് പുറപ്പെടാം. ഇപ്പോൾ അദ്ധ്യാപകൻ 'തറ' എന്നുതന്നെ എഴുതിക്കളയരുതു്. ആദ്യമായി രണ്ടാമത്തെ അക്ഷരമായ 'റ' എഴുതണം. ഏതെഴുത്തു് എന്നു ചോദിച്ചാൽ അന്തൎവ്യാപാരം തീരെ ഉണ്ടായിട്ടില്ലാത്ത കുട്ടികൾ പദത്തിലെ ആദ്യത്തെ ശബ്ദത്തെ ആസ്പദമാക്കി, സ്സാർ എഴുതിയതു് ആദ്യത്തെതുതന്നെ

യായിരിയ്ക്കുമെന്ന് ഊഹിച്ച് 'ത' എന്ന് പറഞ്ഞേയ്ക്കാം. അങ്ങനെ പറയുന്നവരുടെ കാര്യം അധ്യാപകൻ പ്രത്യേകം ഓർമ്മിക്കയും അവരുടെ പേരുകൾ കുറിച്ചുവച്ചുകൊള്ളുകയും ചെയ്യേണ്ടതാണ്; അടിക്കാനോ ശാസിക്കാനോ ക്ലാസുകയററം തടയാനോ അല്ലാ; അവരുടെ അന്തഃകരണത്തെ പ്രേരിപ്പിക്കുന്നതിനുള്ള ഉചിതമാർഗ്ഗങ്ങളെ അനുഭവംകൊണ്ട് നിർണ്ണയിയ്ക്കാനത്രെ. അല്പമെങ്കിലും ശ്രദ്ധ പതിഞ്ഞിട്ടുള്ളവർ 'റ' എന്നുതന്നെ പറയും. അങ്ങനെ പറഞ്ഞാൽ ഇനി ഏതെഴുത്താണ് എഴുതേണ്ടത്.? എവിടെയാണ് എഴുതേണ്ടതു്? എന്നു ചോദിച്ചു വരുത്തണം. 'റ' കഴിഞ്ഞിട്ടാണ് എഴുതേണ്ടതു് എന്ന് വല്ല കുട്ടികളും പറയുന്നുവെങ്കിൽ, ഉടൻതന്നെ അങ്ങനെ ചെയ്തിട്ട ആ കുട്ടിയോട്ട് വായിക്കാൻ പറഞ്ഞു്, താൻ പറഞ്ഞതു് അബദ്ധമാണെന്നും വായിച്ചപ്പോഴുണ്ടായ ആലോചന ആദ്യമേ ഉണ്ടായിരുന്നാൽ ഈ അബദ്ധത്തിൽ ചാടേണ്ടിവരുകയില്ലായിരുന്നു എന്നും തന്നത്താൻ മനസ്സിലാക്കിക്കണം. ഗോപാലൻ, അല്പം തെററിപ്പോയി, ആലോചിച്ചില്ല; എന്നോ മറേറാ പറഞ്ഞു് ഉത്സാഹിപ്പിക്കയല്ലാതെ മണ്ടനാണ്, ഒരു വസ്തു അറിഞ്ഞുകൂടാ, എന്നിങ്ങനേ പറഞ്ഞു ബാലന്മാരേ പ്രതിഹതന്മാരാക്കിക്കളെയല്ലേ! അങ്ങനെ ചെയ്താൽ, മേലുള്ള അവസരങ്ങളിൽ ശരിയായ് അവർ അറിയുന്ന സംഗതികളേയും, ശാസനയേയോ, പരിഹാസത്തേയോ ഭയന്നു്, പറയാതെ അടക്കിക്കളെയാനും അവരുടെ ശക്തിവികസനത്തിനു അതു് ബാധകമാകാനും ഇടയാകും. രണ്ടാമതും ഇപ്പറഞ്ഞവിധത്തിൽ 'തറ' എന്നെഴുതി, ആദ്യത്തെ രീതയിൽതന്നെ അക്ഷരങ്ങളെ അവരുടെ മനസ്സിൽ ഉറപ്പിച്ചിട്ട് വീണ്ടും എഴുത്തിനെ മായ്ക്കണം. പിന്നീട് അവരെക്കൊണ്ട് എഴുതിക്കാൻശ്രമിയ്ക്കാം.

ഇപ്പോൾ നിശ്ചയമായും ...ിക്കും; വായിക്കയും ചെയ്യും. ഇങ്ങനെയുള്ള പാഠങ്ങളിൽ നയനേന്ദ്രിയശക്തിയേയും ശ്രവണേന്ദ്രിയശക്തിയേയുംചേൎത്ത് ഉപയോഗപ്പെടുത്തുകയും ഏതിലെങ്കിലുമോ രണ്ടിലുമോ ദുർബ്ബലന്മാരായിരിയ്ക്കുന്നവരെ പ്രത്യേകം ഗൗനിച്ച് അവൎക്കുചിതമായ വിധത്തിൽ പാഠങ്ങൾനടത്തി, എല്ലാപേരേയും ഒന്നുപോലെ ഉദ്ഗമിപ്പിക്കയും ചെയ്യുകയാണ് അധ്യാപകന്റെ ധൎമ്മം. ഇത്രയും കഴിഞ്ഞാൽ സ്വരമുള്ളപക്ഷം 'റ' രണ്ടാമതായ് വരുന്ന മറെറാരുപദം അധ്യാപകൻ പറയുകയോ, ബാലന്മാരേക്കൊണ്ടു പറയിക്കയോ, ആ മാതിരിപേരുള്ള ഒരുവസ്തുവിനെ മുമ്പിൽവച്ചിട്ടു അവരെപ്രേരിപ്പിക്കയോചെയ്യാം. അതിനേയും "തറ" എന്ന പദത്തെ കൈയ്യാളിച്ചതുപോലെ പ്രയോഗിക്കാം. ഇപ്രകാരം റ രണ്ടാമതായ്വരുന്ന ഏതാനും—അഞ്ചെട്ടു പദങ്ങൾ—പഠിപ്പിക്കുമ്പോൾ അക്ഷരങ്ങൾചേൎത്തു വായിക്കേണ്ട സമ്പ്രദായം അവൎക്കു പിടിപെടും. നമ്മുടെ അക്ഷരങ്ങൾക്കുള്ള ശബ്ദസ്ഥിരത മൂലം അപരാധ്യാപനം ലഘുവായിത്തീരുകയുംചെയ്യും. റാന്തങ്ങളായ ഈരെഴുത്തുമൊഴികളെ ഒന്നിന്നടിയിൽ ഒന്നായി എഴുതിയാൽ 'റ' ഒരു വരിയായി കീഴ്മേൽ കാണുന്നതും ആ അക്ഷരത്തെ ഒന്നുകൂടി അവരുടെഉള്ളിൽ സ്ഥിരപ്പെടുത്തും. റ എന്ന അക്ഷരവുമായി ആ പദങ്ങളിലെ പ്രഥമാക്ഷരങ്ങളെ താരതമ്യപ്പെടുത്തുകനിമിത്തം ആ അക്ഷരങ്ങളേയും ഉള്ളിൽ ഉറപ്പിക്കാം. ഇത്രയും കഴിഞ്ഞാൽ 'ര'ാന്തങ്ങളായ ഈരെഴുത്തുമൊഴികളെ ഇതുപോലെ പ്രയോഗിക്കുക. ഈ പദങ്ങളിലെ പ്രഥമാക്ഷരങ്ങൾ മുൻപഠിച്ചവമാത്രമായിരുന്നാൽപോരാ, നൂതനാക്ഷരങ്ങളും ഇടയ്ക്കിടെവരണം നര, വര, ഉര, ഇര, അര, എന്നീ പദങ്ങളെ പ്രയോഗിക്കാം. വട, കട, തട, ഇട,

അട, നട, പട, മട; വല, തല, ഇല, പല, മല; കഴ, മഴ ഇഴ, തഴ; എന്നിങ്ങനെ പരിചയമുള്ളതോ എളുപ്പം പരിചയപ്പെടുത്താവുന്നതോ ആയ ദ്രവിഡാക്ഷരങ്ങളിൽ രണ്ടെഴുത്തുകളുള്ള പദങ്ങളെ പ്രയോഗിച്ച്, ബാലന്മാരുടെ സംഭാഷണത്തിൽ ഉപയോഗപ്പെടുന്ന എഴുത്തുകളെ ദൃഢപ്പെടുത്തിക്കഴിഞ്ഞാൽ, എഴുത്തു കൂട്ടുന്ന ആശാന്മാരുടെ സമ്പ്രദായത്തെ പ്രയോഗിച്ച് മൂന്നെഴുത്തു മൊഴികൾകൊണ്ടു് പഴയപാഠം പരിശോധിക്കാം. കറവ, കവല, ചവറ, കടല, പകട, തവല, ഇരവ, അരണ, തകര, ഉടമ, പലക, പടല, നനക, വയണ, തവള, അളക, ഇത്യാദി മൂന്നെഴുത്തുമൊഴികൾ കൊടുത്തു പഴയപാഠത്തെ ഉറപ്പിക്കയും ശബ്ദത്തിനൊത്ത അക്ഷരങ്ങളെ യഥാസ്ഥാനത്തു പ്രയോഗിക്കാൻ ശീലിപ്പിക്കയും ചെയ്യാം. വിവേചനാശക്തിക്കും ധാരണാശക്തിക്കും വ്യായാമം ലഭിക്കയുംചെയ്യും.

അടുത്തഘട്ടം സാധാരണപദങ്ങളിൽ അധികമായ് പ്രവേശിക്കാത്ത ഞ, ങ, എന്ന അക്ഷരങ്ങളേയും സ്വതന്ത്രവ്യഞ്ജനങ്ങളായ ചില്ലുകളേയും കഴിയുന്ന പദങ്ങളിൽ ഉപയോഗിച്ചു പഠിപ്പിക്കയും, പഠിച്ചിടത്തോളം എല്ലാ അക്ഷരങ്ങളേയും മൂന്നെഴുത്തു മൊഴികളാക്കി എഴുതിക്കയും, എഴുതാനും വായിക്കാനും ഉറപ്പുവരുത്തുകയും, ചെയ്യുന്നതിൽ അന്തർഭവിക്കുന്നു. അഭ്യാസത്തിന്നായ് നൂതനപദങ്ങൾ മുൻപറഞ്ഞമാതിരി കൊടുക്കുകയോ അവരെക്കൊണ്ടുപറയിക്കയോചെയ്യാം. എങ്ങനെചെയ്താലും, വാക്കുകേട്ടാൽ ഉടൻതന്നെ എഴുതാനും, എഴുതപ്പെടുന്ന വാക്കിനെ ഉടൻതന്നെവായിക്കാനും, അവർ ശക്തന്മാരാണോ എന്നു് പാഠംപ്രതി അധ്യാപകൻ പരിശോധിച്ചുകൊള്ളേണ്ടതു തന്നെ. അക്ഷരം പഠിച്ചുകഴിഞ്ഞാൽ ഏതുപദവും എഴു

തിക്കാവുന്ന സൗകര്യം ഈ എളുപ്പം പാശ്ചാത്യഭാഷയിൽ സാധ്യമല്ല.

പിന്നീട്, ചടചട, കലകല തളതള എന്നിങ്ങനെ ഈരെഴുത്തുമൊഴികളെ ഇരട്ടിച്ച് നാലെഴുത്തു മൊഴികളാക്കിയും നൂതനപദങ്ങളെ കൊടുത്തും പറയിച്ചും എഴുതിക്കയും, ആ എന്നസ്വരം വ്യഞ്ജനങ്ങളോടുചേൎന്നാൽവരുന്ന രൂപഭേദത്തെ ധരിപ്പിക്കയുംവേണം. ഇതത്ര പ്രയാസമുള്ളതല്ല. അതുകൊണ്ടു ഈ പാഠങ്ങളിൽതന്നെ സംഭാഷണഭാഷയിൽ സാധാരണ പ്രവേശിക്കുന്ന ആൎയ്യാക്ഷരങ്ങളേയും ലാഘവംനോക്കി പദങ്ങളിൽ പ്രയോഗിച്ച് പ്രതിദിനം ഒരു എഴുത്തുവീതമെങ്കിലും പഠിപ്പിക്കാം. അധ്യാപനത്തിൻെറ വിജയം, പഴയ പാഠങ്ങൾ മറക്കാതിരിക്കുന്നതിലാണ് സ്ഥിതി ചെയ്യുന്നതു്. ധാരണാശക്തിയെ സഹായിക്കാൻ പുത്തനും പഴയതും കലൎത്തി പ്രയോഗിച്ചും, ആവൎത്തനം നടത്തിയും, പാഠങ്ങളെ കൊണ്ടുപോകേണ്ടതാണ്.

ഇ, ഈ എന്ന രണ്ടു സ്വരങ്ങളും വ്യഞ്ജനങ്ങളോടു ചേരുന്ന അവസരത്തിൽ ഉണ്ടാകുന്ന രൂപഭേദങ്ങളേ ഒരേ ദിവസം പഠിപ്പിക്കുന്നതാണ് ഉത്തമം. ഒരേ സമയം തന്നെ താരതമ്യപ്രയത്നവും നടക്കമല്ലോ. ആൎയ്യാക്ഷരങ്ങളിലും ദ്രവിഡാക്ഷരങ്ങളിലും ചില്ലുകൾ ചേൎത്തുള്ള അഞ്ചെഴുത്തു മൊഴികൾ പറയിച്ചും എഴുതിച്ചും എഴുതാനും വായിക്കാനും അഭ്യസനം നടത്തുകയും, നൂതനമായി ഒന്നോ രണ്ടോ എഴുത്തുകൾ ദിവസംപ്രതി പഠിപ്പിക്കയും-ചെയ്യാം.

എ, ഏ, ഐ, ഒ, ഓ, ഔ, എന്നീ സ്വരങ്ങളെ ദ്രാവിഡസംസ്കൃതവ്യഞ്ജനങ്ങളോടുചേൎത്തു പഠിപ്പിക്കയും, പ

രിച്ച അക്ഷരങ്ങൾ അടങ്ങിയ രണ്ടുപദങ്ങളെ കത്താവും ക്രിയയുമായി പ്രയോഗിച്ച് എഴുതിക്കയും, അവരെക്കൊണ്ടു വായിപ്പിക്കയുംചെയ്യ. ഇപ്രകാരം അഭ്യാസം നടന്നുവരവേ അക്ഷരങ്ങളെല്ലാം പഠിപ്പിച്ചുതീക്കണം.

ഒടുവിലായി ഉ, ഊ സ്വരങ്ങൾചേന്ന വ്യഞ്ജനാക്ഷരങ്ങൾ പഠിപ്പിക്കണം. പു, ടു, പ്യ, മു, എന്നിവയിൽപോലെ രൂപഭേദം വരുന്നതുകാണിച്ചുകൊടുത്ത്, പ്രയോഗിച്ച് പദങ്ങളിൽചേത്ത് എഴുതിച്ച് അഭ്യസനംനടത്തണം. അതോടുകൂടി 'ഊ'എന്ന ദീർഘസ്വരം ചേരുമ്പോൾവരുന്ന രൂപഭേദവും താരതമ്യംമൂലം മനസ്സിലാക്കിച്ച് അഭ്യസനം കൊണ്ടുറപ്പിക്കാം. അതു കഴിഞ്ഞിട്ട് തൂ. ഗൂ. എന്ന മാതിരി അക്ഷരങ്ങളും ദീർഘരൂപങ്ങളും പഠിപ്പിക്കണം. പിന്നീട് മററുവ്യഞ്ജനങ്ങളോടും ആ സ്വരങ്ങളെചേത്തുപഠിപ്പിക്കുക. ഇതിനിടയ്ക്ക് രണ്ടോ മൂന്നോ പദങ്ങളെ ചൂണ്ണികയാക്കി എഴുതാനും തടവുകൂടാതെ വായിക്കാനും ശീലംവന്നുകഴിയും. ഉച്ചാരണശുദ്ധി, ശബ്ദവ്യക്തി ലിപിനിമ്മാണം, വടിവ് ആകൃതി, ഒരേ പദത്തിലെ അക്ഷരങ്ങൾ തമ്മിലും, ഒരു വാക്യത്തിലെ പദങ്ങൾ തമ്മിലും, ഉണ്ടായിരിക്കേണ്ട ഇടവ്യത്യാസം, ഇത്യാദി യാന്ത്രികാംശങ്ങളിൽ തൃപ്തികരമായ അറിവു സിദ്ധിക്കേണ്ട സംഗതി നിമിഷംപ്രതി അധ്യാപകൻ ഓമ്മിച്ചു പ്രവത്തിച്ചിരിക്കുമല്ലോ.

ൻ. വായന—ഒന്നാംക്ലാസിൽ എഴുത്തു ശീലിപ്പിക്കുന്നതോടുകൂടി മൂന്നും നാലും പദങ്ങൾ അടങ്ങിയ ചൂണ്ണികകൾ മുൻപറഞ്ഞുവന്ന രീതിയിൽ വായിക്കാൻ പഠിപ്പിച്ചുകഴിയുന്നതുകൊണ്ട് അന്തിമഘട്ടത്തിൽ ആ മാതിരി ചൂണ്ണികകൾകൊണ്ടു രചിച്ച ചെറിയ കഥകൾ

വായിപ്പിക്കാവുന്നതാണ്. അങ്ങനെ വായിപ്പിക്കുന്നതിൽ പിറന്നാങ്ങൾക്കനുസരണമായ ശബ്ദം പുറപ്പെടുവിക്കുന്നതു കേട്ടു തൃപ്തിപ്പെട്ടാൽപോരാ. ഇതുവരെശീലിപ്പിച്ചതു് അത്ര മാത്രമാണു്. വാസ്തവമായ വായനയ്ക്കു് ഒരുക്കമായിട്ടേ അതിനെ വിചാരിക്കാവൂ.

ചാറത്സ് ആർ-ലാങ്ങ്, മെൽബോൺസവ്കലാശാലയിൽ വായിച്ച ഒരു പ്രസംഗത്തിൽനിന്നും, വായനയുടെ ഉദ്ദേശത്തേയും നിവ്ചനത്തേയുംപററി പ്രസ്താവിച്ച ഒരു ചെറുഖണ്ഡികയെ ഭാഷാന്തരംചെയ്തു് ചുവടേചേത്താൽ വായനയുടെ സ്വഭാവം സ്പഷ്ടമാകുമെന്നു തോന്നുന്നു. "വാക്യങ്ങളായി ക്രമപ്പെടുത്തി എഴുതുകയോ അച്ചടിയ്ക്കുയോ ചെയ്തിരിയ്ക്കുന്ന പദങ്ങൾവഴിയായി ആശയങ്ങളെ ഗ്രഹിക്കുന്നതാകുന്നു വായന; ആ ആശയങ്ങളെ മററുള്ളവരെ ധരിപ്പിക്കുകയാണു് ശ്രാവ്യവായന. ഭംഗിമാററിപ്പറയുകയാണെങ്കിൽ ശ്രാവ്യവായനയേ, മുദ്രിതമോ കൈപ്പടയോ ആയ രേഖയിൽനിന്നും ആശയങ്ങളെ തൻെറയോ മററുള്ളവരുടേയോ ഉള്ളിലേയ്ക്കു് പ്രവഹിപ്പിക്കുന്ന സമ്പ്രദായം എന്നു് നിവ്ചിക്കാം. ശിഷ്യന്മാർ ആശയങ്ങളെ സ്വന്തമാക്കുകയത്രേ അധ്യാപനപ്രയത്നത്തിൻെറ ഉദ്ദേശം, അഥവാ, അധ്യാപകൻെറ ലക്ഷ്യം. അധ്യേതാവു് ആശയങ്ങളെ ഗ്രഹിക്കുന്നില്ലെങ്കിൽ അധ്യാപകധമ്മം നിവ്ഹിക്കപ്പെടുന്നില്ല." ഇത്രയുംപറഞ്ഞിട്ടു് അദ്ദേഹം ജി. എൻ. ഫ്ാർൺഹാമിൻെറ ഗ്രന്ഥത്തിലുള്ള ഒരു വാക്യത്തിലേയ്ക്കു നമ്മുടെ ശ്രദ്ധയെ ക്ഷണിയ്ക്കുന്നു. "രേഖകളിലടങ്ങിയ ആശയങ്ങളെ സൂക്ഷ്മമായും യഥാത്ഥമായും ബാലമനസ്സിൽ ഉണത്തിയ്ക്കുയും ആ ആശയങ്ങളെ അംഗീകൃതഭാഷയിൽ ആവിർഭവിപ്പിക്കുന്നതിനു് അവനെ ശക്തനാക്കുകയും

ചെയ്യുന്ന പ്രവൃത്തിയാണ് വായന". ഇതുപോലെതന്നെ പലരും പറയുന്നതിൽനിന്നും, ഇതുവരെ നടന്നതു വായനയല്ല, അതിനായിക്കൊണ്ടുള്ള യന്ത്രസജ്ജീകരണം മാത്രമാണ്, എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഈ ഒരുക്കത്തെത്തന്നെ പര്യാപ്തമാക്കുന്നതിനുവേണ്ടി ഇവിടെ ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു.

(a) അർത്ഥാനുരൂപമായ ധ്വനി. ഇക്കാര്യം നമ്മുടെ പാഠശാലകളിൽ ഒട്ടുംതന്നെ ഓർമ്മിക്കാത്ത ഒരു വിഷയമാണ്. ഓരോ വാക്യത്തിലും ജീവനായിനിൽക്കുന്ന പദങ്ങളുണ്ടായിരിക്കും. അവയെ മററുള്ള പദങ്ങളെപ്പോലെ നിർഭിന്നസ്വരത്തിൽ ഉച്ചരിക്കയാണെങ്കിൽ ഗ്രന്ഥകാരൻെറ അന്തർഗ്ഗതം യഥാർത്ഥമായി പ്രതിഫലിയ്ക്കുന്നതല്ല. രണ്ടോ മൂന്നോ പദങ്ങളടങ്ങിയ ചൂർണ്ണികയെപ്പോലും ധ്വനിഭേദംമൂലം അർത്ഥഭേദമുള്ളതായി കാണിക്കാം. ഉദാഹരണത്തിന് ഞാൻ ഇന്നു രാവിലെ കുളിച്ചു, എന്നൊരു വാക്യത്തെ എടുത്തുകൊള്ളുക.

(ക) <u>ഞാൻ</u> ഇന്നു രാവിലെ കുളിച്ചു.

(ഖ) ഞാൻ <u>ഇന്നു</u> രാവിലെ കുളിച്ചു.

(ഗ) ഞാൻ ഇന്നു <u>രാവിലെ</u> കുളിച്ചു.

(ഘ) ഞാൻ ഇന്നു രാവിലെ <u>കുളിച്ചു</u>.

ഇങ്ങനെ കീഴ്‌വരയിട്ട പദങ്ങളെ ക്രമേണ ഊന്നി വായിക്കയാണെങ്കിൽ (ക) മററുള്ളവരുടെ കഥയിൽനിന്നും എൻെറ കഥയെ താരതമ്യപ്പെടുത്തുകയും (ഖ) മററുദിവസങ്ങളിലെ സംഗതികളിൽനിന്നും ഇന്നത്തെ കഥയെ വ്യത്യസ്തപ്പെടുകയും, (ഗ) പ്രാതസ്സ്നാനസംഭവത്തെ ഉറപ്പിച്ചുപറ

കയും (ർ) കളിച്ചോ എന്ന ശങ്കയെ എതിൎക്കയും ചെയ്യുന്നില്ലേ? ഇപ്രകാരം ശീലിച്ചല്ലാതെ, വായന ആശയപ്രതിബിംബകസ്വരത്തിൽവരുന്നതല്ല; വായനയ്ക്കു് ഊർജ്ജിതവും കാണുന്നതല്ല. അതുകൊണ്ടു് ആരംഭം മുതലേ ഇങ്ങനെ ശീലിപ്പിക്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം. മേൽക്ലാസുകളിലെ അധ്യേതാക്കളോടു ഇതനുസരിച്ച്യ വായിക്കാനായി കാണിച്ചുകൊടുത്തിട്ടു് ആവശ്യപ്പെട്ടാലും അവർ അതുചെയ്യുന്നില്ല. അവർ ലജ്ജിതന്മാരായും ഭവിക്കുന്നു. ബാല്യംമുതലേ പരിചയിച്ചാൽ ഈ ന്യൂനതയുണ്ടായിരിക്കാൻ മാൎഗ്ഗമില്ലല്ലൊ.

(b) ശ്വാസാഭ്യാസം—നമ്മുടെ പാഠശാലകളിൽ ഓട്ടവായന, ചാട്ടവായന, പാട്ടുവായന എന്നിങ്ങനെ പലതരം വായനകൾ ബാലന്മാർ ശീലിച്ചുകാണുന്നുണ്ടു്. ഇളക്കിവിട്ട പന്തായക്കുതിരപോലെ, ഒരേധൃതഗതിയിൽ ആദ്യന്തം വായിച്ചുനിറുത്തി ഒരു കുട്ടി തൃപ്തിപ്പെടുന്നു. ശാഖാചംക്രമണംചെയ്യുന്ന വാനരത്താനേപ്പോലെ മുറിച്ചു ചാടിപ്പോകുന്നു; മറെറാരുകുട്ടി. മൂന്നാമതൊരുതരക്കാർ വായിയ്ക്കുന്നു എന്നു പറഞ്ഞാലേ മനസ്സിലാവൂ; പാടുന്നു എന്നേ തോന്നൂ ഈ ദോഷങ്ങൾക്കു കാരണങ്ങൾ മുഖ്യമായി രണ്ടാണു്. അൎത്ഥഗ്രഹണന്യൂനത ഒന്നു്. ശ്വാസനിയന്ത്രണശക്തിയില്ലായ്മ മറെറാന്നു്. അൎത്ഥഗ്രഹണകാൎയ്യത്തെ ഉചിതഘട്ടത്തിൽ പ്രസ്താവിച്ചുകൊള്ളാം ഇവിടെ ശ്വാസനിയന്ത്രണവിഷയത്തെ ഓൎക്കുക. ആശയസ്വഭാവസൂചകമായ ആരോഹാവരോഹവും, സന്ധാനദ്യോതകമായ ധാരാവാഹിത്വവും വായനയ്ക്കു വേണ്ട മുഖ്യാംശങ്ങളാണു്. ഈ രണ്ടും സാധിക്കാൻ ശ്വാസനിയന്ത്രണശക്തികൂടാതെ നിവൃത്തിയില്ല. യഥാശക്തി പ്രാണവായുവിനെ ഉള്ളി

ലാക്കിനിറുത്തിക്കൊണ്ടു് മിതവ്യയശീലനേപ്പോലെ വേണ്ട ത്തക്ക ക്രമത്തിൽ മാത്രം ചെലവുചെയ്യുന്നതിനെയാണു് ശ്വാസനിയന്ത്രണം എന്നു് പറഞ്ഞിരിക്കുന്നതു്. അഭ്യാസം കൊണ്ടുതന്നേ ഈ ശക്തി സിദ്ധമാവൂ. ശ്വാസകോശത്തെ ക്രമമായും പതിവായും യഥാവിധി സങ്കോചവികാസവ്യായാമങ്ങൾക്കു വഴിപ്പെടുത്താമെങ്കിൽ ആശാസ്യരീതിയിലുള്ള വായനയ്ക്കു് അത്യാവശ്യമായ ശ്വാസബലത്തിനപുറമെ ലൌകികഭാഗ്യവിശേഷങ്ങളിൽ പ്രഥമഗണനീയമായ ആരോഗ്യവും ലഭിക്കുന്നതാണു്. ശ്രീശാർങ്ഗധരൻ പ്രാണനെപ്പററി പറയുന്നതുനോക്കുക.

"നാഭിസ്ഥഃപ്രാണപവനഃ സ്പൃഷ്ട്വാഹൃത്കമലാന്തരം
കണ്ഠാദ്ബഹിർവിനിര്യാതി പാതുംവിഷ്ണുപദാമൃതം"
"പീത്വാചാംബരപീയൂഷം പുനരായാതിവേഗതഃ
പ്രീണയൻദേഹമഖിലം ജീവയൻജഠരാനലം"

ആധുനികപണ്ഡിതന്മാർ ശുദ്ധവായുശ്വസനത്തേപ്പററിപറയുന്നതിനും ശ്രീശാർങ്ഗധരന്റെ ഈ വാക്യത്തിനും തമ്മിൽ എത്രമാത്രം യോജിപ്പുണ്ടെന്നു് ആലോചിച്ചു തീച്ചപ്പെടുത്തിക്കൊള്ളുക. അനേകം ചതുര്യുഗകാലം ജീവിച്ചിരിക്കാൻ ആചാര്യന്മാർ ഉപദേശിക്കുന്ന മാർഗ്ഗവും പ്രാണായാമമല്ലേ? എല്ലാംകൊണ്ടും, ശ്വാസാഭ്യാസം അനുകരണീയമത്രെ. ഓരോപാഠവും ആരംഭിക്കുന്നതിനുമുമ്പായിട്ടുതന്നെ, അഞ്ചുമിന്നിട്ടിൽകവിയാതെബാലന്മാരെക്കൊണ്ടു് ശ്വാസാഭ്യാസം ശീലിപ്പിക്കേണ്ടതാണു്. ആ അഭ്യാസത്തിനു വയറുവീർത്തിരിക്കുന്ന സമയംഉചിതമല്ല. എന്നാൽ പാഠം ആരംഭിയ്ക്കുന്നുള്ള സമയത്തിനും വളരെ മുമ്പുതന്നെ ആഹാരംകഴിച്ചുകൊണ്ടു് കുട്ടികളിൽ മിക്കവരും പാഠശാലവളപ്പിൽവന്നു ഓടിച്ചാടിക്കളിയ്ക്കുന്നവരാകയാൽ

ആ ആക്ഷേപത്തിനു വകയുണ്ടെന്നുതോന്നുന്നില്ല. ശ്വാസാഭ്യാസസമയത്ത് ശരീരം സ്തംഭംപോലെ നിവന്നു തന്നെ നില്ക്കണം. ഉരസ്സിന്നും കഴുത്തിന്നും ശിരസ്സിന്നും ചായ്വ് അല്പവും പാടില്ല. നോട്ടം അല്പം മേല്പോട്ടായിരിക്കേണ്ടതാണ്. സാരസനം കെട്ടാത്ത നമ്മുടെ ബാലന്മാരെപ്പററി പറയേണ്ട ആവശ്യമില്ലെങ്കിലും രക്തപ്രവാഹത്തിന്ന് തടവുവരാതെ വസ്ത്രധാരണം ശരിപ്പെടുത്തിക്കൊള്ളണം. കരചരണാദ്യവയവങ്ങൾ നിഷ്ക്രിയമായി കിടക്കുകയേ ആവൂ. വായടച്ചുകൊണ്ടുവേണം ഉച്ഛ്വാസനിശ്വാസങ്ങൾനടത്താൻ. വായു നാസാരന്ധ്രത്തിൽക്കൂടി ഉള്ളിൽ കടക്കുന്നതായാൽ, അതിൽ ഉണ്ടായിരിക്കാവുന്ന അനേക രോഗാണുക്കളെ നശിപ്പിക്കാൻ ആ രന്ധ്രത്തിൻെറ പിൻഭാഗത്തിന്ന് ശക്തിയുണ്ടുപോൽ. ഇനി ശ്വാസാഭ്യാസം എങ്ങനെ നടത്തണമെന്ന് സംക്ഷേപിക്കാം.

(൧) ആദ്യമായി മന്ദതയാസകലം ഒഴിയ്ക്കണം. സകലനാഡികളേയും, 'അം' എന്നോ 'ഉം' എന്നോ ഉച്ചരിച്ച് ഉണർത്തുക. പിന്നീട് അതു നിറുത്തീട്ട് ശ്വാസാഭ്യാസം ആരംഭിക്കുക.

(൨) ക്ഷീണിപ്പിക്കാനിടകൊടുക്കാതെ, അഭ്യാസം നടത്തണം. വളരെ സാവധാനത്തിലെ ആകാവൂ.

(൩) അടിവയററിൽ, പ്രാണനെ നിറച്ചുതുടങ്ങുക. അങ്ങനെ ചെയ്യുന്നതുകൊണ്ട് മേൽഭാഗത്തിരിക്കുന്ന ശ്വാസകോശത്തിൻെറ അറകളിൽ ശൂന്യസ്ഥലം ഉണ്ടാവുകയും നാസാരന്ധ്രത്തിലൂടെയുള്ള പ്രാണപ്രവേശനം സുകരമായിത്തീരുകയും ചെയ്യും.

(൪) അടിവയററിലെ വീപ്പ്, ക്രമേണ മേൽവയറ്,

അടിമാവ്, മേൽമാവ്‌വരെ വ്യാപിച്ച് ഉടൽ മുഴുവനേയും വികസിപ്പിക്കണം. എങ്കിലേ ഉദ്ദിഷ്ടഫലം കിട്ടുകയുള്ളു.

(ബ) ഉള്ളിൽപ്രവേശിച്ചക്രമത്തിനുതന്നെ ശ്വാസം വെളിയിലിറങ്ങുകയും വേണം. അടിവയററിനെ സങ്കോചിപ്പിച്ചു തുടങ്ങുക; ക്രമേണ ഉടൽമുഴുവനും സങ്കോചിക്കുമ്പോഠം സർവ്വവിധക്ഷീണത്തിനും പരാജയത്തിനും ദൌർബല്യത്തിനും കാരണമായ ഇംഗ്ലാലാമ്ലമെന്നു പറയപ്പെടുന്ന വിഷവായു, ബഹിഷ്കരിക്കപ്പെടുന്നു. ഇങ്ങനെ മാറിമാറിവരുന്ന വികാസസങ്കോചങ്ങഠംമൂലം ഉടലിൻെറ വളച്ച്യും തന്മൂലം അന്തശ്ശക്തിയുടെ വളച്ച്യും സ്പൃഹണീയരീതിയിൽ ഭവിക്കുന്നു.

(ന്ന) ഇപ്രകാരം ചെയ്യുമ്പോഠം, മനസ്സിനേയും പ്രാണനെ അനുചരിപ്പിക്കാമെങ്കിൽ ഫലം ശതഗുണീഭവിക്കുന്നതാണ്.

ഈ ശ്വാസാഭ്യാസം ഉപേക്ഷിക്കപ്പെട്ടതു നിമിത്തം ശരീരത്തിന്നാകട്ടേ മനസ്സിന്നാകട്ടേ ദൃഢതയുള്ളവരുടെ എണ്ണം ശോച്യമായവിധത്തിൽ ചുരുങ്ങിക്കഴിഞ്ഞു. അദ്ധ്യാപകസഹോദരങ്ങളേ! ഇനിയെങ്കിലും ഓരോ പിരിയഡിൻെറയും ആരംഭത്തിൽ അല്പനേരം ഈവകയ്ക്കായി യഥാവിധി വിനിയോഗിക്കുക. സർവ്വശക്തി വികസനമാകുന്ന ശിക്ഷാപ്രയത്നത്തിൽ, അതു് നിങ്ങളുടേ ഉററബന്ധുവായി ഉപകരിയ്ക്കും; ശരീരത്തിന്നും അന്തഃകരണത്തിന്നും ശക്തിയെ വളർത്തും; ബുദ്ധിക്കു് ഏകാഗ്രതയേ നൽകും; ഉത്തമഫലപ്രാപ്തിക്കു് വഴികാട്ടിയായിനില്ക്കുകയും ചെയ്യും.

(c) വായനപഠിപ്പിക്കേണ്ട രീതി:—മാതൃകാവായനയിൽ ആരംഭിച്ച് വിഷയപരിശോധനയിൽ അവസാനി

കുന്ന ഒരു രീതിയിൽ പല പാഠശാലകളിലും ഭാഷാപാഠം നടത്തപ്പെട്ടുവരുന്നു. ഈ രീതിയെ ചാറത്സ് ആർ ലാങ് താഴെ പറയുംപ്രകാരം ഖണ്ഡിക്കുന്നു. "ഈരീതി ആപാദചൂഡം ന്യൂനതാഗർഭിതമാണ്. ഏററവും പ്രധാനമായ സംഗതിയിൽ അധ്യേതാക്കൾക്ക് വേണ്ടത്തക്ക വ്യായാമം ലഭിക്കുന്നില്ല. ശരിയായവിധത്തിൽ നടത്തപ്പെടുന്ന ഭാഷാപാഠം, വെറും അനുകരണത്തിൽ അന്തർഭവിക്കുന്ന ശ്രമത്തേക്കാൾ ഏററവും വിലയേറിയതും ശ്രേഷ്ഠവുമായ മാനസികപ്രയത്നത്തെ ഓരോ വ്യക്തിയിലും ഉത്ഭവിപ്പിക്കേണ്ടതാണ്; ബുദ്ധിവികാസത്തിൽ പരിണമിക്കയും ഓരോ അധ്യേതാവിനേയും അന്തർവ്യാപാരശ്രാന്തനാക്കുകയും ചെയ്യേണ്ടതാകുന്നു. ഓരോ അംഗവും ആശയങ്ങളെ യഥാർത്ഥമായും പൂർണ്ണമായും ഗ്രഹിക്കുകയും താൻ അപ്രകാരം ഗ്രഹിച്ചിരിക്കുന്നു എന്നു സ്പഷ്ടമാക്കത്തക്കവിധം വായിക്കയും ചെയ്യണം എന്നുള്ള ആദർശത്തെ മുൻനിറുത്തി പ്രവർത്തിക്കുന്ന അധ്യാപകന്ന് ഭാഷാപാഠത്തേക്കാൾ കൂടുതൽ പ്രയത്നം അർഹിക്കുന്ന ഒന്നുംതന്നെ, സമയവിവരപ്പട്ടികയിൽ കാണുന്നതല്ല ഉചിതമായപാഠസജ്ജീകരണവും പാഠംനടത്തുമ്പോൾ മനസ്സിന്നു വേണ്ട ചൊടിചൊടിപ്പും വിജയകരങ്ങളാകുന്നു". നമ്മുടെ അധ്യാപകന്മാർ കഠിനപദങ്ങളെ ആദ്യമായ് മനസ്സിലാക്കിക്കാൻ ശ്രമിക്കുന്നു. ആശയശൃംഖലയിൽ കണ്ണികളായിനിൽക്കുന്ന പദങ്ങളെ പിരിച്ചെടുത്ത് അവയുടെ ശക്തിയെ അധ്യേതാക്കൾ തന്നെ, അറിയേണ്ടതിനുപകരം, അധ്യാപകൻ വിവരണംകൊണ്ടു ധരിപ്പിക്കുന്നതിൽനിന്നും എത്രമാത്രം ഫലമുണ്ടാകുമെന്നു് നമ്മുടെ ചുററുംനടക്കുന്ന ഏട്ടുകെട്ടുപരീക്ഷാവിജയികൾതന്നെ തെളിയിക്കുന്നു. നൈഘണ്ടുകരീത്യാ അർത്ഥം ഉരുവിട്ടുവയ്ക്കുകയല്ലാതെ ഒരു പദവും നേരേ പ്രയോ

ഗിയ്ക്കാനും അവക്കറിഞ്ഞുകൂടാ. ആശയങ്ങൾ ഖണ്ഡംഖണ്ഡമായ് ഒന്നിനൊന്നു സംബന്ധമില്ലാതെ അകത്തു കേറിക്കൊള്ളും. പിന്നെ നടക്കുന്നതു് മാതൃകാവായനയാണു്. ഓമ്മശക്തിയുള്ള ഏതാനുംകുട്ടികൾ അദ്ധ്യാപകന്റെ സ്വരത്തെ യാന്ത്രികമായ് പ്രതിധ്വനിപ്പിക്കും ഇതു കേട്ടിട്ട് അദ്ധ്യാപകൻ തൃപ്തിപ്പെടുന്നതിൽ അനുകരണ വായന അവസാനിക്കുന്നു. ഗ്രന്ഥകാരന്റെ ആശയങ്ങൾ അവരുടെ അടുത്തെങ്ങും പോയിട്ടില്ലെന്നു് വിഷയപരിശോധനാഘട്ടത്തിൽ തെളിയുന്നു. യാദൃച്ഛികമായി ഒന്നോ രണ്ടോ ശിഷ്യന്മാർ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറഞ്ഞുഎന്നു് അദ്ധ്യാപകൻ സമാധാനപ്പെടുന്നതിനു്, അവരുടെ ഉത്തരങ്ങളിൽ പാഠത്തിൽഉള്ള ഒന്നോ രണ്ടോ വാക്കുകളും കണ്ടേയ്ക്കാം. പാഠപുസ്തകത്തിലെ പദങ്ങളേയും വാക്യരീതിയേയും മാററി, പരിശോധകന്മാർ ചോദിച്ചുപോയെങ്കിൽ ചുററി. ഉത്തരം ഒന്നും കിട്ടുകയില്ല. 'എന്താ ഇങ്ങനെയിരിക്കുന്ന'തെന്നുചോദിച്ചാൽ ആൾമാറിക്കണ്ടിട്ട് വിദ്യാത്ഥികൾ ഭ്രമിച്ചുപോയിഎന്നു സമാധാനവും പറയും. വേണ്ടിവന്നാൽ, പുസ്തകത്തിലുള്ള നിർദ്ദേശകവാക്യങ്ങളെ ചോദ്യരൂപത്തിലാക്കി പ്രയോഗിച്ചു പരിശോധകൻ ആവശ്യപ്പെട്ട ഉത്തരത്തെ പുസ്തകത്തിലുള്ളതുപോലെ അദ്ധ്യേതാക്കളെക്കൊണ്ടു ആവത്തിപ്പിക്കയും ചെയ്യും. അന്തർവ്യാപാരശക്തന്മാരായ വിദ്യാത്ഥികളെ കേവലം സ്വനഗ്രാഹികളായിട്ടു കാണുമ്പോൾ, ആക്കാണു് നെഞ്ചുവേകാത്തതു്. ഹാ! കഷ്ടം! രീതിദോഷത്താൽ വരുന്ന ആപത്തു്! ചരടുകൈയിലിരിക്കുമ്പോൾ, പാവ കൃത്താടും എന്നമട്ടിൽ പാഠശാലയിൽ ഇരിക്കുന്നിടത്തോളം പരിശോധകന്മാരുടെ കണ്ണിൽ മണ്ണിടാൻ അദ്ധ്യാപകന്മാർ വിദ്യാത്ഥികളെ ചലിപ്പിക്കും. ആ ബന്ധം വിട്ടുപോയാൽ അചേതനങ്ങളാ

യിത്തീരുന്ന വിദ്യാൎത്ഥികളുടെനേക്ക് തോന്നിയ അനുകമ്പ മൂലം, മനശ്ശാസ്ത്രജ്ഞന്മാരും നൈയായികവിദഗ്ദ്ധന്മാരും അദ്ധ്യാപകന്മാരോടു ബോധനരീതിയെ ഉടച്ചുവാക്കാൻ പറയുന്നുണ്ട്. അവർ പറയുന്ന രീതിയിൽ ഭാഷാപാഠം വിഷയവിജ്ഞാപനത്തിൽ ആരംഭിക്കുന്നു. അന്തരംഗവികസനം ലഭിച്ചിട്ടില്ലാത്തവരാകയാൽ ആശയഗ്രഹണം സഹായംകൂടാതെ ബാലന്മാൎക്ക് സാദ്ധ്യമല്ല അതുകൊണ്ട് പാഠവിഷയത്തെ സംഭാഷണദ്വാരാ ഗ്രഹിപ്പിക്കുക. ആ സംഭാഷണത്തിൽതന്നെ വായിക്കാൻപോകുന്ന ഭാഗത്തിലെ നൂതനപദങ്ങളേയും പ്രയോഗവിശേഷങ്ങളെയും സംക്രമിപ്പിക്കുക. മാതൃകകളായി ഉപയോഗപ്പെടത്തക്ക വണ്ണം ഒരുക്കിയ ചെറിയ വാക്യങ്ങളിൽ നൂതനപദങ്ങളേയും മററും പ്രയോഗിച്ചാൽ അനുകരണശക്തിയും വിഷയസംബന്ധവുംമൂലം ബാലന്മാർ ആശയങ്ങളോടുചേൎത്തു തന്നെ നൂതനപദങ്ങളേയും പ്രയോഗവിശേഷങ്ങളേയും സൂക്ഷ്മമായി ഗ്രഹിക്കുന്നു. ഇപ്രകാരം നിശ്ചിതഭാഗത്തിലെ കാൎയ്യങ്ങൾ മനസ്സിലാക്കിക്കൊടുത്തുകഴിഞ്ഞാൽ അവരെക്കൊണ്ടുതന്നെ വിഷയസംക്ഷേപം ചെയ്യിക്കുക. അങ്ങനെ ചെയ്യുമ്പോൾ, ഏതെങ്കിലും സാരമായ സംഗതികളൊ പദങ്ങളോ പ്രയോഗവിശേഷങ്ങളോ അവൎക്ക് സ്പഷ്ടമായിട്ടില്ലെന്നു സംശയംതോന്നിയാൽ, ആ പ്രത്യേകസംഗതികളെലക്ഷ്യമാക്കി ചോദ്യങ്ങൾനൽകി ഉത്തരങ്ങൾവരുത്തി സംശയം തീൎക്കുക. ഇത്രയും കഴിഞ്ഞതിനുമേലേ ബാലന്മാരെക്കൊണ്ടു വായിപ്പിക്കാവൂ. വായനയിൽ ആഖ്യാഭാഗം ആഖ്യാതഭാഗം രണ്ടും പിരിയണം. "അനുഭാവാദാവിൎഭാവം"എന്ന തത്വത്തെ പുരസ്കരിച്ചുള്ള ഈ രീതിയിൽ മാതൃകാവായനയ്ക്കു ആവശ്യം ദുൎല്ലഭമായിട്ടേ വരികയുള്ളൂ. അതും അൎത്ഥസ്പഷ്ടതയ്ക്കു വേണ്ടതായ പദസമുച്ചയനം,

ധ്വനി, ആരോഹാവരോഹം എന്നിവയെ ഉദ്ദേശിച്ചായിരിക്കും. ക്ലാസിൽ ഉള്ളവരിൽ സമത്ഥന്മാരായ ഏതാനും അദ്ധ്യേതാക്കളെക്കൊണ്ടു് ആദ്യം വായിപ്പിച്ചാൽ മിക്കവാറും മാതൃകാവായനക്കൂടാതെ കഴിക്കാം; ഒഴിച്ചുകൂടാത്ത അവസരത്തിൽ ഉപയോഗിക്കയുംചെയ്യാം. ആവത്തനചോദ്യങ്ങൾകൊണ്ടു് പാഠം അവസാനിപ്പിക്കേണ്ടതാകുന്നു. ഇപ്രകാരം ഒരു പാഠം നടത്തിയാൽ വിഷയവും ഭാഷയും അവരുടെ ഹൃദയത്തിൽ ഊറിത്താണു് ഉറവായി നിലകൊള്ളുന്നതിനു സമയം അനുവദിച്ചിട്ടു് അടുത്ത പാഠം ആരംഭിക്കുമ്പോൾ, മുന്നറിവു പരിശോധിക്കുന്ന ഘട്ടത്തിൽ അതീതപാഠത്തെ വാചാരചനയായി പരിണമിപ്പിക്കണം. അപ്പോഴും ആരുടെയെങ്കിലും ഉത്തരത്തിൽ അല്പം ന്യൂനതകാണപ്പെട്ടാൽ അതിനെ തീക്കുകയും സംബന്ധപ്പെടുത്തി നൂതനപാഠത്തിലെ വിഷയവിജ്ഞാപനം ആരംഭിക്കുകയുംചെയ്യണം.

ആദ്യത്തെ ക്ലാസിൽ, കുട്ടികൾക്കു പുസ്തകം ആവശ്യമില്ലെന്നു തോന്നുന്നു അതിനുപകരം കഥകളെഴുതിച്ചു വായിപ്പിക്കയാണു വേണ്ടതു്. ബാലന്മാരുടെ അന്തരംഗവ്യാപാരത്തിനു വഴിപ്പെടുന്ന വിഷയങ്ങളെ അവരറിയുന്ന പദങ്ങളെച്ചേത്തു നിമ്മിക്കപ്പെട്ട സൂക്തികകളെക്കൊണ്ടു് മുൻകൂട്ടി രചിച്ചുവച്ചു് വിഷയവിജ്ഞാപനത്തിൽ പ്രയോഗിക്കണം. വിഷയസംബന്ധംമൂലം അത്ഥം സ്പഷ്ടമാകുന്നവിധം ഏതാനും നൂതനപദങ്ങളേയും അവതരിപ്പിക്കാം. അങ്ങനെ മുൻസൂചിപ്പിച്ച രീതിപിടിച്ചു് വിഷയവിജ്ഞാപനവും സാരസംക്ഷേപണവും നടത്തീട്ടു കഥ പറയിക്കണം. ഇവിടെ, ചോദ്യങ്ങൾ അത്യാവശ്യം പ്രമാണിച്ചുമാത്രമേ ചോദിക്കാവൂ. അതും കഥപറയുന്നതിനി

ഒട്ടും പാടില്ല. ബാലന്മാർ പറയുന്ന വാചകങ്ങൾ അടുക്കി ക്രമപ്പെടുത്തിക്കിട്ടത്തക്കവണ്ണം അപ്പോഴപ്പോൾ ഓരോവാക്യമായി അധ്യാപകൻ ബോർഡിലെഴുതണം. അങ്ങനെ, കഥ മുഴുവനും എഴുതിത്തീന്നാൽ ഒന്നോ രണ്ടോ താണതരം കുട്ടികളെക്കൊണ്ടു വായിപ്പിച്ചിട്ട് ഓരോരുത്തരും അവരവരുടെ നോട്ടുബുക്കിൽ പകർത്തിക്കൊള്ളാൻ ഇട കൊടുക്കണം. അവർ പകർത്തുമ്പോൾ ഒരുതെററും വരാതെ അധ്യാപകൻ ചുററിനടന്നു പരിശോധിച്ചു ശരിപ്പെടുത്തണം. ഇപ്രകാരം ബാലന്മാർ എഴുതിയെടുക്കുന്നതിനു സമർത്ഥന്മാരാകുമ്പോഴെ അതു ചെയ്യിക്കാവൂ. അതിനു മുമ്പ് ബോർഡിൽ അധ്യാപകൻ എഴുതിയതിനെ അവർ വായിച്ചു ശീലിച്ചാൽ മതിയാകും. അവർ നോട്ടുബുക്കുകളിൽ എഴുതിക്കൊള്ളുന്നതിനുള്ള സമയം വരുന്നതുവരെ അവരേക്കൊണ്ട് ബോർഡിൽ എഴുതിയ്ക്കാൻ ആവത്തനെ ചുട്ടത്തെ ഉപയോഗപ്പെടുത്തണം.

൧൦. കഥകൾ—പ്രഥമക്ലാസിൽ ഉപയോഗപ്പെടുത്താവുന്ന കഥാവിഷയത്തേയും ഭാഷാരീതിയേയും പററി അല്പം വിവരപ്പെടുത്തേണ്ടിയിരിക്കുന്നു.

(a) വിഷയം—(൧) ബാലപ്രകൃതിയെ പ്രദർശിപ്പിക്കുന്ന കഥകൾ.

(൨) ധീരകേസരികളുടെ ബാലജീവിതചരിത്രങ്ങൾ.

(൩) പുരാണപുരുഷന്മാരുടെ ബാലജീവിതകഥകൾ.

(൪) അവരുടെ ശ്രദ്ധയെ ബലാൽ ആകർഷിക്കുന്ന പ്രകൃതിവിലാസവൃത്താന്തങ്ങൾ.

* ൪.

ഇവ കൂടാതെ, ഒരുക്കത്തിന്റെ രണ്ടാമത്തെ ഘട്ടത്തിനുചിതമാണെന്നു മുമ്പിൽ പറയപ്പെട്ട വിഷയങ്ങളേയും ഇതിനുപയോഗിക്കാം.

(b) ഭാഷ (൧)—അറിഞ്ഞിട്ടുള്ള പദങ്ങളോ, വിഷയസംബന്ധംമൂലം എളുപ്പം അൎത്ഥം മനസ്സിലാകുന്ന പദങ്ങളോ മാത്രമേ പ്രയോഗിക്കാവൂ.

(൨) കൎത്താ, കൎമ്മം, ക്രിയ എന്നീമൂന്നും മാത്രം അടങ്ങിയ ചൂൎണ്ണികകൾകൊണ്ടു് നിൎമ്മിക്കപ്പെട്ടതായിരിക്കണം കഥ.

൧൧. **കഥാകഥനപ്രയോജനം**—"കുട്ടികളുടെ മനോധൎമ്മത്തിനും, മനോഭാവത്തിനും അനുയോജിച്ചതായ കഥകളേക്കാൾ മറെറാന്നുംതന്നെ ചെറുകുട്ടികളെ സന്തോഷിപ്പിയ്ക്കുന്നില്ലെന്നുള്ളതു് സുപ്രസിദ്ധമായ ഒരു വസ്തുതയാണു്. കഥകൾമൂലം ഉപയോഗപ്രദമായ അറിവു നൽകുന്നതിനും, മേലിൽ ഇവമൂലം ശാസ്ത്രീയജ്ഞാനം ഉണ്ടാക്കാൻ യത്നിക്കുന്നതിനും, കുട്ടികളെ സമുദായസേവനത്തിനു് പ്രാപ്തരാക്കുന്നതിനും ഈ രസാസ്വാദനത്തിൽ കുട്ടികൾക്കുള്ള ജന്മവാസനയേ ഉപയോഗപ്പെടുത്തേണ്ടതാകുന്നു. ഓരോ ഗൃഹത്തിലും അച്ഛനമ്മമാർ കുട്ടികളെകഥകൾ പറഞ്ഞുകേൾപ്പിയ്ക്കുന്നുണ്ടു്. എന്നാൽ,അവയിൽ പ്രത്യേകമായ ഉദ്ദേശമോ, സങ്കല്പമോ ഇല്ലാഴികനിമിത്തം അതുകൊണ്ടുള്ള പ്രയോജനം നഷ്ടമാകുന്നു. പള്ളിക്കൂടത്തിൽവച്ചു് ജീവിതനിൎവ്വഹണത്തിൽ അത്യന്തം പ്രയോജനകരമായ കാൎയ്യങ്ങളെ കഥമൂലം സാധിക്കാൻ പരിചയവിദഗ്ദ്ധനായ ഒരദ്ധ്യാപകനു് കഴിയുന്നതാണു്. കുട്ടി

കൾക്ക് സംഘംകൂടിയിരുന്ന് ഒരു കഥ കേൾക്കുന്നതിലുള്ള ആനന്ദവും അതുകൊണ്ടുള്ള ഗുണവും വളരെ കൂടുതലായിരിയ്ക്കും. അധ്യാപകനും, പാഠശാലയും അവക്ക് ചേതോഹരങ്ങളായിത്തീരുന്നു. ഇപ്രകാരമാകുമ്പോൾ ഏററവും അതൃപ്തികരമായ ഒരു പാഠശാലയിലെ രസവിഹീനമായ അധ്യയനശ്രമം പോലും, മിക്കവാറും കുറഞ്ഞുപോകുന്നു. ഇത് ഉത്സാഹശീലത്തേയും ഹൃദയലാഘവത്തേയും ഉണ്ടാക്കുകയും പുലർത്തുകയും ചെയ്യുന്നു. നേരാംപോക്കായിട്ടാണെങ്കിലും വളരെ ഫലപ്രദമായ വിധത്തിൽ കുട്ടികൾക്ക് അറിവിനെ പ്രദാനം ചെയ്യുന്നതിന്നും സന്മാർഗ്ഗാദർശങ്ങളെ ഹൃദിസ്ഥമാക്കുന്നതിന്നും ഏററവും ഉത്തമമായ മാർഗ്ഗം കഥാകഥനമത്രേ." കഥകൾ സന്മാർഗ്ഗപാഠത്തെ ഉദ്ദേശിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ കണ്ടുവരാറുള്ളതുപോലെ, ഗുണപാഠം എന്ന ഇനത്തിൽ ഒരു വാക്യം പറഞ്ഞുകൊടുത്ത് ഉരുവിട്ടുവിയ്ക്കുന്നത് നിഷ്പ്രയോജനമാണ്. സന്മാർഗ്ഗബോധം, പറഞ്ഞുകൊടുത്തല്ല ഉണ്ടാക്കേണ്ടത്. സമസൃഷ്ടങ്ങളുടെ നടത്തകളെ ഗ്രഹിച്ച് അതിൽനിന്നും ഗുണദോഷവിവേചനം മൂലം അവനവന്റെ ഉള്ളിൽ ഉണ്ടാകുന്ന അനുഭാവബലത്താൽ അങ്കുരിയ്ക്കേണ്ടതാകുന്നു. അതുകൊണ്ട് യുക്തങ്ങളായ അനുഭാവങ്ങൾ ഉണ്ടാകത്തക്കവണ്ണം കഥാകഥനത്തെ രൂപവത്ക്കരിക്കേണ്ടതാണ്. 'കഥാകഥനം'എന്ന പദത്തെ അക്ഷരംപ്രതി അധ്യാപകൻ ഓക്കണം. കഥ പറകയല്ലാതെ, ഒരു ക്ലാസിലും കഥ വായിച്ചുകേൾപ്പിക്കുന്നത് നന്നല്ല. വായിച്ചുകേൾപ്പിക്കുമ്പോൾ അർത്ഥാനുസരണമായ ആങ്ഗ്യങ്ങൾക്ക് വേണ്ടപോലെ സൗകര്യം ലഭിയ്ക്കുന്നതല്ല. അധ്യാപകന്ന് ബാലന്മാരുടെ മുഖഭാവം മനസ്സിലാക്കി, സ്വരം, ധ്വനി, മുതലായവയെ

ക്രമപ്പെടുത്താൻ സാധിയ്ക്കുകയില്ല. ദൃഷ്ടികളുടെ ശക്തിയും അധ്യാപകനേ സഹായിക്കാൻ തരമില്ലാതെ നഷ്ടമാകുന്നു. അതുകൊണ്ടു് കഥ വായിച്ചുകേൾപ്പിച്ചു് പാഠത്തെ മൃതപ്രായമാക്കരുതെന്നു് വീണ്ടും വീണ്ടും ഓൎമ്മിപ്പിയ്ക്കുന്നു.

ഇപ്രകാരം, പ്രാരംഭക്ലാസിൽതന്നെ പഠിപ്പിയ്ക്കപ്പെടുന്ന വായന, ഉദ്ദേശസാധകമായിരിക്കുന്നതിനു പുറമേ ഭാഷാപാഠങ്ങളുടെ മററംശങ്ങളായ കഥനം, രചന എന്നിവയ്ക്കു് ഏററവും അനുകൂലമായിരിക്കയും ചെയ്യും.

൧൨. പുസ്തകം—ഒന്നാംക്ലാസ്സിൽ, പുസ്തകം ബാലന്മാർ ഉപയോഗിക്കണമെന്നു വന്നാൽ അതിനും ചില ഒരുക്കങ്ങളൊക്കെ കഴിച്ചിട്ടേ അവൎക്കു കൊടുക്കാവൂ; പാഠശാലയിൽ പ്രവേശിച്ച ഉടനെ കൊടുത്തുകൂടാ. പുസ്തകങ്ങളെ ശരിയായി സൂക്ഷിക്കാൻ അപ്പോൾ അവൎക്കു സാധ്യമല്ല. അതുകൊണ്ടു് പ്രാരംഭഘട്ടത്തിൽ അധ്യാപകൻ ഉപയോഗിക്കുന്ന പുസ്തകങ്ങൾ എങ്ങനെ സൂക്ഷിക്കപ്പെട്ടു വരുന്നുവെന്നു് അനുഭവംകൊണ്ടു് അവർ അറിഞ്ഞു അനുകരിക്കാൻ ആഗ്രഹം ജനിപ്പിച്ചിട്ടു വേണം പുസ്തകം കൊടുക്കാൻ. അങ്ങനെ കൊടുക്കപ്പെടുന്ന പുസ്തകങ്ങൾക്കു് ഏതാനും ലക്ഷണങ്ങളുണ്ടായിരിക്കണം.

൧. ചീത്തയാക്കരുതെന്നു കുട്ടികൾക്കു തോന്നത്തക്കവണ്ണം കാഴ്ചയ്ക്കു രമണീയമായിക്കണം.

൨. സൂക്ഷിച്ചു വച്ചുകൊള്ളണമെന്നുള്ള കൎത്തവ്യബോധം, ബാലന്മാൎക്കു് വന്നിരിക്കാനിടയില്ലാത്തതിനാൽ എളുപ്പം കീറിപ്പോകാത്തവിധത്തിൽ കട്ടിക്കടലാസുകൾ

ഉപയോഗപ്പെടുത്തുകയും നൂലുകൊണ്ടു ബലമായി കുത്തി കെട്ടുകയും ചെയ്തിരിക്കണം.

൩. അച്ചടി വലിയ അക്ഷരങ്ങളിലായിരിക്കണം; അല്ലാത്തപക്ഷം കണ്ണിന്നു ന്യൂനതയെ ജനിപ്പിക്കും.

൪. ചിത്രപടങ്ങൾ ഇടക്കിടെ ഉണ്ടായിരിക്കണം; മററു ചിലതു് പരിലേഖങ്ങളും, കറുത്ത മഷിഛായകളുമായിരിക്കണം.

൫. ഭാഷയുടെ രീതിയും, വിഷയസ്വഭാവവും ക്ലാസ്സിനുചിതമായിരിക്കണം.

൬. വില, കഴിയുന്നതും കുറഞ്ഞിരിക്കണം.

൨൰൩. **കൈയ്യെഴുത്തു്.**—അക്ഷരംപഠിപ്പിക്കാനുള്ള ശ്രമത്തിൽ അധ്യേതാക്കളെക്കൊണ്ടു് എഴുതിച്ചുവന്നു എന്നുവരുകിലും അപ്പഴത്തെ ഉദ്ദേശം മുഖ്യമായ് ലിപികളുടെ രൂപം മനസ്സിലാക്കാനും ചിഹ്നങ്ങളെ തിരിച്ചറിഞ്ഞു ഉച്ചരിപ്പിക്കാനുമായിരുന്നു. എന്നാൽ ആ ഘട്ടത്തിലും അക്ഷരങ്ങളുടെ വടിവുമുതലായതിനെ ശ്രദ്ധിക്കാതിരുന്നിട്ടില്ല. കൈയ്യെഴുത്തു പാഠത്തിൽ കൈപ്പടനന്നാക്കുന്ന ഏകോദ്ദേശമാണുള്ളതു്. ആ വിഷയത്തെപ്പററിയുള്ള സൂചനകളെ ഇവിടത്തേയ്ക്കു മാററിവച്ചതിനു കാരണം അതാണു്. നല്ല കൈപ്പട ബലമായ ശിപാൾ, എന്നൊരുപഴമൊഴി ഇംഗ്ലീഷിൽ പറഞ്ഞുവരാറുണ്ടു്. അച്ചടിയും ടൈപ്പ്റൈററിങ്ങും വ്യാപിച്ചുവരുന്ന ഇക്കാലത്തു് കൈയ്യടയുടെ പ്രധാന്യം അല്പം കുറയുമായിരിക്കാം. കാഴ്ചയെയല്ല കാര്യത്തേയാണു് ഗൌനിക്കേണ്ടതു്, എന്നുള്ള അഭിപ്രായത്തിനാണല്ലോ

ഇപ്പോൾ ബലം കൂടുതലുള്ളതും. എങ്കിലും കൈപ്പട ഇപ്പോഴും നന്നായിരിക്കേണ്ടതുതന്നെ. എല്ലാ കാൎയ്യങ്ങൾക്കും അച്ചാപ്പീസുകളെആശ്രയിക്കുന്നതു് സാദ്ധ്യമാണോ?. എന്നു മാത്രമല്ല കൈപ്പടനന്നാകുന്ന ശ്രമത്തിൽ അന്തർഭവിക്കുന്ന സാമ്യതാരതമ്യങ്ങളെ സംബന്ധിച്ചുപ്രവൎത്തിക്കുന്ന വിവേചനശക്തി, ഭംഗിയെപ്പററിയുള്ള ആലോചന, ശുചിത്വബുദ്ധി എന്നിവയും ഗണനീയമാണല്ലോ.

കൈയ്യെഴുത്തിനെപ്പററി, ആദ്യമായ് ആലോചിക്കേണ്ടതു് നേർവടിവോ ചായ്വടിവോ സ്വീകാൎയ്യം എന്നാണു്. ആൎജ്ജവമാണു് വക്രതയെക്കാൾ നല്ലതു് എന്നു് പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. നേർവടിവു ശീലിക്കുന്നതു് എളുപ്പവും സ്വാഭാവികവുമാണു്. ക്ലിപ്തസ്ഥലത്തു് അധികം അക്ഷരങ്ങളെഴുതാൻ സാധിക്കും. ഭംഗിയും അതുതന്നെ. ചായ്വടിവു ശീലംപോലെ ശരീരത്തിനു് അത്ര ന്യൂനതയൊന്നും വരുത്തുന്നതല്ല. എങ്കിലും പലരും ചായ്വടിവിൽ തിരിഞ്ഞുപോകാറുണ്ടു്. ആരംഭംമുതല്ക്കേ ശ്രദ്ധ പതിച്ചാൽ അങ്ങനെവരാതെ സൂക്ഷിക്കാം. അതുചെയ്യേണ്ടതു് അത്യാവശ്യമാകുന്നു.

നമ്മുടെനാട്ടിൽ പൂഴിയിലെഴുത്താണു് പ്രാരംഭത്തിൽ പരിചയിക്കാറുള്ളതു്. ഈ ശ്രമത്തിൽ പെൻസിൽപിടിക്കുന്നവിഷമമില്ല. സ്ലേററോ, കടലാസോ ആവശ്യമില്ല. നാട്ടുനടപ്പനുസരിച്ചു് കുട്ടികൾക്കു തറയിൽ ഇരിക്കാനും വൈമനസ്യം തോന്നുന്നതല്ല. പൂഴിയിലെഴുത്തായാൽ ഓരോ ലിപിയുടേയും അംശങ്ങളെ പ്രത്യേകം ഗൗനിച്ചു മനസ്സിലാക്കത്തക്കവണ്ണം വലിപ്പംകൂട്ടി എഴുതാൻ സൗകൎയ്യമുണ്ടു്. ഒരേ സമയത്തു് എല്ലാകുട്ടികളുടേയും പരിശ്രമങ്ങളെ കണ്ടു് വേണ്ടതുപ്രവൎത്തിക്കാൻ അധ്യാപകന്നു്

സൌകൎയ്യവും ലഭിക്കുന്നുണ്ട്. അതുകൊണ്ട് പൂഴിയെഴുത്തിനെ ഉപേക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും, ഈ പതിവിനെ എതിൎത്തു പറയുന്നവരും ഇല്ലാതില്ല. അതിനുപറയുന്ന കാരണങ്ങൾ കുട്ടികളുടെ വസ്ത്രവും ശരീരവും എളുപ്പം വൃത്തികേടാകുന്നു എന്നും, തറയിൽ ഇരുന്നു എഴുതുമ്പോൾ കുഞ്ഞുങ്ങൾക്കു നട്ടുവു ക്രുനിപ്പോകാൻ ഇടയാകുന്നു എന്നുമാണ്. വൃത്തികേടാകാതെ സൂക്ഷിക്കുന്നതിനു കൂടക്കൂടെ മണലുമാററി വിരിച്ചുകൊടുത്താൻ മതിയാകും. നിവൎന്നിരുന്ന് കൈമാത്രം നീട്ടി ആവശ്യംപോലെ ചലിപ്പിക്കാൻ പരിചയിച്ചാൽ, നട്ടുവു ക്രുനിപോകുമെന്നു ഭയപ്പെടേണ്ടതില്ല. അധ്യാപകന്മാരുടെ ശ്രദ്ധക്കുറവുമൂലം വരുന്ന ന്യൂനതകളെ,പൂഴിയിലെഴുത്തിന്റെ ന്യൂനതകളായി ഗണിക്കേണ്ട ആവശ്യവുമില്ല.

സ്ലേററുകൊടുത്ത് എഴുതിക്കുന്നത് ഈ ക്ലാസ്സിൽ നല്ലതാണെന്നു തോന്നുന്നില്ല. ഏകസമയത്ത് ഇടത്തേകൈകൊണ്ട് സ്ലേററിനെ ഉടലോടു ചേൎത്തുപിടിക്കാനും വലത്തെക്കൈകൊണ്ട് പെൻസിൽപിടിച്ച് അതിന്മേൽ എഴുതാനും അധ്യേതാക്കൾക്കു പ്രയാസമാണ്. തലയും നാക്കും ഉടലും അനാശാസ്യമായവിധം ചലിപ്പിക്കുന്നതു കണ്ടാൽ ഇപ്രകാരമുള്ള പരിശ്രമത്തിൽ അവൎക്കു തോന്നുന്ന സങ്കടം പ്രത്യക്ഷമാകുന്നതാണ്. പുറമെ, സ്ലേററ് താഴത്തിട്ടുടയ്ക്കുയോ കാലുകളിൽ മുറിവേല്പിക്കയോ ചെയ്തുവരുന്നതും ഗണനീയമാകുന്നു. ഈ സങ്കടങ്ങളെ പരിഹരിക്കാനായ് ഓരോ ഡെസ്കുകൊടുത്ത് അതിന്റെ മൂടിയിൽ ഉൾവശത്ത് ജപ്പാനിട്ടു പ്രത്യേകം പ്രത്യേകം ബ്ലാക്കുബോൎഡാക്കി ഉപയോഗിക്കാറുണ്ട്. തിരുവനന്തപുരം മാഡൽസ്ക്കൂളിൽ ഈ സമ്പ്രദായം കാണുന്നു. ഇതിലും, പൂഴിയിലെഴുത്തിനെ

പ്പുററിപ്പറഞ്ഞ, നട്ടവു കുനിപ്പോകം എന്ന, ആക്ഷേപം ഉണ്ടാകാം. പരിഹാരം അതിലെന്നപോലെ എളുപ്പവുമല്ല. ഡെസ്കിൻെറ മേൽമൂടി തുറന്നുവച്ചാൽ എഴുതുന്ന കുട്ടിയിൽനിന്നും അല്പം അകലെയായിരിക്കാനെ സാധിക്കു. അതുകൊണ്ടു ഇവിടേയും കുനിഞ്ഞുനിന്നു് എഴുതേണ്ടതായ് വരുന്നില്ലേ?

ബോർഡിലെഴുത്തു ശീലിപ്പിക്കാം. അക്ഷരനിമ്മാണവും, വടിവും പൂഴിയിലെഴുതി സാമാന്യം മനസ്സിലായതിൽപിന്നെ ചാക്കുപെൻസിൽ ശരിയായ് പിടിക്കുന്ന ശ്രമത്തിനു കുട്ടികളെ ക്ഷണിച്ചാൽ ക്രമാനുഗതമായിരിക്കുമെന്നു തോന്നുന്നു. മേശപ്പുറത്തു് കാപ്പിപുസ്തകംവച്ചു് പെൻസിൽ കൊണ്ടു് എഴുതാൻതുടങ്ങുന്നതിനു മുമ്പായി ബോർഡിലെഴുത്തു് പരിചയിച്ചിരിക്കുന്നതു വളരെ ഉപയോഗപ്രദമാണു്. കൈയ്യെഴുത്തു ശീലിപ്പിക്കുന്നതിലും അക്ഷരാഭ്യാസഘട്ടത്തിൽ പ്രയോഗിച്ച ഏതാനും അംശങ്ങളെ സ്വീകരിക്കേണ്ടതുതന്നെ. അവർ പഠിച്ച ഈരെഴുത്തുമൊഴികളെ എഴുതാൻപറയാം. അവർ എഴുതുന്ന ഓരോ അക്ഷരത്തേയും പരിശോധിച്ചു തിരുത്തിയാലല്ലാതെ പ്രയത്നം ഫലപ്രദമാകുമെന്നു തോന്നുന്നില്ല. ഈ സംഗതിയിലും അദ്ധ്യാപകൻ മാതൃകയായ് എഴുതിക്കൊടുക്കുന്നതിനെ ശ്രദ്ധയോടുകൂടി അവലോകനംചെയ്തു് ചാക്കുപെൻസിലിൻെറ പോക്കും, അക്ഷരങ്ങളുടെ രൂപീകരണവും അവർ ശരിയായി ഗ്രഹിച്ചുകഴിഞ്ഞിട്ടുവേണം അവരെക്കൊണ്ടു് എഴുതിക്കാൻ. അവരെഴുതുന്ന ഓരോ അക്ഷരത്തേയും അപ്പോഴപ്പോൾ പരിശോധിച്ചു തിരുത്തിക്കൊടുത്തു് മാററി എഴുതിച്ചാൽമാത്രമേ കൈയ്യെഴുത്തു നന്നാവൂ.

൫൪ പകൎത്തിഎഴുത്തു്—പകൎത്തി എഴുത്തിന്റെ ഉദ്ദേശം കൈപ്പട നന്നാക്കാൻ മാത്രമാണെന്നു് വിചാരിച്ചുപോകരുതു്. അവലോകനശക്തിയേയും ധാരണാശക്തിയേയും പ്രവൎത്തിപ്പിക്കാൻ ഉതകുന്നതാണു്. ഒററ ഒററപ്പദങ്ങളെ കണ്ടു് എഴുതുന്നഘട്ടം കഴിഞ്ഞിട്ടുവേണം, പകൎത്തി എഴുത്തു് ആരംഭിക്കുവാൻ. ഒരു ചൂൎണ്ണിക ബോൎഡിൽ അധ്യാപകൻ എഴുതിക്കൊടുക്കണം. രണ്ടുപദങ്ങൾമാത്രം അടങ്ങിയതാണെങ്കിൽ ആ ചൂൎണ്ണികയേ ഒരേ നോട്ടംകൊണ്ടു് കുട്ടികൾ ഗ്രഹിച്ചിട്ടു് വീണ്ടുംനോക്കാതെ പകൎത്തി എഴുതാൻ ശീലിപ്പിക്കേണ്ടതാണു്. ആഖ്യാഭാഗം, ആഖ്യാതഭാഗം രണ്ടും തിരിച്ചു് വായിക്കാനുള്ള ചൂൎണ്ണികയാണെങ്കിൽ, പിരിച്ചുവായിച്ചു ഗ്രഹിച്ചിട്ടു പകൎത്തി എഴുതാൻ അവർ തുടങ്ങണം. ഇപ്രകാരം ശീലിയ്ക്കുന്നതിൽനിന്നും ലഭിക്കുന്നതുപോലെ അവലോകനശക്തിയുടെയും ധാരണാശക്തിയുടെയും വ്യായാമമോ വികസനമോ ഒററയൊററ എഴുത്തായിനോക്കി എഴുതുന്നതിലുണ്ടാകുന്നതല്ല. ഏതുപ്രയത്നത്തിലും ആന്തരവ്രതത്തെ പ്രവൎത്തിപ്പിച്ചേമതിയാവൂ. അതു അനുഭാവംമൂലമല്ലാതെ സാധ്യമല്ല. എഴുതിയ ചൂൎണ്ണികയിലെ സംഗതിയെ ഗ്രഹിച്ചു് അൎത്ഥത്തിനനുസരണമായി ഭാഗിച്ചു് ഓൎമ്മിച്ചെഴുതാൻ ശീലിപ്പിച്ചാൽ കൈയ്യെഴുത്തുനന്നാകുന്നതിനുപുറമേ അന്തശ്ശക്തി വികസിക്കുന്നതിനും പകൎത്തിഎഴുത്തു സാധനമായിരിക്കും. അതുകൊണ്ടു് ചുരുങ്ങിയപ്രയത്നംമൂലം വലുതായഫലം സാധിക്കാനും മററുള്ള പാഠങ്ങളോടു് ഓരോ പാഠത്തേയും പ്രയോജനകരമായവിധം സംബന്ധപ്പെടുത്താനും അധ്യാപകൻ പകൎത്തി എഴുത്തു പാഠത്തിലും ഓൎമ്മിച്ചുകൊള്ളേണ്ടതാകുന്നു. ആ സമയത്തേ വിശ്രമാവസരമായി വിചാരിച്ചു കളയരുതു്.

൫൭. കഥനം—കഥനപാഠങ്ങളുടെ ഉദ്ദേശങ്ങൾ പലതരങ്ങളാണ്. ഉച്ചാരണം നന്നാക്കുക, ആരോഹാവരോഹക്രമത്തിൽ ശബ്ദത്തെ നിയന്ത്രിപ്പിക്കുക, ആശയങ്ങളെ സ്വാഭാവികശക്തിയോടുകൂടി ആവിർഭവിപ്പിയ്ക്കുക, ഓർമ്മശക്തിയെബലപ്പെടുത്തുക, അവരുടെ അറിവിനായി പദങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുക, സംഗീതരസം ഉദിപ്പിക്കുക, സാഹിത്യാഭിരുചിയെ ജനിപ്പിയ്ക്കുക, വിശ്രമാവസരങ്ങളിൽ പരാപേക്ഷകൂടാതെ ആഹ്ലാദം അനുഭവിക്കാൻ മാർഗ്ഗംതെളിക്കുക, എന്നിവയെല്ലാം കഥനപാഠത്തിൻെറ ഉദ്ദേശങ്ങൾ തന്നെ. അതുകൊണ്ട് കഥനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന പദ്യഖണ്ഡങ്ങളും മാത്രാനിയന്ത്രിതവാക്യങ്ങളും ഉദ്ദേശാനുകൂലമായിരിക്കണമെന്ന് പ്രത്യേകിച്ചുപറയേണ്ടതില്ല. മാത്യൂ ആർണ്ണാൾഡ് ഈ വിഷയത്തേപ്പററി പറഞ്ഞിട്ടുള്ളതിവിടെ സംക്ഷേപിക്കുന്നു:—“കഥനത്തിന് തിരഞ്ഞെടുക്കപ്പെടുന്ന പദ്യഖണ്ഡങ്ങൾ ലളിതമനോഹരങ്ങളായ പദങ്ങളും ആശയങ്ങളും നിറഞ്ഞവയും ബാലമനസ്സിനും ഹൃദയത്തിനും വിഷയമാകുന്നവയും ആയിരിക്കുന്നതിനുപുറമേ, പാഠത്തിനുള്ളിൽതന്നെ, രസമനോഹാരിതകളുടെ കേന്ദ്രം സ്ഥിതിചെയ്യുന്നവയായും ഇരിക്കേണ്ടതാണ്.” സാഹിത്യസൗരഭ്യം അധ്യേതാക്കളെ ബലാൽ ആമോദിപ്പിക്കുന്ന ഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ, അദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മനസ്സിനും. ഹൃദയത്തിനുംവിഷയമാകണമെന്നുപറഞ്ഞതിനെ പൂർണ്ണാർത്ഥബോധം ബാലന്മാൎക്കുണ്ടാക്കണമെന്നു കരുതിയതായി വിചാരിച്ചുപോകരുതു്. അർത്ഥം കാൽഭാഗവും പദങ്ങൾ മുക്കാൽഭാഗവും എന്നു് ബെയിൻ പറയുന്നതു് നമ്മുടെ ഒന്നും രണ്ടും ക്ലാസുകൾക്കു് യോജിക്കുന്നതാണ്.

കഥനപാഠവും, വായനപാഠംപോലെ വിഷയവിജ്ഞാപനത്തിലാണ് ആരംഭിക്കേണ്ടതു്. എന്നാൽ അത്ര മാത്രം വിപുലമായും സൂക്ഷ്മമായും ഇവിടെനടത്തേണ്ടതില്ല. കാൽഭാഗം മാത്രമല്ലേ ആശയഗ്രഹണം ഉദ്ദേശിക്കപ്പെടുന്നുള്ളൂ. സാമാന്യമൊരു ഭാവാൎത്ഥബോധം അവൎക്കുണ്ടാക്കിക്കൊടുത്താൽ മതിയാകും. അതു കഴിഞ്ഞിട്ട് പദ്യഖണ്ഡത്തെ ബോർഡിൽ എഴുതിവായിപ്പിക്കണം. വായനയുടെ ഗുണത്തിൽനിന്നും അൎത്ഥബോധത്തിന്റെ ഗുണം സ്പഷ്ടമാകും. മതിയെന്നു തോന്നുന്നവിധം ആശയദ്യോതകവായന, എല്ലാവൎക്കും വശമാകുന്നതിനുമുമ്പുതന്നെ പലതരു വായനകഴിയും. ആശയങ്ങളുടേയും പദങ്ങളുടേയും ബന്ധം ഏതാണ്ടൊക്കെ അവരുടെ ശ്രദ്ധയ്ക്കു വിഷയമാവുകയും ചെയ്യും. ഇത്രയും കഴിയുമ്പോഴത്തേയ്ക്കും കഥനസാമൎത്ഥ്യം ലഭിച്ചവരായ് പല കുട്ടികളെ കാണും. പോരാതെവന്നാൽ ആവൎത്തനവായനകൊണ്ടു് സാധിയ്ക്കാം. കഥനപാഠം നടത്താൻ യാന്ത്രികമാത്രമായ പല രീതികളും പാലേടത്തും പറഞ്ഞുകാണുന്നുണ്ടു്. കൊച്ചുകുട്ടികളെ ആ രീതികളെക്കൊണ്ടു് കേവലം യന്ത്രങ്ങളാക്കുന്നതു് ആശാസ്യമല്ലായ്കയാൽ ഇവിടെ വിവരിക്കുന്നില്ല.

കഥനാവസരത്തിൽഅധ്യേതാവു് ശ്വാസാഭ്യാസത്തിനെന്നവണ്ണംനില്ക്കണം. ശ്വാസാഭ്യാസം അല്പം ശീലിക്കണം. പിന്നീടു് കഥനം നടത്തണം. ആരോഹാവരോഹം ധ്വനി മുതലായവ ഉണ്ടായിരിക്കണമെന്നു് അറിയാമല്ലോ. കഥനത്തിനിടയ്ക്കു തടസ്ഥം വരുത്തരുതു്. ഏതുവിധമായ തെററുണ്ടായിരുന്നാലും ആ പ്രത്യേകകുട്ടിയുടെ കഥനം അവസാനിച്ചതിൽ പിന്നെമാത്രമേ അവയെപ്പററി വല്ലതും പറയാവൂ. അല്ലാഞ്ഞാൽ, ആശയഗതിയ്ക്കു് തുടച്ച്

യില്ലാതാകുകയും തന്നിമിത്തം ഗൗരവമേറിയ ന്യൂനതകൾക്ക് കാരണമാവുകയും ചെയ്യും. തെററുകൾ തിരുത്തുന്നതും അധ്യാപകൻതന്നെ ചെയ്യരുത്. സഹപാഠികളോടു അവർ കണ്ട തെററുതിരുത്താൻ പറയണം. ഇപ്രകാരമായാൽ ഒരു കുട്ടി പാഠംചൊല്ലുമ്പോൾ മററുള്ളവരെല്ലാം ശ്രദ്ധിക്കുന്നതിനും അതുനിമിത്തം പലഗുണങ്ങളും ഉണ്ടാകുന്നതിനും ഇടയാകും. ഒരേവിഷയത്തിൽ ശ്രദ്ധയെ നിറുത്താൻ ബാലന്മാരെ പ്രോത്സാഹിപ്പിക്കുന്ന തന്ത്രങ്ങളത്രേ ഇപ്പറഞ്ഞുവരുന്നവയെല്ലാം. ശക്തിവികസനത്തിനുപയോഗപ്പെടുന്ന ഏതൊരുസംഗതിയും ഒരവസരത്തിലും അധ്യാപകൻ പ്രയോജനപ്പെടുത്താതെ വിട്ടുകളഞ്ഞുഎന്നുവരരുത്. പാഠംചൊല്ലുമ്പോൾ ശബ്ദം ശാന്തവും, ശ്രാവ്യവുമായിരിക്കണം, എന്നു പ്രത്യേകംഓർക്കേണ്ടതാണ്. ഒരേ ദിവസം എല്ലാകുട്ടികളേയുംകൊണ്ടു പാഠംചൊല്ലിച്ചു തീർക്കണമെന്നു നിർബന്ധമില്ല. നാല്പത്തഞ്ചുകുട്ടികൾവരെ, ചിലപ്പോൾ അമ്പതിനുമേലും കൂടിയിരിക്കുന്ന ക്ലാസുകളിൽ അതു സാധ്യമല്ലായ്കയാൽ രണ്ടോ മൂന്നോ അംശങ്ങളാക്കി ഒരംശത്തിനുമാത്രം ഒരുദിവസം കഥനവ്യായാമം നൽകിയാൽ മതിയാകും.

൫൩. രചന—ഒന്നാംക്ലാസിൽ വാചാരചന മാത്രമല്ലാതെ, രേഖാരചന ആരും ആവശ്യപ്പെടുന്നതല്ല. നമ്മുടെ ബോധനക്രമത്തിൽ എവിടെയും വാചാരചനയ്ക്കാണ് പ്രാധാന്യം നൽകീട്ടുള്ളതു്. ജനങ്ങളെ ഭരിച്ചുകൊണ്ടു പോകുന്നതിനാൽ രാജാവായും, സമുദായരോഗങ്ങളെ ശമിപ്പിക്കുന്നതിനാൽ ചികിത്സകനായും, ശ്രോതാക്കളെ രസിപ്പിക്കുന്നതിനാൽ കവിതിലകനായും,സ്വാജ്ഞാവശംവദരാക്കുന്നതിനാൽ സേനാനിയായും കീർത്തിക്കപ്പെട്ട

ന്നതു് വാമൊഴിവിരുതനാകയാലും, വൈരികളേയും വശീകരിച്ചു് ലോകത്തെ സ്നേഹബദ്ധമാക്കുന്നതും വാമൊഴിയുടെ ഗ്ഗുണംകൊണ്ടാകയാലും, ഭാഷയുടെ അധികം ഉപയോഗവും വാമൊഴിരൂപത്തിൽ തന്നെയാകകൊണ്ടും അപ്രകാരം ചെയ്തിരിക്കയാണു്. വാമൊഴിയിൽ, പാടവം കുറഞ്ഞാൽ മററുള്ള അറിവുഎത്രയുണ്ടായിരുന്നാലും അവസരോചിതം ശോഭിക്കയുമില്ലല്ലോ. അതുകൊണ്ടു് വാചാരചനയിൽ അധ്യാപകന്റെ ശ്രമം എത്രപതിഞ്ഞാലും അധികമായിപ്പോകുന്നതല്ല. പ്രാരംഭം മുതല്ക്കേ സംഭാഷണംകൊണ്ടു വളൎന്നു വരുന്ന നമ്മുടെ ബാലന്മാൎക്കു് വാചാരചനയിൽ വൈഷമ്യം ഉണ്ടാകാൻ ന്യായമില്ല. സംഭാഷണകാൎയ്യത്തെപ്പററിപ്പറഞ്ഞ അവസരത്തിൽ സൂചിപ്പിച്ച സമ്പ്രദായങ്ങൾ ഇതിന്നും മതിയാകും. ഇവിടെ പ്രത്യേകം ഓൎമ്മിപ്പിക്കേണ്ടതായ് ഒരു കാൎയ്യമുണ്ടു്. പാഠപദ്ധതി നവീകരണയോഗക്കാർ നിർദ്ദേശിക്കുന്നതു നോക്കുക. "വാക്യരചന—വാക്കുമൂലം മാത്രമായതും പ്രകൃതിപാഠത്തേയും കഥകളേയും സംബന്ധിച്ചതും ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതിനും ലഘുവാക്യങ്ങളിലുള്ള തലവാചകങ്ങളനുസരിച്ചു് സാധനങ്ങളെ വിവരിക്കുന്നതിനും കഴിയുക." അതുകൊണ്ടു് പഠിച്ച കഥകളിലും പ്രകൃത പാഠങ്ങളിലുംനിന്നും ഗ്രഹിച്ചിട്ടുള്ള വിഷയങ്ങളെ സാംഗത്യഭംഗം കൂടാതെ പറയാൻ ശീലിപ്പിക്കേണ്ടകാൎയ്യവും, ആ വിഷയങ്ങളെ ക്ലിപ്തങ്ങളായ തലവാചകങ്ങൾക്കടങ്ങത്തക്കവണ്ണം പിരിച്ചു ക്രമപ്പെടുത്തിവയ്ക്കേണ്ടകാൎയ്യവും, സ്മരണീയമാണു്. ഇതിനെ ഉദ്ദേശിച്ചു തന്നെ, അധ്യാപകന്റെ ചോദ്യങ്ങൾക്കു അടുക്കും സന്ധാനവും ഉണ്ടായിരിക്കണമെന്നു് മുമ്പൊരു ഘട്ടത്തിൽ പറഞ്ഞതു്. ഒരുചോദ്യം ചോദിച്ചാൽ അതിനു കിട്ടുന്ന ശരിയായ ഉത്തരത്തിൽനിന്നും അടുത്തചോദ്യം ഉത്ഭവിക്കണം,

എന്നൊരു അഭിപ്രായമുള്ളത്, അധ്യാപകന്മാരുടെ ആലോചനയ്ക്കുചിതമായ വിഷയമാകുന്നു. ഈ പ്രമാണങ്ങളനുസരിച്ച് ചോദ്യങ്ങളെ മുമ്പിൽക്കൂട്ടി തയാറാക്കി പ്രയോഗിച്ചാൽ കിട്ടാവുന്ന ഗുണങ്ങൾ അപ്രമേയങ്ങളാണ്. ഈ വിഷയത്തിൽ അധ്യാപകൻ ആശയങ്ങൾ തമ്മിലുള്ള സാമീപ്യബന്ധം, സാരൂപ്യബന്ധം, പ്രതീപബന്ധം, കാര്യകാരണബന്ധം എന്നിവയെ പ്രയോജനപ്പെടുത്താവുന്നതാണ്. വായനയിലും കഥനത്തിലുംപോലെതന്നെ, ഉച്ചാരണശുദ്ധി മുതലായ അംശങ്ങളെ ഇവിടെയും നിർബന്ധിക്കേണ്ടതാകുന്നു. ഒന്നാംക്ലാസിലെ വാചാരചനയിൽ ചോദ്യത്തിനു ഉടനടി ശരിയായ് ഉത്തരം പറയേണ്ട ആവശ്യത്തേയും കുട്ടികൾ മറക്കാതെ സൂക്ഷിക്കണം. ഇതിന്നുതകുന്ന വിഷയങ്ങൾ, സംഭാഷണപാഠങ്ങൾക്കൊത്തവയും അതുപോലെയുള്ളവയുമത്രെ; രസോല്ലാദകവും, സന്മാർഗ്ഗപ്രദീപകവും, അനസൂന്ദരവുമായിരിക്കണം. സത്പാത്രങ്ങൾ മാത്രം പ്രവത്തിക്കുന്ന കല്പിതകഥകൾ, അലൌകികമാകയാൽ, ലോകജീവിതസജ്ജീകരണമാകുന്ന ശിക്ഷാകാര്യത്തിൽ, സ്ഥാനം അർഹിക്കുന്നില്ലാ; എന്നൊരുപക്ഷമുള്ളതു കൂടി, അധ്യാപകന്മാർ അറിഞ്ഞു പ്രവത്തിക്കണം.

ഇപ്രകാരമുള്ള ശിക്ഷ, ക്ഷമയോടും,അനുകമ്പയോടും ധർമ്മബോധത്തോടും ഒരുകൊല്ലം നടക്കുമെങ്കിൽ ശിഷ്യന്മാർ നിശ്ചയമായും ഭാഗ്യവാന്മാരത്രേ. പരിഷ്കൃതപാഠപദ്ധതിയനുസരിച്ചുള്ള രണ്ടാംക്ലാസിലെ ബോധനത്തിന്ന് അവർ സർവഥാ യോഗ്യന്മാരായിരിക്കയുംചെയ്യും.

൧൫ രണ്ടാംക്ലാസ് (a)വായന—പാ

ഠപുസ്തകത്തെ കൈയ്യാളിക്കുന്നതിൽ മുൻപറഞ്ഞിട്ടുള്ള വി

ഷയവിജ്ഞാപനം മുതലായവയേ ഓൎമ്മിച്ചു പ്രവൎത്തിച്ചു കൊണ്ടാൽ പ്രതീക്ഷിതഫലം സിദ്ധിക്കുന്നതാണ്. ഇവിടെ പ്രത്യേകമായ് ഗൗനിക്കേണ്ടതു് പദപ്രയോഗമാകുന്നു. പാഠപുസ്തകങ്ങളിലെ പദങ്ങളെ സ്വന്താവാക്യങ്ങളിൽ പ്രയോഗിപ്പിക്കുന്നതു് ഒന്നാംക്ലാസിൽഅത്രപ്രധാനമായ്ഗണിക്കപ്പെട്ടിട്ടില്ല, എങ്കിലും നൂതനപദങ്ങളെ കഥാവിഷയസംക്ഷേപണത്തിൽപ്രയോഗിച്ചുകാണിച്ചുകൊടുക്കേണ്ടതാണെന്നും, അതുചെയ്യേണ്ടരീതി ഇന്നതരത്തിലാണെന്നും മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുതന്നെ ഇവിടെയും പ്രവൎത്തിച്ചുകൊള്ളണം. പദങ്ങളെ ഒരേമാതിരിവാക്യങ്ങളിൽ പ്രയോഗിച്ചുകാണിച്ചാൽപോരാ, വാക്യഭംഗിമാററിപ്രയോഗിക്കണം, എങ്കിലെ, പദപ്രയോഗപാടവം ശരിയായിസിദ്ധിക്കു എന്നു് ഇവിടെ ഓൎക്കേണ്ടതാണ്. മാതൃകാവാക്യങ്ങളെ, വിദ്യാൎത്ഥികൾ പേരുമാററിപ്പിടിക്കുന്നസമ്പ്രദായം ഈ ക്ലാസ്സിൽവച്ചുതന്നെ അവരെ വിട്ടുപോകേണ്ടതാണ്വിഷയത്തോടു സംബന്ധപ്പെടുത്തി പദങ്ങളെ അവരുടെഉള്ളിൽ ഉറപ്പിക്കയും, വിവിധഭംഗിയിലുള്ള വാക്യങ്ങളെ പരിചയപ്പെടുത്തുകയും ചെയ്താൽ, സ്വന്താ വാക്യങ്ങളെ വേണ്ടുംവിധം ഉണ്ടാക്കാൻ അവൎക്കു സാധിക്കുന്നതാണ്. ഇപ്രകാരം വായനപാഠം നടത്തിയാൽ അൎത്ഥദ്യോതകമാംവണ്ണം വായിപ്പിക്കുന്നതിനു് മുമ്പിലേതന്നെ ആരംഭിച്ചിട്ടുള്ള ആരോഹാവരോഹം മുതലായ യാന്ത്രികാംശങ്ങളേയും ഓൎമ്മിപ്പിച്ചു കൊണ്ടിരുന്നാൽ മതിയാകും. വാക്കിനുവാക്കൎത്ഥം പഠിപ്പിക്കുന്ന നൈഘണ്ടുകരീതിയെ ഉപേക്ഷിച്ച് അതിനുപകരം, വിഷയസംബന്ധംമൂലം അൎത്ഥം ഗ്രഹിപ്പിക്കുന്നസംപ്രേക്ഷണരീതിയെ സ്വീകരിക്കണം. ആങ്ഗ്യമോ, ചിത്രമോ, സാധനമോ ഉപയോഗിച്ച് അൎത്ഥപ്രതീതിയെ സ്പഷ്ടമാക്കി നൂതനമായ ഒരു വാക്കിനൎത്ഥ

മെന്തെന്നു ചോദിച്ചാൽ, അവക്കു ലഭിച്ച അനുഭാവം അനു സരിച്ചുള്ള ഭാഷയിൽ, അവർ ഉത്തരം പറയും. അതിനെ തിരുത്തേണ്ടിവരുന്നതായാൽ അദ്ധ്യാപകൻ ഉചിതമായപ ദം പറഞ്ഞുകൊടുത്തു് അത്ഥം മനസ്സിലാക്കണം ഈ ഘട്ട ത്തിൽ പര്യായപദങ്ങളേയും ഉപയോഗപ്പെടുത്താം. "പ്രയോഗം ആദ്യം, പര്യായം പിന്നെ" എന്നുള്ള സംഗ തി അദ്ധ്യാപകൻ മറക്കരുതു്. എങ്കിലെ രചനയ്ക്കും സംഭാഷണത്തിനും നൂതനപദങ്ങൾ പ്രയോജനപ്പെടുകയു ള്ളു. ഭാവിജീവിതത്തിൽ അവസരോചിതം യുക്തങ്ങളായ പദങ്ങൾ സ്വയമേവ വന്നുനിൽക്കുകയും ചെയ്യും. ചൂണ്ട യിട്ടു പദങ്ങളെ പിടിച്ചുകൊണ്ടുവരേണ്ട വൈഷമ്യം എത്ര പേർ അനുഭവിക്കുന്നുണ്ടെന്നു് ആലോചിച്ചാൽ ഈ രീതിയുടെ ആവശ്യം ബലവത്തരമായ് അദ്ധ്യാപകന്മാരെ ആവഴിക്കു് പ്രേരിപ്പിക്കയും ചെയ്യുമല്ലൊ. ഇവിടെയും ആഖ്യാഭാഗം ആഖ്യാതഭാഗം രണ്ടും പിരിച്ചു വായിക്കാൻ ശീലിപ്പിക്കേണ്ടതാണു്.

(b) കൈയെഴുത്തു്—സാക്ഷാൽ കാപ്പിയെഴുത്തു്, ഇവിടെയത്രേ സാദ്ധ്യമായ് വിചാരിക്കപ്പെടുന്നുള്ളു. പെൻ സിൽകൊണ്ടു മാത്രമേ എഴുതിക്കേണ്ടു. ഇവിടെ പെൻ സിൽപിടിക്കേണ്ട കാൎയ്യത്തിൽ അദ്ധ്യാപകൻ വിദ്യാത്ഥി കളെ അല്പം ശീലിപ്പിക്കേണ്ടതുണ്ടു്. നീളമുള്ള പെൻ സിൽ കൊണ്ടുവരാൻ നിർബന്ധിക്കണം. അതിൻെറ കൂൎത്തഅററത്തിൽ നിന്നും ഏകദേശം ഒരു ഇഞ്ചിനു മുക ളിലായിട്ടുവേണം പിടിക്കാൻ. തള്ളവിരലിനും നടുവിര ലിനും ഇടയ്ക്കായ് ചൂണ്ടുവിരലിന്നടിയിൽ പെൻസിൽ അമത്തിപ്പിടിക്കണം. എഴുത്തുമേശയിലല്ലാതെ കാപ്പി യെഴുത്തു് ശീലിക്കേണ്ടിവരുന്ന വിദ്യാത്ഥികൾ ഭാഗ്യഹീന രത്രെ. കുനിഞ്ഞിരുന്നെഴുതുന്നതു നിമിത്തം നടുവു കുനി

ല്പോകുന്നതിനും, മാർവിടം ചുരുങ്ങുന്നതിനും, കണ്ണിനു ന്യൂനതഭവിക്കുന്നതിനും, ഇടയാകുമെന്നാണു് ഡാക്ടർമാരുടെ അഭിപ്രായം. ഇതിനേകൊണ്ടു് കാപ്പിയെഴുതിക്കുന്നവർ ഡെസ്കുണ്ടാക്കിച്ചുകൊടുക്കുമെങ്കിൽ വലുതായ പുണ്യമത്രേ. കാപ്പിയെഴുതിക്കുമ്പോൾ ഓർമ്മിക്കേണ്ട കാര്യങ്ങൾ:—(ഫ) എഴുതുന്ന ആൾ നിവന്നിരിക്കയും മാർവിടം എഴുത്തുമേശയുടെ കീഴററത്തിനു് സമാന്തരമായിരിക്കയും ചെയ്യണം. (വ) കാപ്പിപ്പുസ്തകത്തിന്റെ കീഴററം, എഴുത്തുമേശയുടേതിനോടു സമാന്തരമായു് അല്പം വലത്തോട്ടു മാറിയിരിക്കണം. (ന) കാപ്പിപ്പുസ്തകത്തിൽ ഇരട്ടവരയുണ്ടായിരിക്കണം. (ർ) എഴുതുമ്പോൾ വെളിച്ചം ഇടത്തുവശത്തുനിന്നും വീഴത്തക്കവണ്ണം മേശകളെ നിരത്തിയിരിക്കണം. (ഠ) ലിപികൾ തമ്മിലുള്ള ഇട ഒന്നുപോലെയിരിക്കണം. പദങ്ങളെതിരിച്ചു കാണിക്കാൻ അവതമ്മിലുള്ള ഇട അല്പം കൂടുതലായിരിക്കയും വേണം. (ന്ന) കടലാസ്സിന്മേൽ പെൻസിലിനെ അമർത്തരുതെന്നു് സദാ ഓർക്കണം. എഴുതിയ്ക്കുന്നതിനുമുമ്പു തന്നെ, ബോർഡിൽ ഇരട്ടവരയിട്ടു്, കാപ്പിപ്പുസ്തകത്തിലെ തലവരിയിലുള്ള ആദ്യത്തെ അക്ഷരം, വിദ്ദ്യാർത്ഥികളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടു ഭംഗിയായു് എഴുതണം. 'ഞാൻ എങ്ങനെ എഴുതുന്നു എന്നു നോക്കുക' എന്നോമറേറാ പറയാം. ഒരക്ഷരം എഴുതീട്ടു് ആ അക്ഷരംമാത്രം എഴുതാൻഅനുവദിക്കുക. അവർ അതു എഴുതുമ്പോൾ അദ്ധ്യാപകൻ ചുററിനടന്നു് തെററുകൾഉടനടി ചൂണ്ടിക്കാണിച്ചുകൊടുക്കയും, ആ അക്ഷരം ശരിയാകുന്നവരെ അതിനെതന്നെ അടുത്തവരികളിൽ ആവർത്തിച്ചെഴുതിയ്ക്കുയുംചെയ്യണം. ഇപ്രകാരം, എല്ലാവരും ആ അക്ഷരം ശരിയായു് എഴുതും എന്നു് കണ്ടാൽ, അടുത്ത അക്ഷരങ്ങളേയും ഇതുപോലെതന്നെ എഴുതിയ്ക്കാവുന്നതാണു്. വിദ്ദ്യാർത്ഥികളുടെ

ഇഷ്ടംപോലെ, വേഗം എഴുതിയിട്ടേച്ചുപോകാൻ അനുവദിച്ചാൽ, കൈപ്പട ഒരുനാളും നന്നാകുന്നതല്ല. സാവധാനത്തിലും നിരന്തരമായും പ്രവത്തിച്ചാലേ, ഏതു കലയിലും സാമത്ഥ്യം സിദ്ധിയ്ക്കൂ. എഴുത്തും ഒരു കലയാകയാൽ അല്പംഅല്പമായ് ദിവസംതോറും പരിചയിപ്പിച്ച് കൈപ്പട നന്നാക്കേണ്ടതാണ്. നിശ്ചിതഭാഗം മുഴുവനും ക്ലിപ്തസമയത്തിനകം എല്ലാരും എഴുതിത്തീക്കണമെന്ന് നിർബ്ബന്ധിയ്ക്കുന്നതു് കൈപ്പടയെയും കാപ്പിപ്പുസ്തകത്തേയും ചീത്തയാക്കിക്കളയാനുള്ള വിദ്യതന്നെ.

(c) പകത്തിഎഴുത്ത്—മുൻപറഞ്ഞ രീതി അനുസരിച്ചുതന്നെ, അവലോകനധാരണാശക്തികളെ പുലത്തുന്നതിനും, കൈപ്പട നന്നാക്കുന്നതിനുംവേണ്ടി പരിചയിപ്പിച്ചുകൊണ്ടാൽ മതിയാകും. അദ്ധ്യാപകൻ ഇതിന്നുള്ള സമയത്തെ വിശ്രമകാലമായ് വിചാരിയ്ക്കരുതെന്ന് മാത്രം. ഒന്നുകൂടി ഓമ്മിപ്പിയ്ക്കുന്നു.

(d) കഥനം—ഈ വിഷയത്തെസംബന്ധിച്ച് ഒന്നാംക്ലാസിന്നായ് സൂചിപ്പിച്ച രീതി മതിയാകും. പക്ഷേ മാത്ര അല്പം കൂട്ടണമെന്നേഉള്ളൂ. എന്നാൽ വേറെ ഒരു രീതികൂടി ഇവിടെ പ്രയോഗിയ്ക്കാം.

രൂപീകരണരീതിയാണതു്. അതിനെ, ഇവിടെ ചുരുക്കമായി വിവരിയ്ക്കാം. പൈങ്കിളിയേ, പൈങ്കിളിയേ എന്നു അവർ പഠിച്ചിട്ടുള്ള കഥനപാഠത്തിന്റെ സാരം, "മടിയുള്ളിൽകുടികൊണ്ടാൽ മുടിയാനെ ഇടയാവൂ" എന്ന വാചകംമൂലം പഠിപ്പിയ്ക്കാൻ, അദ്ധ്യാപകൻ നിശ്ചയിച്ചു എന്നിരിയ്ക്കട്ടെ. ആദ്യമായി, അതിലുള്ള പദങ്ങളെ വിദ്യാത്ഥികൾക്ക് സുപരിചിതമാക്കണം. മടി, ഉള്ളിൽ, കുടി

കൊള്ളുക, മുടിയുക, എന്നീപദങ്ങളെ വാക്യങ്ങളിൽ പ്രയോഗിച്ചും പ്രയോഗിപ്പിച്ചും പഠിപ്പിക്കണം. കുടികൊള്ളുക എന്ന പദം അവക്കു പുത്തനായിരിയ്ക്കും. അതുകൊണ്ട് കുടികെട്ടുക, കുടിപാക്കുക, കുടിവയ്ക്കുക എന്നീ പ്രയോഗങ്ങളെ ഉദ്ധരിപ്പിയ്ക്കാം. ഇങ്ങനെ പദങ്ങളുടെ അത്ഥബോധത്തെ വ്യക്തമാക്കീട്ട്, പൈങ്കിളിയേ പൈങ്കിളിയേ എന്ന പാഠത്തിലെ സാരം പറയിയ്ക്കുക. അവർ പഠിച്ച പാഠമാണല്ലോ അതു. മടിയനായിരുന്നാൽ നശിയ്ക്കും എന്നു വരുത്താം. 'മടി' എവിടെയാണിരിയ്ക്കുന്നത്? മനസ്സിൽ; മനസ്സിൽ എന്നതിനു പകരം വേറെ ഏതു വാക്കുപയോഗിയ്ക്കാം? ഉള്ളിൽ; സ്ഥിരമായിരിയ്ക്കുന്നതിനെങ്ങനെ പറയും? കുടികൊള്ളുക എന്നു പറയും, 'മടി മനസ്സിൽ എപ്പോഴും ഇരുന്നാൽ' എന്നു പറയുന്നതിനു പകരം എങ്ങനെ പറയാം? 'മടിയുള്ളിൽ കുടികൊണ്ടാൽ' എന്നു വരുത്തണം. വരുത്തീട്ട്, ആ വരിയെ ബോർഡിൽ എഴുതുക. 'നശിയ്ക്കാനിടവരും' എന്നതിനുപകരം എങ്ങനെപറയാം? 'മുടിയാനിടയാകും' എന്നു വരുത്താം. 'മുടിയുകതന്നെ ചെയ്യും' എന്നു പറയണമെങ്കിലോ? കുട്ടികൾ പറയുകയില്ലായിരിയ്ക്കും, അങ്ങനെ വരുമ്പോൾ, 'പഠിച്ചാലേ പരീക്ഷയിൽ ജയിക്കൂ', എന്നിങ്ങനെ അവക്കു ഗ്രാഹ്യമായ സംഗതികളേ, ആ മാതിരി വാക്യങ്ങളിൽ പ്രയോഗിച്ച് പദാന്തത്തിൽവരുന്ന 'ഏ' കാരത്തിനും 'ഉ' കാരത്തിനുംഉള്ള ശക്തിയെ ഗ്രഹിപ്പിച്ച് 'മുടിയുന്നതിനു തന്നെ ഇടയാകും' എന്നു പറയുന്നതിനുപകരം എങ്ങനെ പറയാം? എന്നു ചോദിയ്ക്കുക. "മുടിയാനേ ഇടയാവൂ" എന്നു വരുത്തുക. അതിനേയും ബോർഡിലെഴുതീട്ട് രണ്ടു വരിയേയും വായിപ്പിയ്ക്കണം. 'പൈങ്കിളിയെ! എന്നപാഠത്തിൻെറമട്ടിൽ ഈണത്തിൽതന്നെ വായിപ്പിയ്ക്കാൻ കഴി

യും. നാലോ, അഞ്ചോ കുട്ടികളെക്കൊണ്ട് സാവധാനത്തിലും ഈണത്തിലും വായിപ്പിച്ചുകഴിഞ്ഞാൽ ബോർഡിനെ തിരിച്ചുവച്ചിട്ട് ആ രണ്ടുവരിയും പറയാൻ അവരോടു ആവശ്യപ്പെട്ടാൽ എല്ലാ കുട്ടികളും ശരിയായിട്ടുതന്നെ ഈണത്തിൽ ചൊല്ലുകയും ചെയ്യും. ഈ രീതിയെ ഇവിടെ സംക്ഷേപിച്ചുകാണിച്ചതേ ഉള്ളു. പാഠമാതൃകയിൽ വിസ്തരിച്ചുകാണാം. ഈ രീതിയിൽ, കഥനപാഠത്തിലെ വിഷയത്തേയും പദങ്ങളേയും അദ്ധ്യേതാക്കളുടെ അന്തരംഗപ്രയത്നത്തേ പ്രേരിപ്പിച്ചുറപ്പിക്കാനുള്ള ശ്രമമാകയാൽ, ഗ്രഹണധാരണപ്രയത്നങ്ങൾ ലഘൂവാക്കപ്പെടുകയും, അവയ്ക്കു ഉള്ളിൽ സ്ഥിരപ്രതിഷ്ഠലഭിയ്ക്കുകയുംചെയ്യും. വെറും കാണാപ്പാഠമായി പരിണമിക്കുന്നതല്ല. മേൽക്ലാസുകളിലും പദ്യപാഠങ്ങൾക്കെല്ലാം വളരെ യോജിച്ചതാണ് ഈ രീതി. പദഭേദപ്രയോഗത്തിൽ പരിശീലനവും, സാഹിത്യരസാസ്വാദനവും, സുലഭമാക്കുന്നതിന് ഇതിനെക്കാൾ എളുപ്പമായ മാർഗ്ഗം ഉണ്ടെന്നുതോന്നുന്നില്ല. ഈ രീതിയനുസരിച്ചുപോയാൽ പഠിപ്പിച്ചുതീർക്കേണ്ടഭാഗംമുഴവനും തീരുകയില്ലെന്ന് നിങ്ങൾക്കുതോന്നുമായിരിക്കാം. അതുതെററാണ്. ഒരു പാഠത്തിൽ ശരാശരി നാലുവരിവീതം പഠിപ്പിച്ചാൽ വ്വം വരിപഠിപ്പിക്കാൻ ഇരുപതുപാഠങ്ങളേ വേണ്ടി. ആ ഇരുപതുകഥനപാഠത്തിനാണോ ഒരു കൊല്ലത്തിൽ സമയം കിട്ടാത്തതു്? സമയത്തെ ശരിയായ് വിനിയോഗിക്കണമെന്നെ ഉള്ളു. മുൻകൂട്ടികരുതി പ്രവത്തിയ്ക്കുയാണെങ്കിൽ വായനപാഠത്തേയും കഥനപാഠത്തേയും സംബന്ധപ്പെടുത്തി, അതായതു, കഥനപാഠത്തിന്നാവശ്യമുള്ള പദങ്ങൾ വായനപാഠത്തിൽ ഉപയോഗപ്പെടത്തക്കവണ്ണം ക്രമപ്പെടുത്തികൊണ്ടുപോകയും ചെയ്യാമല്ലോ. ഈ രീതിയ്ക്കു ഇനിയൊരു വിശേഷമുള്ളതു് പഠിച്ച പദ്യഖണ്ഡങ്ങൾ ജന്മേ

പിമറന്നുപോകുന്നതല്ല എന്നുള്ളതാകുന്നു. കഥനപാഠങ്ങൾ അത്രമാത്രംസ്ഥിരപ്രതിഷ്ഠലഭിക്കേണ്ടവയുമത്രെ.

(e) രചന—ഇവിടേയും ഒന്നാംക്ലാസിലേപ്പോലെനടത്താനേ ആവശ്യമുള്ളൂ. പറഞ്ഞുകേൾപ്പിക്കുന്ന കഥകളുടെ ചുരുക്കം പറയത്തക്കശേഷി വിദ്യാർത്ഥികൾ സമ്പാദിക്കണമെന്നത്രെ കരുതപ്പെടുന്നത്. വായനപാഠത്തിൽ വിഷയംഗ്രഹിപ്പിച്ച് പാഠംവായിപ്പിക്കുന്നതാണല്ലോ നമ്മുടെ രീതി. രചനയിൽ കഥമുഴുവനും പറഞ്ഞിട്ട ചുരുക്കം പറയുന്നത് ആ രീതിയെ മറിച്ചുകാണിയ്ക്കുകമാത്രമാണ്. പാഠപുസ്തകത്തിലെ കഥകളെ നിശ്ചിതരീതയിൽ പഠിപ്പിച്ച് ചുരുക്കം പറഞ്ഞു ശീലിപ്പിച്ചാൽ രചനയിൽ ഇവിടെ ആവശ്യപ്പെടുന്ന കാര്യത്തിന്ന് പരിശീലനം ലഭിക്കുന്നതാണ്. കഥാസംഗ്രഹം ശരിയായി കുട്ടികൾ പറയുന്നത് അദ്ധ്യാപകൻെറ കഥാകഥനശക്തിയേ ആശ്രയിക്കുന്നതിനാൽ, അദ്ധ്യാപകൻ അതിന്നുവേണ്ട ശ്രമംചെയ്തു സമർത്ഥനായിക്കൊള്ളേണ്ടതുതന്നെ. കുട്ടികൾ അറിയുന്ന പദങ്ങളേയോ, വിഷയസംബന്ധം മൂലം അർത്ഥം ഗ്രഹിക്കാവുന്ന പദങ്ങളേയോ പ്രയോഗിക്കണം. വാചകങ്ങൾ ചൂണ്ണികകളായിട്ടേ ഇരിക്കാവൂ. വിഷയം അവരുടെ അന്തഃകരണവൃത്തിക്ക് വഴിപ്പെടുന്നവയായും ഇരിക്കണം. പ്രകൃതിപാഠങ്ങളുടെ ചുരുക്കം പറയാനും ആവശ്യപ്പെടാം. ചരിത്രം, ഭൂമിശാസ്ത്രം എന്നീവിഷയങ്ങളിൽ പഠിപ്പിക്കപ്പെടുന്ന സംഗതികളും ഇവിടെയും മേൽക്ലാസുകളിലും രചനാപ്രയത്നത്തിന്നു ചേരുന്നവതന്നെ.

(f) കേട്ടെഴുത്ത്—ഈ വിഷയം ആദ്യമായ് പഠിപ്പിക്കപ്പെടുന്നത് രണ്ടാംക്ലാസിലത്രെ, എന്നാണ് വെപ്പ്. എന്നാൽ, പദത്തേ ആധാരമാക്കി അദ്ധ്യാപനം നടത്തിയ

അവസരത്തിൽ കേട്ടെഴുത്തു നടന്നില്ലേ? ആദ്യമേതന്നെ ബാലന്മാർ എഴുതിയും വായിച്ചും ശീലിച്ചിട്ടുള്ളതുകൊണ്ട് എളുപ്പം കേട്ടെഴുത്തു ശീലിപ്പിക്കാം. ശബ്ദത്തിനനുസരണമായ എഴുത്തെഴുതുന്നതല്ലാതെ കേട്ടെഴുത്തിൽ ഒന്നുമില്ലല്ലോ? ഇപ്പോഠം നടത്തിവരാറുള്ളതുപോലെ ഏതാനും കഠിനപദങ്ങളെ ബോർഡിലെഴുതി വായിപ്പിച്ചതിൽ പിന്നെ, അവയെ മാച്ചുകളഞ്ഞിട്ട് അതേപദങ്ങളെ പറഞ്ഞു് എഴുതിക്കുന്ന കേട്ടെഴുത്തു് കേട്ടെഴുത്താകുന്നതല്ല. ഏതുപദമായാലും അക്ഷരങ്ങഠം അവർ പഠിച്ചതല്ലാതെയില്ല. ആ അക്ഷരങ്ങളുടെ ചേരുവയേയും മുമ്പിൽക്കൂട്ടി കാണിച്ചുകൊടുത്തു് എഴുതിച്ചാൽ പറയത്തക്ക യാതൊരു വ്യായാമവും അന്തശ്ശക്തിക്കു കിട്ടുന്നില്ല. അതുകൊണ്ടു് കേഠക്കുന്ന ശബ്ദത്തിനു വേണ്ട അക്ഷരങ്ങളെഴുതിച്ചേർക്കാൻ നൂതനപദങ്ങഠംതന്നെ കൊടുക്കേണ്ടതാകുന്നു. അങ്ങനേ ചെയ്യുമ്പോഠം ഓർമ്മശക്തിയും, വിവേചനശക്തിയും യോജിച്ചുപ്രവർത്തിക്കുകനിമിത്തം കൂടുതൽ വികാസം അന്തരംഗത്തിന്നു് ലഭിക്കുന്നു. ഇപ്രകാരം, കേട്ടെഴുത്തുപാഠത്തേയും യാന്ത്രികമാക്കിത്തീക്കാതെ, ശിക്ഷാലക്ഷ്യപ്രാപ്തിയ്ക്കൊരുമാർഗ്ഗമാക്കി പ്രയോഗിക്കാവുന്നതാണു്.

ഇനിയൊന്നുകൂടി പറയാനുള്ളതു് പദങ്ങളേയോ, വാക്യാംശങ്ങളേയോ, ഒന്നിലധികം പ്രാവശ്യം പറഞ്ഞുകൊടുക്കരുതു് എ ള്ളതാകുന്നു. ഒന്നിലധികം പ്രാവശ്യം പറയുകയാണെങ്കിൽ ആ പതിവു് വിദ്യാത്ഥികളുടെ ശ്രദ്ധയെ ദോഷകരമായി ബാധിക്കും. ബാലിശമായ വികിണ്ണ ശ്രദ്ധ ഏകാഗ്രപ്പെടാൻ ഒരുങ്ങുന്നതല്ല. 'സാർ ഇനിയും പറയുമല്ലൊ' എന്നു് അവർ വിചാരിച്ചു് പറയുന്നതുമുഴുവനും ഗ്രഹിക്കാതെ എഴുത്തുതുടങ്ങാനും, വീണ്ടും വീണ്ടും

അധ്യാപകനോടു ചോദിക്കാനും ഇടയാകും. ഇതു് ക്ലാസിലെ നിയമനഗുണത്തിന്നും ഹാനികരമാകുന്നു. 'രാമൻ രാവണനേ കൊന്നു' എന്നു ഒരു വാക്യം പറയുന്നു എന്നിരിക്കട്ടെ. ശ്രദ്ധിച്ചാൽ, അതുമുഴുവനും ബാലന്മാൎക്കു ഒരു പ്രാവശ്യം കേട്ടിട്ടു ഓൎമ്മിക്കാൻ കഴിയും. അങ്ങനെ ചെയ്യാതെ 'രാമൻ' എന്ന പദം കേട്ടഉടൻ എഴുതാൻ തുടങ്ങുകയും, എഴുതിത്തീൎന്ന ഉടനെ 'സാർ! രാമൻ?' എന്നു് നിലവിളിച്ചുതുടങ്ങുകയും ചെയ്യുന്നതു് എത്ര മോശമാണു്? അതിനിടവരുത്തരുതു്. രണ്ടാമതു് പറഞ്ഞുകൊടുക്കയില്ല, എന്നു് അവൎക്കു ബോധ്യംവരുത്തണം. അവർ ഓൎമ്മിക്കത്തക്കവണ്ണം സ്പുടമായ് ഉച്ചരിക്കയും, അന്തരംഗത്തിൽ ചേൎന്നിരിക്കത്തക്ക ആശയവിഭാഗങ്ങളടങ്ങിയ ഏററവും ചെറിയ ഖണ്ഡങ്ങളാക്കിപ്പറയുകയും, ചെയ്യണം. ധൃതിപ്പെടരുതു്. അങ്ങനെ ചെയ്തുവരുകയാണെങ്കിൽ മുൻപറഞ്ഞ ന്യൂനതകൾ വന്നുകൂടുന്നതല്ല.

കേട്ടെഴുത്തുതിരുത്തുന്ന കാൎയ്യത്തെപ്പററി ഒന്നുരണ്ടുസംഗതികൾ പറഞ്ഞിട്ടു് അടുത്ത വിഷയത്തിൽ പ്രവേശിക്കാം. തിരുത്താൻ, അതായതു് ശരിയായിട്ടു തിരുത്താൻ, സമയംകിട്ടാത്ത മട്ടിൽ, അധികംഭാഗം കേട്ടെഴുത്തിന്നുകൊടുക്കരുതു്. അധ്യാപകൻതന്നെ എല്ലാകുട്ടികളുടേയും സ്ലേററുനോക്കി തിരുത്തുകയാണു് ഉത്തമമായുള്ളതു്. (അധ്യാപകൻ തെററുതിരുത്തുന്നസമയം മുഴുവനും അധ്യേതാക്കൾ മൗനവായനയിൽ ഏൎപ്പെട്ടിരിക്കണം. "മൗനവായന" നോക്കുക.) തെററിയ അക്ഷരത്തിനടിയിൽ മാത്രം ചെറുതായൊരു വരവരച്ചു് തെററു അടയാളപ്പെടുത്തുകയല്ലാതെ, വാക്കുമുഴുവനും വെട്ടുകയോ കീഴ്വരയിട്ടു തള്ളുകയോ ചെയ്യരുതു്. അങ്ങനെ ചെയ്താൽ തെററു് ഇന്നതാ

ണെന്നു് അവൎക്കു് മനസ്സിലാകാനും അതിൽ അവരുടെ ശ്രദ്ധപതിയാനും എളുപ്പമല്ല. എല്ലാസ്ലേററും നോക്കി ത്തീൎന്നാൽ അവരവരുടെ തെററു അവരവർ തിരുത്തണം. അതിന്നായ് കേട്ടെഴുത്തിനു കൊടുത്ത ഭാഗത്തെ ബോർഡിൽ തെളിവായ് എഴുതിക്കൊടുത്താൽ അവർ തിരുത്തിക്കൊള്ളും. ആ ഭാഗം ബോർഡിൽ എഴുതുന്ന തിന്നു് സമയം ഉണ്ടാക്കിക്കൊള്ളേണ്ടതാണു്. അതു നോക്കി, കുട്ടികൾ തിരുത്തിഎഴുതിക്കഴിഞ്ഞാൽ സ്ലേററുമാ ററിവീണ്ടും പരിശോധന കുട്ടികളെക്കൊണ്ടു നടത്താം. അപ്പോഴും തെററെഴുതുന്നവരുള്ളപക്ഷം, നാലുമണിക്കു മേൽ അവരിരുന്നു് അന്നത്തെ കേട്ടെഴുത്തുഭാഗം ശരിയായി എഴുതികാണിച്ചിട്ടു് വീട്ടിലേയ്ക്കു് പോകാൻ ഏൎപ്പാടുചെ യ്യണം. ആദ്യത്തെ പരിശോധയിൽ അധികം കുട്ടികളും തെററായെഴുതിയ പദങ്ങളെ, അധ്യാപകൻ സ്വന്തം നോട്ടുബുക്കിൽ കുറിച്ചു വച്ചുകൊള്ളുകയും, അടുത്ത പാഠങ്ങളിൽ അവൎക്കു് ശരിയായെഴുതുവാൻ ശേഷിവന്നുവോ എന്നു് പരിശോധിക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്യണം. ഇവിടേയും "പയ്യത്തിന്നാൽപനയുംതിന്നാം" എന്ന ആപ്തവാക്യത്തെ അനുസരിച്ചു് പ്രവൎത്തിക്കേണ്ട താണു്. എന്നും എന്നും അധികംഭാഗം കേട്ടെഴുത്തിനു കൊടുത്തു് അനേകം തെററുതിരുത്തുന്നതിനേക്കാൾ തെററു വരാതെ കഴിക്കാവുന്ന മട്ടിൽ കുറെഭാഗം കേട്ടെഴുത്തിനു കൊടുക്കുകയാകുന്നു അധികം പ്രയോജനപ്പെടുന്നതു്.

൫൮. **മൂന്നാംക്ലാസ്സ്.** (a) വായന—ഈ ക്ലാസ്സിലും മുൻരീതിയനുസരിച്ചുതന്നെ വായനപഠിപ്പി ച്ചാൽ മതിയാകുന്നതാണു്. പദങ്ങളെ 'ചേരുമ്പടിചേൎത്തു്'

അത്ഥദ്യോതകമായവിധം വായിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ കൂടുതലായി പതിയണം. ഈ ക്ലാസ്സിൽ കൂടുതൽ വേണമെന്നു് അധികാരികൾ നിർദ്ദേശിക്കുന്ന സംഗതിക ളെപ്പററിയും ആലോചിക്കേണ്ടതുണ്ട്. അവയെ ചുവടെ കുറിക്കാം.

(ഫ) കൈയ്യെഴുത്തുവായന—തെളിവായ് ഓടിച്ചെ ഴുതിയ കൈയ്യെഴുത്തുരേഖകളെ, തടവുകൂടാതെ കുട്ടികൾ വായിക്കണമെന്നാണു് കരുതപ്പെടുന്നതു്. ഈ ഭാഗംകൈ യ്യെഴുത്തോടു ചേരേണ്ടതാണു്. വായന നാം പറഞ്ഞു വന്നരീതിയിൽ നടത്തപ്പെടുകയും, ബോർഡുചുരുക്കങ്ങളേ അധ്യാപകൻ ഓടിച്ചു തെളിവായ് എഴുതിവരുകയും ചെയ്താൽ ഇതിനെ സംബന്ധിച്ച് പ്രത്യേകം ഒന്നുംതന്നെ പറയാനോ ചെയ്യാനോ ഉണ്ടായിരിക്കയില്ല. എഴുത്തുമ നസ്സാക്കളുടെ അക്ഷരങ്ങൾക്കു് മുളച്ചു വളന്നിട്ടുള്ള വാലുക ളെ വാലുകളാണെന്നു് അറിയാൻമാത്രം ആ കൈപ്പടകൾ കണ്ടുപരിചയിക്കേണ്ടതുതന്നെ. അതിന്നായ് പകത്തി എഴുത്തുപാഠങ്ങളിൽ കഴിയുന്നത്ര തെളിവായെഴുതിയ ആധാരങ്ങളേയോ എഴുത്തുകളേയോ ഉപയോഗിയ്ക്കുന്നതു് ഉചിതമായിരിയ്ക്കും. അധ്യാപകൻറ ബോർഡുചുരുക്ക ങ്ങൾ ഈ വകയ്ക്കുപയോഗപ്പെടണമെന്നു് കരുതി, ഓടി ച്ചെഴുത്തിനെ തൊടലെഴുത്താക്കിക്കളയരുതു്.

വ. സമാസപദങ്ങൾ—പൂമണം, തലവേദന, എന്നി ങ്ങനെ "വിഭക്തിക്കുറിക്കൂടാതേ" ഒന്നിലധികം പദങ്ങളെ കൂട്ടിച്ചേർത്തു പ്രയോഗിയ്ക്കുന്ന പദങ്ങളേയാണു്, സമാസപ ദങ്ങളെന്നു് പറയുന്നതു്. ഈ പദങ്ങളെസംബന്ധിച്ച് വിദ്യാത്ഥികൾ അറിയേണ്ടതു് അംശങ്ങൾ തമ്മിലുള്ള ബന്ധവിശേഷങ്ങളത്രെ. അതറിയുമ്പോൾ സമാസപദ

ങ്ങളെ വിഗ്രഹിയ്ക്കാനും അവൾക്കു ശേഷിയുണ്ടാകും. മററു ള്ള വ്യാകരണകാര്യങ്ങളെപ്പോലെ ഇതിനെയും ഉദാഹരണ ബലം കൊണ്ടുവേണം ബാലന്മാരുടെ ഉള്ളിൽഉറപ്പിക്കാൻ. 'പാക്കുവെട്ടി' എന്നാൽ എന്താണെന്നു് അവക്കറിയാം, എന്തുകൊണ്ടാണു് അതിന്നു് ആ പേരു വന്നതു്, എന്നു ചോദിച്ചാൽ പാക്കിനെ വെട്ടുന്നതുകൊണ്ടാണു്, എന്നു് അവർ പറയാതിരിയ്ക്കയില്ല. ഇതുപോലെതന്നെ മററു വിഭക്തിക്കുറികൾ ലോപിച്ചുവന്ന പദങ്ങളേയും, അതായ തു് പരിചിതപദങ്ങളേയും ഉദാഹരിച്ചു മനസ്സിലാക്കാം. പാഠത്തിൽ വരുന്ന സമാസപദങ്ങളിൽ ഏതു വിഭക്തിക്കു റിയെ ഉപേക്ഷിച്ചിരിയ്ക്കുന്നുവോ ആ വിഭക്തിയിലുള്ള പദം ചേൎന്നുവരുന്ന സമാസപദങ്ങളെ, വേണ്ടിടത്തോളം കാണി ച്ചു മനസ്സിലാക്കണം. അപ്പോൾ, അംശങ്ങൾ തമ്മിലുള്ള സംബന്ധവും സ്പഷ്ടമാകും. വിട്ടുപോയ വിഭക്തിപ്രത്യയം ചേൎത്തുപറയുമ്പോൾ, വിഗ്രഹിയ്ക്കുയുമായി. ഉദാഹരണം ആ വശ്യമുള്ളിടത്തോളം സംഭാഷണഭാഷയിൽനിന്നും ശേഖരി ച്ചുപയോഗിയ്ക്കാൻ മാത്രം അദ്ധ്യാപകൻ ശ്രമിച്ചാൽ മതി യാകും.

൩. ആഖ്യ, ആഖ്യാതം—ഒന്നാംക്ലാസ്സു മുതല്ക്കു ചൂൎണ്ണികകളേപ്പോലും ആഖ്യാഭാഗം, ആഖ്യാതഭാഗം എന്നു രണ്ടായിട്ടു പിരിച്ചു വായിപ്പിച്ചുവരുകയാണല്ലോ. 'പട്ടി കു ട്ടിയേ കടിച്ചു' എന്നൊരു വാക്യത്തെ, അവർ പട്ടി കുട്ടിയേ കടിച്ചു, എന്നത്രെ വായിയ്ക്കു. അങ്ങനെയല്ലേ ശീലിച്ചുവ ന്നിട്ടുള്ളതു്. ഇങ്ങനെ വായിച്ചുവരുന്ന വാക്യങ്ങളിലെ കൃത്യം ആരു് ചെയ്യുന്നു, എന്നു ചോദിച്ചുവരുത്തി, കൃത്യം ചെയ്യുന്നതാരായാലും, കൎത്താവാണു് എന്നു് അൎത്ഥയോജി പ്പു കാണിച്ചുകൊടുത്തിട്ടു്, കൎത്താ, ക്രിയ എന്നിവയേ മന

സ്സിലാക്കിയുറപ്പിയ്ക്കുക. അങ്ങനെ ഉറപ്പിച്ച് കത്താവിനേ സൂചിപ്പിയ്ക്കുന്ന പദത്തെ സാധാരണയായി ആഖ്യ എന്നു പറയാറുണ്ട് എന്ന വാസ്തവത്തേ ഉദാഹരണങ്ങളിൽനിന്നും അവർ ഗ്രഹിയ്ക്കത്തക്കവണ്ണം പ്രയോഗിയ്ക്കണം. പട്ടി കുട്ടിയേ കടിച്ചു എന്ന വാക്യത്തിൽ എന്തു കൃത്യമാണ് നടന്നതായി കാണുന്നതു്? കടിച്ചതു്. ആർ കടിച്ചു? പട്ടി. കത്താവിനെ സൂചിപ്പിയ്ക്കുന്ന പദം ഏതു്. പട്ടി. ആ പദത്തെ ഇവിടെ ആഖ്യ എന്നും പറയും. കത്താവിനേ സൂചിപ്പിയ്ക്കുന്ന പദത്തേ സാധാരണയായി ആഖ്യ എന്നാണ് പറയാറുള്ളതു്. ഈ വാക്യത്തിലേതാണ് ആഖ്യ? പട്ടി എന്നു അവർ പറയും. ഇപ്രകാരം ഉള്ള ഉദാഹരണങ്ങളെ വേണ്ടിടത്തോളം പായനപാഠത്തിൽ ചൂണ്ടിക്കാണിച്ച് പറയിച്ച് ഉറപ്പിയ്ക്കുക. ഇതു പോലെ ക്രിയയേ സൂചിപ്പിയ്ക്കുന്ന പദത്തേ ആഖ്യാതം എന്നു പറയും എന്ന് ഉദാഹരണം മൂലം ധരിപ്പിയ്ക്കാം. 'ഉദാഹരണംമൂലം അഭ്യസനം' എന്ന് പ്രത്യേകം ഓർത്തുകൊള്ളേണ്ടതാകുന്നു.

൪. നാമം, കൃതി, ഭേദകം—ഇവയേയും ഉദാഹരണം കൊണ്ടു മനസ്സിലാക്കിച്ച് കുട്ടികളെക്കൊണ്ടുതന്നെ നിർവ്വചനവും പറയിയ്ക്കണം. ഒരു വസ്തുവിൻെറ പേരിനെ, വ്യാകരണത്തിൽ നാമമെന്നു പറയുന്നു. മറെറാരു വസ്തുവിൻെറയും, മൂന്നാമതൊരുവസ്തുവിൻെറയും, നാലാമതൊരുവസ്തുവിൻെറയും പേരു് ഓരോന്നും നാമം തന്നെ. അതുകൊണ്ട് ഒരു വസ്തുവിൻെറ പേരായിരിയ്ക്കുന്ന പദമെല്ലാം, 'നാമം' എന്ന ഇനത്തിൽ പെട്ടതുതന്നെ എന്നു വരുത്തണം. വസ്തുവല്ല, വസ്തുവിൻെറ പേരത്രെ നാമമാകുന്നതു് എന്ന് പ്രത്യേകം ധരിപ്പിയ്ക്കണം.

വെള്ളക്കുതിര തുള്ളിയോടി
പഠിച്ചപാഠം മറന്നുപോയി.

എന്നീ വാക്യങ്ങളെ, അവർ ശീലിച്ചതുപോലെ വായിച്ചു എന്നിരിക്കട്ടെ. കൎത്താ, ക്രിയ, ആഖ്യ, ആഖ്യാതം, നാമം, എന്നിവയെ ചൂണ്ടിക്കാണിപ്പിക്കണം. 'കുതിര' എന്നപദം നാമമാണെന്നു പറയും. കുതിര എന്നപദം ആ ഇനത്തിൽ പെട്ട ഏതുനിറം കുതിരയേയും സൂചിപ്പിക്കുന്നതാണ്. കറുത്തതും ചുവന്നതും എല്ലാം കുതിര എന്നപദംകൊണ്ടു സൂചിപ്പിക്കപ്പെടുന്നതുതന്നെ. ഇന്നനിറം ഉള്ളകുതിരയാണ് എന്നു കാണിക്കാനായ്, അതായത് കുതിര എന്ന ശബ്ദത്തിന്റെ അൎത്ഥവ്യാപ്തിയെ ഭേദിപ്പിക്കാനായ് ഒരു പദംകൂടി ചേൎത്താൽ അങ്ങനെ ചേൎക്കുന്നപദത്തെ 'ഭേദകം' എന്നുപറയും എന്നു് ഉദാഹരണത്തെ ആശ്രയിച്ചു മനസ്സിലാക്കുക. ഇതുപോലെ പാഠപുസ്തകത്തിൽവരുന്ന ഉദാഹരണങ്ങളെ അവലംബിച്ച് അപ്പോഴപ്പോൾ ധരിപ്പിച്ചുറപ്പിച്ചുകൊണ്ടുവരികയുംവേണം. വ്യാകരണസംബന്ധമായ കാൎയ്യം മുഴുവനും ഉദാഹരണം മൂലമല്ലാതെ നിൎവചന ദ്വാരാ പഠിപ്പിക്കരുതു്.

(b) കൈയ്യെഴുത്ത്—മുൻപറഞ്ഞിട്ടുള്ള രീതിതന്നെ ഇവിടെയും പ്രയോഗിക്കണം. ഇവിടെ, വിശേഷിച്ചു പറയാനുള്ളതു് മഷിയുംപേനയും ഉപയോഗിക്കുന്ന കാൎയ്യം മാത്രമാണ്. പേന ഉപയോഗിക്കുന്നതിനു്, മുമ്പിൽ പെൻസിൽ സംബന്ധിച്ചു കൊടുത്തിട്ടുള്ള സൂചനകൾ മതിയാകും. കടലാസിന്മേൽ പെൻസിലിനെ അമൎത്തരുതെന്നു് പെൻസിൽ കാപ്പിയേപ്പററി പറഞ്ഞതുപോലെ ശീലിച്ചു വരുന്നവരാകയാൽ അക്കാൎയ്യവും ഇവിടെ ഓൎമ്മിപ്പിക്കണമെന്നില്ല. അമൎത്തി എഴുതാൻ അവർ പഠിച്ചിട്ടില്ലല്ലോ.

ക്രത്ത അററത്തുനിന്നും ഒരിഞ്ചു മുകളിലായിട്ടുതന്നെ പേ നപിടിക്കേണ്ടതും. അങ്ങനെ ചെയ്താൽ വിരലുകളിലും അവിടെനിന്നും പുസ്തകങ്ങളിലും വസ്ത്രങ്ങളിലും മഷിപിരട്ടുന്ന ദുശ്ശീലം അവക്കുണ്ടാകയില്ല. മഷി അല്പമേ തൊടാവുഎന്നു് അവരെ ഇപ്പോഠം ധരിപ്പിക്കേണ്ടതുണ്ടു്. മഷി അധികം മുക്കിയെടുത്താൽ, പേനയും വേഗംചിത്തയാകും. കാപ്പിപുസ്തകത്തിൽ മഷിയധികംവീണു് വൃത്തികേടാവും, കുടഞ്ഞു കളയാമെന്നുവച്ചാലോ, തറചീത്തയാകും; വെറുതേ മഷി നഷ്ടമാകും, കുടയുന്നതിനു് സമയവുംപോകും. അനാവശ്യമായ ഈ ഉപദ്രവംഎല്ലാം മഷി കുറച്ചുമുക്കുന്നതുമാത്രംകൊണ്ടു് ഒഴിക്കാം; എന്നു ധരിപ്പിച്ചു് അനുസരിപ്പിക്കുക ഇത്രയൊക്കെ സൂക്ഷിച്ചാലും, യാദൃച്ഛികമായ് വന്നുപോകാവുന്ന മഷിവീഴ്ചയെ മാററാനായി ഒപ്പുകടലാസും ഓരൊരുത്തക്കുഉണ്ടായിരിക്കേണ്ടതാണു്.

(c) പകത്തിഎഴുത്തു്—ഇവിടെ കൂടുതലായ് പറയാനുള്ളതു് കൈയ്യെഴുത്തുരേഖകഠംനോക്കി പകത്താൻ ശീലിപ്പിയ്ക്കുന്ന കാര്യമാണു്. എഴുത്തു്, ആധാരങ്ങഠം, കോട്ടുകളിൽനിന്നും കിട്ടുന്നപകപ്പുകഠം, എന്നിവയെ ഉപയോഗിച്ചാൽ ഇതുകളിലെ വാക്യരീതിയും, ചടങ്ങുവാക്യങ്ങളും, അല്പം അല്പം അവക്കു പരിചയപ്പെടുകയും ചെയ്യും. മററു വിഷയങ്ങളെല്ലാം കീഴ്ക്ലാസിലേയ്ക്കു പറഞ്ഞിട്ടുള്ളതുപോലെ തന്നെ.

(d) കഥനം—രീതി മുൻപറഞ്ഞിട്ടുള്ളതു തന്നെ. എന്നാൽ, പദ്യഖണ്ഡങ്ങഠം തിരഞ്ഞെടുക്കുന്നതിൽ ഭാവനാശക്തിയ്ക്കു് അല്പം വ്യായാമംകൊടുക്കത്തക്ക ഭാഗങ്ങളും ഇടയ്ക്കിടെ വേണമെന്നുകൂടി ഓക്കേണ്ടതാണു്. ഇവിടെ ഉച്ചാരണശുദ്ധിമുതലായ അംശങ്ങളിൽ കൂടുതൽ ശ്രദ്ധപതിയു

കയും വേണം. അത്ഥബോധത്തിലും അഭിവൃദ്ധിവരണം, അതായത് പദങ്ങളാൽ സൂചിപ്പിയ്ക്കപ്പെടുന്ന അത്ഥം മിക്കവാറും അവർ മനസ്സിലാക്കണം.

(e) രചന—കീഴ്ക്ലാസ്സുകളിൽ സ്വാനുഭവഗതമായ സംഭവങ്ങളടങ്ങിയ കഥകളാണ് പ്രധാനമായി സ്വീകരിയ്ക്കപ്പെട്ടത്. ഈ ക്ലാസ്സിൽ, കല്പനാശക്തിയെ ഉദ്ദീപിപ്പിയ്ക്കുന്ന കഥകളെക്കൂടി ഉൾപ്പെടുത്തി പറഞ്ഞുകേൾപ്പിച്ച് അവരെക്കൊണ്ട് സംഗ്രഹം പറയിയ്ക്കണം. കഥ, പറയുന്നതിലാണ് കാര്യത്തിന്റെ വിജയം സ്ഥിതിചെയ്യുന്നത് എന്ന് മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അനുസ്യൂതമനോഗതിയെ പ്രേരിപ്പിയ്ക്കത്തക്കവണ്ണം കല്പനാശക്തിപ്രധാനമായ കഥകളെ ആഖ്യാനരൂപത്തിൽ പ്രയോഗിയ്ക്കണം. പ്രകൃതിപാഠങ്ങളിൽ വിവരണസമ്പ്രദായം ഏതാണ്ടൊക്കെ അവർ അറിഞ്ഞിട്ടുള്ളതാകയാൽ ഈ കഥാസംഗ്രഹണത്തിൽ അവിടവിടെ ആവശ്യംപോലെ വിവരണങ്ങളുംഉൾപ്പെടുത്താൻ പ്രേരിപ്പിക്കണം. ഈ ക്ലാസ്സിൽ, രേഖാരചനയും ആവശ്യമുള്ളതിനാൽ അവരുടെ കഥാസംഗ്രഹങ്ങളെ വിവരണങ്ങളടങ്ങിയ ആഖ്യാനങ്ങളായ് എഴുതിശീലിപ്പിയ്ക്കേണ്ടതാകുന്നു. കല്പനാശക്തിപ്രബലപ്പെടുന്നതനുസരിച്ച് വർണ്ണനകളും അനുവദിയ്ക്കാം. ഡ്രിൽമാസ്റ്റരുടെ ആജ്ഞാനുസാരം ഒരുത്തന്റെ പുറകിൽ ഒരുത്തനായ് സഹപാഠികളശേഷം 'മാച്ച്' ചെയ്യുന്നതിനെ, ഇടിമുഴക്കംകേട്ടിട്ടു താമസം മാററാനായിപോകുന്ന എറമ്പുകളോടുപമിക്കാൻ ഒരു കുട്ടി പുറപ്പെട്ടാൽ, അധ്യാപകൻ പ്രത്യേകം സന്തോഷത്തോടുകൂടി അനുമോദിക്കേണ്ടതാണ്. എല്ലാ ആവശ്യങ്ങളും സാധിക്കത്തക്കവണ്ണം ചോദ്യങ്ങളെ അധ്യാപകൻ ഒരുക്കിക്കൊള്ളുന്ന കാര്യം ഏററവും പ്രധാനമാക

യാൽ അതിനെ ഒരിക്കലും മറക്കരുത് എന്ന് എത്രതവണ പറഞ്ഞാലും തൃപ്തിയാവുന്നില്ല.

കല്പനാശക്തിയെ ഉദ്ദീപിപ്പിക്കണമെന്നു പറകയുണ്ടായി. അതു് അവരുടെ ആലോചനാശക്തിയുടെ ബലത്തെ ആശ്രയിച്ചിരിക്കയാണല്ലൊ. അതുകൊണ്ടു് ശിഷ്യന്മാരെ എങ്ങനെ ആലോചിയ്ക്കാൻ ശീലിപ്പിക്കാം എന്നു് ഓഷിയാ വിവരിയ്ക്കുന്നതിനെ ഇവിടെ ചുരുക്കിച്ചേർക്കുന്നതു് ഉചിതമായിരിയ്ക്കുമെന്നുതോന്നുന്നു. (ഒരാൾ സന്നിഹിതാനുഭവത്തിൽ ശരിയായ വിധം ബന്ധപ്പെടുന്നതിനു വേണ്ടി, അതിനെ പൂർവാനുഭവങ്ങളുടെ സഹായത്തെ മുൻനിരത്തി അധിഗമിയ്ക്കുന്നു എങ്കിൽ, ആ ആൾ വേണ്ടവിധം ആലോചിയ്ക്കുന്നു എന്നു പറയാം. വൎത്തമാനസംഭവങ്ങളുടെ കാൎയ്യകാരണബന്ധം സ്പഷ്ടമാകത്തക്കവണ്ണം അവയിൽ പങ്കുകൊള്ളുന്നുവെങ്കിൽ അയാൾ വിചാരപൂർവം പ്രവൎത്തിയ്ക്കുന്നു എന്നു നിശ്ചയംതന്നെ. അതീതാനുഭവങ്ങളെക്രമപ്പെടുത്തി നൂതനാവസ്ഥകളിൽ ആശാസ്യസ്ഥാനത്താകുന്നതിനു് ഉതകത്തക്കവണ്ണം അവയേ പ്രയോഗിയ്ക്കുന്നതത്രെ ആലോചനയുടെ ധൎമ്മം. ഈ ആലോചനാശക്തിയേ വികസിപ്പിയ്ക്കുന്നതിനു് ജീവിതനിബ്ബന്ധമാണു് ഉത്തമമാൎഗ്ഗം. ആവശ്യപ്പെടുമ്പോൾ ആലോചിച്ചു തുടങ്ങുകയാണല്ലോ നമ്മുടെ പതിവു്. സാധനങ്ങളുടെയും സംഭവങ്ങളുടെയും സംബന്ധവിശേഷം കണ്ടുപിടിക്കാൻ നിർബന്ധിതനാകുന്ന പ്രത്യേകഅവസ്ഥയിൽ ഒരു വിദ്യാൎത്ഥി നയിക്കപ്പെടട്ടേ. എന്നാൽ ആലോചനയ്ക്കു് ഒരു പ്രേരണഅവനുണ്ടായി എന്നു പറയാം. കാണാപ്പാഠം വാസ്തവമായ അന്തരംഗവ്യാപാരത്തേ ഉത്ഭവിപ്പിക്കുന്നതല്ല. ആലോചനാശക്തിയുടെ അഭാവം നമ്മുടെ

വിദ്യാൎത്ഥികളിൽ നിരന്തരമായ് കാണപ്പെടുന്നതിനുകാരണം, ശിക്ഷാമന്ദിരങ്ങളിലെ 'ശുകവൃത്തി'മാത്രമാണു്. സ്വശക്തിയെ സദാവികസിപ്പിക്കുന്നമട്ടിൽ വിദ്യാൎത്ഥികളെ ചിന്താശീലന്മാരാക്കുന്ന സമ്പ്രദായം, അവസരോചിതമറിഞ്ഞു പ്രയോഗിക്കുന്നതത്രെ അധ്യാപനവിജയരഹസ്യം. വെട്ടിച്ചെത്തി ചിന്തേറിട്ടു മിനുസംവരുത്തിയ രീതി ഇതാണെന്നു് ഒന്നുംതന്നെ പറയാനില്ല. എങ്കിലും ഒന്നുരണ്ടു കാൎയ്യം ഇവിടെ ഉദ്ധരിച്ചുകൊള്ളാം. പ്രേക്ഷണമാണു് ജ്ഞാനസമ്പാദനപ്രാരംഭം, പ്രേക്ഷിതങ്ങളത്രെ ജ്ഞാനബീജങ്ങളും, വിത്തു ചീത്തയായാൽ വിളവും ദുൎല്ലഭമത്രെ. അതുകൊണ്ടു് പ്രാഥമികക്ലാസുകളിൽ പ്രേക്ഷിതങ്ങളെ സുവ്യക്തമാക്കുകയാണു് പ്രഥമഗണനീയം. ഇവയുടെ പരസ്പരപ്രവൎത്തനത്തിലല്ലേ ആലോചന ആരംഭിക്കുന്നതു്? ആ പ്രേക്ഷിതങ്ങൾതന്നെ അവ്യക്തങ്ങളും അപൎയ്യാപ്തങ്ങളും ആയിപ്പോയാൽ ആലോചനയും അങ്ങനെതന്നെ ഇരിക്കാൻ നിവൃത്തിയുള്ളു. സുവ്യക്തപ്രേക്ഷിതങ്ങളെ അധ്യേതാക്കൾ ഓൎമ്മിക്കയുംവേണം. അല്ലാത്തപക്ഷം ആവശ്യപ്പെടുമ്പോൾ പ്രയോഗിക്കുവാൻ, അതായതു്, ആലോചനയ്ക്കു വിഷയമാക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു് ആലോചനയും തൃപ്തികരമാകയില്ല; അന്തശ്ശക്തി വികസനവും തഥൈവ. പ്രേക്ഷിതങ്ങൾ വ്യക്തമായിരിക്കയും ഓൎമ്മിക്കപ്പെടുകയും ചെയ്യുന്നതിനുപുറമെ സ്വാശ്രയശീലവും ആലോചനയ്ക്കു ആവശ്യമായിരിക്കുന്നു. അഭൂതപൂൎവങ്ങളായ അവസ്ഥാവിശേഷങ്ങളാണു് ആലോചനയെ അധികവും പ്രേരിപ്പിക്കുന്നതു്. അങ്ങനെയുള്ള അവസരങ്ങളിൽ സ്വന്തംപ്രേക്ഷിതങ്ങളുടെ ഇരിപ്പുകണക്കെടുത്തു് അണിനിരത്തി അവസരോചിതംപിരിച്ചും തിരിച്ചും മറിച്ചും ക്രമപ്പെടുത്താൻ മററുള്ളവരുടെ സഹായം ഒരിക്ക

ല്യംസിദ്ധിക്കുന്നതല്ല. അതുകൊണ്ടു് ഏതുവിഷയം പഠിപ്പി ക്കുന്നതിലും ശിഷ്യന്മാരെ സ്വയം പ്രവൎത്തനാസക്തന്മാരാക്കുകയാണു് വേണ്ടതു്. പൂൎവാനുഭവങ്ങളെ അപഗ്രഥിക്കാനും നൂതനസ്ഥിതിവിശേഷങ്ങൾക്കനുഗുണമായി ഉദ്ഗ്രഥിക്കാനും അവരെ ശീലിപ്പിക്കണം. ഈ പ്രയത്നത്തിൽ അധ്യാപകൻ ക്ഷമയോടുകൂടി പുറകെനിന്നു് ശിഷ്യന്മാരുടെ പ്രയാണത്തെ നിയന്ത്രിക്കയല്ലാതെ മുന്നോട്ടുകേറികൈയ്യുപിടിച്ചു് വലിച്ചിഴച്ചു് താൻനിശ്ചയിക്കുന്ന സ്ഥാനത്തുകൊണ്ടാക്കിക്കളയരുതു് അപ്രകാരം ചെയ്താൽ ക്ഷീണംഒന്നുമാത്രമല്ലാതെ മറെറാന്നും കിട്ടുന്നതല്ല. ഭാവിജീവിതത്തിലും സ്വയംചലനശക്തരാകാത്ത എല്ലാശിഷ്യരേയും കൈയ്യുപിടിച്ചുകൊണ്ടു പോകാൻ അധ്യാപകനു സാധിക്കുമോ? അയാൾക്കു് ഗമനഗുളികയില്ലല്ലോ. അതുകൊണ്ടു് അധ്യാപകസഹോദരങ്ങളെ! ശിഷ്യന്മാരെ ചിന്താശീലന്മാരാക്കുന്നതിനുവേണ്ടി (a) പ്രേക്ഷിതങ്ങളെ സുവ്യക്തങ്ങളാക്കുക (b) അവയെ സാമീപ്യബന്ധം തുടങ്ങിയുള്ള സ്ഥിരീകരണോപായങ്ങളാൽ, ഓൎമ്മയിൽ നിറുത്തുക (c) അപഗ്രഥനോദ്ഗ്രഥനരീത്യാ ആവശ്യാനുസാരം ക്രമപ്പെടുത്തി പ്രയോഗിക്കുന്ന ശീലംമൂലം സ്വാശ്രയശക്തിയേ വൎദ്ധിപ്പിക്കുക.]

ഭാഷ അനുകരണസിദ്ധമാകയാൽ ശിഷ്യന്മാൎക്കുണ്ടായിരിക്കേണ്ട തരത്തിലുള്ളഭാഷ, അധ്യാപകൻതന്നെ സമ്പാദിച്ചു് പ്രയോഗിക്കുകയത്രെ ഉത്തമമാൎഗ്ഗം. മാതൃകാഭാഷയുമായുള്ള ചിരപരിചയം അധ്യേതാക്കളെ സമൎത്ഥരാക്കിക്കൊള്ളും. ശിഷ്യഭാഷ, അനാശാസ്യപന്ഥാവിൽപ്രവേശിക്കാതെമാത്രം സൂക്ഷിച്ചുകൊണ്ടാൽ മതിയാകും.

(f) കേട്ടെഴുത്ത്—പാഠപുസ്തകങ്ങളിലൊ തുല്യകാഠിന്യമുള്ള പുസ്തകങ്ങളിലോഉള്ള പദങ്ങളും വാക്യങ്ങളും സ്ലേററിലോ കടലാസിലൊ പെൻസിൽകൊണ്ട് എഴുതുന്നതിന് കുട്ടികൾക്കു ശേഷിയുണ്ടായിരിക്കണമെന്നാണ് ഉദ്ദേശം. ഇതിനെപ്പററി വിശേഷിച്ചൊന്നും പറയാനില്ല. കീഴ് ക്ലാസുകളിൽ കേട്ടെഴുത്തു നടത്തുന്നതിന് പറഞ്ഞിട്ടുള്ളതും കടലാസിൽ പെൻസിൽകൊണ്ട് എഴുതുന്നതിനെപ്പററിപ്പറഞ്ഞിട്ടുള്ളതുംമാത്രം ഓർമ്മിച്ചാൽ മതിയാകും.

൮. നാലാംക്ലാസ്. (a) വായന—അർത്ഥവിശദീകരണം—കീഴ് ക്ലാസുകളിലേക്ക് നിശ്ചയിച്ചിട്ടുള്ളതിലധികം ഇവിടെവേണ്ടവയിൽഒന്ന് പദങ്ങളുടെയും വാക്യങ്ങളുടെയും അർത്ഥം വിശദീകരിക്കുകയാകുന്നു. സംഭാഷണരീതിയിൽ അധ്യയനംതുടങ്ങി കഥകളെസംഗ്രഹിച്ച് മാതൃകാവാക്യങ്ങളുടെയും വിഷയബന്ധം, വാചകബന്ധം എന്നിവയുടെയും സഹായത്തോടുകൂടി പദങ്ങളുടെ അർത്ഥം ഗ്രഹിച്ചും ചോദ്യങ്ങൾക്ക് സ്വന്തം വാക്യങ്ങളിൽ ഉത്തരം പറഞ്ഞും ശീലിച്ചുവന്നിരിക്കുന്നവർക്ക് അർത്ഥവിശദീകരണം പ്രയാസമായ് വരുന്നതല്ല. വായിച്ചസംഗതിയെഗ്രഹിച്ച് സ്വന്തവാക്യത്തിൽ സംഗതിവെളിപ്പെടുത്തുകയല്ലാതെ അർത്ഥവിശദീകരണത്തിൽ എന്താണുള്ളത്? അതുകൊണ്ട് ഇതുവരെ പറഞ്ഞുവന്ന രീതിതന്നെ, ഈ ക്ലാസിലേയ്ക്കും മതിയാകും.

(b) കൈയ്യെഴുത്തുവായന—മൂന്നാംക്ലാസിലേക്ക് പറഞ്ഞിട്ടുള്ള രീതി ഇവിടേയും മതിയാകുന്നതാണ്. എന്നാൽ ആധാരങ്ങളിലേയും മററുരേഖകളിലേയും വാക്യങ്ങളുടെ രീതി, ഘടന, എന്നിവയും സാങ്കേതികപദങ്ങളും അ

ധ്യേതാക്കളെ പരിചയിപ്പിയ്ക്കേണ്ടതാണ്. ഫർജികളും, എഴുത്തുകളുംകൂടി ഇതിനുപയോഗിച്ചാൽ രചനയിൽ ഈ ക്ലാസിനു കൂടുതലായി നിശ്ചയിച്ചിട്ടുള്ള ഭാഗങ്ങൾ പഠിപ്പിക്കാൻ അനുകൂലമായും ഇരിക്കും.

(ന) സർവ്വനാമം—രാമൻ കൃഷ്ണൻ, ഗോവിന്ദൻഎന്നിങ്ങനെ പല നാമങ്ങളേയും ആവർത്തിച്ചു പറയേണ്ടി വരുന്ന ഘട്ടത്തിൽ വിദ്യാർത്ഥികൾതന്നെ ഏതുപദം പ്രയോഗിക്കുന്നു എന്നു ചോദിച്ച് അവരുടെ ഉദാഹരണങ്ങൾകൊണ്ടുതന്നെ 'അവൻ'എന്ന പദത്തെവരുത്താം. വക്താവും വാചയിതാവും നീക്കിയുള്ള എല്ലാആളുകൾക്കും പകരം നിൽക്കുന്നതാകയാൽ 'അവൻ' എന്നതു് സർവനാമം എന്നു ധരിപ്പിക്കണം. വാചയിതാവ് ആരായാലും 'നീ' എന്നു് എല്ലാപേരേയും സംബന്ധിച്ച് പറഞ്ഞുവരുന്നതിനാൽ അതും, വക്താവ് ആരായാലും 'ഞാൻ' എന്നെല്ലാപേരും ഉപയോഗിക്കുന്നതിനാൽ ആയതും, സർവനാമങ്ങളാണെന്നുറപ്പിക്കണം. സർവനാമങ്ങളുടെ ഇനത്തിൽ മൂന്നുവിധംഉണ്ടെന്നു് അവരുടെ ഉദാഹരണങ്ങളെ അവലംബിച്ചുതന്നെ വ്യക്തമാക്കിക്കൊടുക്കാം. എല്ലാം, ഉദാഹരണങ്ങൾ എത്രഅധികം കാണിക്കപ്പെടുന്നുവോ അത്രയ്ക്കും ബലമായ് മനസ്സിൽ പതിയുന്നതാണു്.

(ഠ) പുല്ലിംഗ സ്ത്രീലിംഗ നപുംസകലിംഗങ്ങൾ—നാമങ്ങളിന്മേൽ അഭ്യസനം നടക്കുമ്പോൾ പുല്ലിംഗ സ്ത്രീലിംഗ നപുംസകലിംഗപദങ്ങളേയും പ്രയോഗിച്ച് അവതമ്മിലുള്ള വ്യത്യാസത്തെ സ്പഷ്ടമാക്കി പുരുഷവാചിയായ നാമത്തെ പുല്ലിംഗംഎന്നും സ്ത്രീവാചിയായപദത്തെ സ്ത്രീലിംഗമെന്നും നപുംസകവാചിയെ നപുംസകലിംഗമെന്നും

ധാരാളം ഉദാഹരണങ്ങളെ അഭ്യസനത്തിനായി കൊടുത്തു് പറയിച്ച് ഉറപ്പിക്കണം.

(a) നാമങ്ങളുടെ വചനഭേദങ്ങളും ക്രിയകളുടെ കാലഭേദങ്ങളും ഉദാഹരണങ്ങളിൽനിന്നും പറഞ്ഞുവന്ന രീതിയിൽതന്നെ പഠിപ്പിക്കണം. വ്യാകരണസംബന്ധമായ ഏതു സംഗതിയും ഉദാഹരണബലം കൊണ്ടുതന്നെ ധരിപ്പിച്ചുറപ്പിക്കേണ്ടതും വായനപാഠങ്ങളിൽ ഉചിതങ്ങളായ ഉദാഹരണങ്ങളെ പുരസ്കരിച്ച് അഭ്യസനം നൽകേണ്ടതുമാകുന്നു.

(b) കൈയ്യെഴുത്തു് —കീഴ് ക്ലാസ്സിനുള്ള രീതിതന്നെ. ഇവിടെ അല്പം വേഗത്തിൽ എഴുതാൻ ശീലിക്കണം. എന്നാൽ, തെളിവായും ഭംഗിയായും വൃത്തിയായുംഇരിക്കയും വേണം.

(c) പകർത്തിയെഴുത്തു് —ഈ വിഷയത്തെസംബന്ധിച്ചും ഇവിടെ കൂടുതലായ് പറയേണ്ടതു് മററു ഗുണങ്ങളെ ഉപേക്ഷിക്കാതെ അല്പം വേഗത്തിൽ എഴുതിക്കണമെന്നത്രേ.

(d) കഥനം—മാത്രക്കൂട്ടുന്നകാര്യം മാത്രമേ ഇവിടെ കൂടുതലായ് പറയേണ്ടതുള്ളൂ.

(e) രചന— (എ) നാലാംക്ലാസിൽ കൂടുതലായ് ആവശ്യപ്പെടുന്നതു് അപേക്ഷ ഹർജികളും, എഴുത്തുകളും മേൽവിലാസങ്ങളും എഴുതാനുള്ള പരിചയമത്രെ. കൈയെഴുത്തു വായന പാഠങ്ങളിൽ, എഴുത്തുകളും ഹർജികളും ഉപയോഗിച്ച് ചടങ്ങുവാചകങ്ങളെ പരിചയപ്പെടുത്തിയാൽ ഈവിധമുള്ള രചനാവിശേഷത്തിൽ വൈഷമ്യമൊന്നുമു

ണ്ടാകുന്നതല്ല. രചന, കീഴ്ക്ലാസിലെ രീതിപിടിച്ച് മേൽക്ലാസിലേയ്ക്കുചിതങ്ങളായ വിഷയങ്ങളെ കൈയ്യാളിച്ച് നടത്തിക്കൊണ്ടാൽ മതി. മേൽവിലാസം എഴുതിശീലിപ്പിക്കാൻ ഒരു എളുപ്പവഴി ഉപയോഗിക്കാം. ഓരോകുട്ടിയേയും അടുത്തദിവസം പള്ളിക്കൂടത്തിലേക്കു വരുമ്പോൾ അവരുടെവീട്ടിൽ വല്ലവക്കും വന്നിട്ടുള്ള ഒരു എഴുത്തുവീതം കൊണ്ടുവരാൻ ചട്ടംകെട്ടി വരുത്തണം ഓരോരുത്തരും കൊണ്ടുവരുന്ന എഴുത്തിൻെറ മേൽവിലാസത്തെ വായിച്ച് ഓരോ അംശത്തിൻേറയും ആവശ്യകതയെ സ്പഷ്ടമാക്കട്ടെ. ആളിൻെറ വ്യത്യാസമനുസരിച്ച് പേരുവ്യത്യാസവും ആളിനെ കണ്ടുപിടിക്കാൻ വേണ്ട വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നതിൻെറ ഉദ്ദേശം മനസ്സിലാക്കിട്ട് ഓരോരുത്തരെക്കൊണ്ടും അവക്കറിവുള്ള അന്യദിഗ്വാസിയായ വല്ലവക്കും എഴുത്തയക്കാൻ മേൽവിലാസം എഴുതിക്കുക. മേൽവിലാസം എഴുതാൻ നിശ്ചയമായും അവക്കു വശമാകുമെന്നു മാത്രമല്ല, എളുപ്പം മറന്നുപോകുന്നതുമല്ല.

(ഘ) പരിചിതവസ്തുക്കളുടെ വിവരണം പറയുന്നതിനു ശീലിച്ചുവന്നവക്ക് അതു് എഴുതിഫലിപ്പിക്കാൻ പ്രയാസമൊന്നുമില്ല. രേഖാരചനയിൽ മൂന്നാംക്ലാസുമുതലെ അഭ്യസനം നടന്നുവരുകയല്ലേ? കൈയ്യെഴുത്തിലുംപകർത്തിഎഴുത്തിലും ലേഖനപ്രയത്നം ലഘൂഭവിച്ചുവരികയും സാംഗത്യഭംഗംക്രൂടാതെ അടുക്കും സന്ധാനവും ശൗനിച്ച് കഥാസംഗ്രഹണവും വസ്തുവിവരണവും പറഞ്ഞുവരുകയും ചെയ്യുന്നല്ലോ? അതുകൊണ്ടു് വസ്തുവിവരണത്തിനായും പ്രത്യേകരീതി പറയേണ്ട ആവശ്യമില്ല. എങ്കിലു, പ്രധാനഭാഗം ഒന്നുംവിട്ടുപോകാതെ സൂക്ഷിക്കണം എന്നോൎമ്മപ്പെടുത്താം.

(f) കേട്ടെഴുത്ത്—പൂർവരീതിയെ അനുസരിച്ചാൽ മതിയാകും.

vi. പദ്യപാഠങ്ങൾ—പ്രാഥമിക ക്ലാസുകളിൽ പദ്യം പഠിപ്പിക്കേണ്ട രീതിയെപ്പററി ഒന്നും പറയാതെ ഈ ഭാഷാധ്യാപനത്തെ ഉപസംഹരിക്കുന്നതായാൽ അതു് പൂർണ്ണമായി ഭവിക്കുന്നതല്ലെന്നു് തോന്നുന്നതിനാൽ അതിനെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളാം. ഏതു ഭാഷയിലും സാഹിത്യത്തിന്റെ ഉത്ഭവം പദ്യരൂപത്തിലായിരുന്നു എന്നാണു് പണ്ഡിതമതം. വ്യാകരണം മുതലായ ഭാഷാനിയന്ത്രണകാരകങ്ങൾ ഉണ്ടായിട്ടില്ലാത്ത കാലത്തു് ഉള്ളിൽ തോന്നിയ വികാരങ്ങൾ സ്വശക്തിക്കനുരൂപമായി വെളിപ്പെട്ടതിൽ രൂപീകരിച്ച പദ്യം (ഗദ്യം അന്നുണ്ടായിരുന്നില്ലല്ലോ) വികാരപ്രധാനമായിരുന്നു എന്നു പറയേണ്ടതില്ല. അതുകൊണ്ടു് സാഹിത്യാഭിധാനത്തെ അർഹിക്കുന്ന ഏതുകൃതിയേയും അധിഗമിക്കാൻ വികാരങ്ങളിൽ കൂടിയല്ലാതെ എങ്ങനെ സാധിക്കും? വല്ലവരും മററുവിധത്തിൽ സാഹിത്യഗ്രഹണം സാധിച്ചുഎന്നു വിചാരിക്കുന്നുവെങ്കിൽ അതു വെറും വാച്യാർത്ഥബോധത്തിൽ അവസാനിക്കുന്നതായല്ലാതെ വരുന്നതല്ല. വികാരങ്ങളെ വികാരംമൂലമല്ലാതെ അറിയാൻ, അതായതു് പൂർണ്ണമായ് ഗ്രഹിക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ടു് ബാലന്മാരെ പഠിപ്പിക്കാവുന്ന പദ്യങ്ങൾ അവരുടെ ഹൃദയശക്യങ്ങളായ വികാരങ്ങളടങ്ങിയതായിരിക്കണം എന്നു നിശ്ചയമാകുന്നു. പഠിപ്പിക്കുന്ന രീതിയും അവരുടെ ആന്തരസത്വത്തെ സ്പർശിക്കത്തക്കതായിരിക്കണം. അതിനു് അന്യരീതി യോജിക്കുമെന്നു തോന്നുന്നില്ല. സഹസ്രശഃഖണ്ഡിക്കാൻ പുറപ്പെടുന്ന ആളും, പ്രതിപാദിക്കപ്പെടുന്ന പദ്യത്തിലെ വികാ

ബലത്തെ കാണുന്നതുപോലും അസാധ്യമത്രേ. അതുകൊണ്ട് വികാരത്തെ പൂൎണ്ണമായ് പരിപാലിക്കാൻ ആശയങ്ങളെ ഉചിതരീതിയിൽ പൂൎണ്ണമായിട്ടുതന്നെ അധ്യേതാക്കളെ ധരിപ്പിക്കണം. വായനപാഠത്തിന് പറഞ്ഞുവന്ന രീതിതന്നെ ഇവിടെയും യോജിക്കുന്നത്.

പാഠം, പദ്യമോ, ഗദ്യമോ, ആശയം ദുരവഗാഹമോ സുഗ്രഹമോ,ഭാഷാരീതിപ്രസന്നമോ കലുഷമോ, ഏതായിരുന്നാലും 'അനുഭാവാദാവിർഭാവം'എന്നമനശ്ശാസ്ത്രതത്വത്തെ ആശ്രയിച്ച്, വിഷയവിജ്ഞാപനത്തിലും ഭാഷാവിശദീകരണത്തിലും ആരംഭിയ്ക്കുന്ന നമ്മുടെരീതി അധ്യാപനത്തെ രസപൂൎണ്ണമാക്കുകനിമിത്തം അന്തശ്ശക്തിവികസനം സുകരമായ് ഭവിക്കുന്നു എന്ന് അനുഭവംകൊണ്ട് അറിയാവുന്നതാണ്. ഈ രീതിയ്ക്ക് പൂൎണ്ണാശയരീതി എന്ന് നാമകരണംചെയ്യുന്നത് യുക്തമായിരിയ്ക്കും. ആശയപൂൎണ്ണതയെ ലക്ഷ്യമാക്കിയാണല്ലോ ഈ രീതിയുടെ ഗതി.

ഒരു സംശയം ഇവിടെ ചോദിയ്ക്കാനിടയായിട്ടുണ്ട്. പൂൎണ്ണാശയരീതി അനുസരിച്ച് ഒരു പാഠം മുഴുവനും ഒരു ദിവസം പഠിപ്പിച്ചുതീക്കാൻ സാധിയ്ക്കാതെ വരാമല്ലോ; അപ്പോഴെന്തുചെയ്യണം? എന്നാണ് ശങ്ക. ആ മാതിരി ഘട്ടങ്ങളിൽ ആശയസന്ധാനത്തേയല്ല ഉചിതമാത്രകളായ് മുറിച്ചെടുത്തുകൊള്ളേണ്ടത്, അധ്യാപനപ്രയത്നത്തേയാണ്. അന്തരങ്ഗവ്യാപാരത്തിൻെറ അനുസ്യൂതഗതി സ്വാഭാവികമായിത്തീരണമെന്നാശിയ്ക്കുന്നവർ ആശയപ്രവാഹത്തെ ഏതുകാരണവശാലും തടയരുത്. തുടച്ചയായിട്ടുതന്നെ ഒരു പാഠത്തിലെ സംഗതി മുഴുവനും സംഭാഷണരീത്യാ ധരിപ്പിയ്ക്കുയും അതിലുള്ള നൂതനപദങ്ങളേയും

പ്രയോഗവിശേഷങ്ങളേയും വിശദീകരിയ്ക്കുകയും ചെയ്യുന്നതിന് ഒരു പീരിയഡ്മുഴുവനുമോ, വേണ്ടിവന്നാൽ അധികംസമയമോ വിനിയോഗിയ്ക്കണം. ആ ഭാഗം ആദ്യം തൃപ്തികരമായ് നടത്തീട്ട് അതുപോലെതന്നെ അധ്യാപനപ്രയത്നത്തിലെ അടുത്ത അംശങ്ങളേയും പ്രത്യേകംദിവസങ്ങൾക്കായ് പിരിച്ചുകൊള്ളാം. ഇതാണ് ന്യായമായരീതി. ചിലരുടെ അഭിപ്രായത്തിൽ ആകപ്പാടെയുള്ളസംഗതിയെ ചുരുക്കമായ് ആദ്യം പറഞ്ഞുതീർത്തിട്ട് ആശയവ്യക്തിക്കു ഭംഗം വരാത്ത ആശ്രയിച്ച് നമ്മുടെ രീതിയിൽ ഓരോഖണ്ഡികയായ് പഠിപ്പിച്ചുതീർക്കേണമെന്നുണ്ട്. അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല; ആശയസന്ധാനം നഷ്ടമാകാതിരുന്നാൽ മതി

ആകാംക്ഷാരീതി—ഗദ്യഭാഷയിൽ, ആഖ്യമുതലായവയ്ക്ക് വാക്യങ്ങളിൽ സ്ഥാനംനിശ്ചയിച്ചിട്ടുണ്ടല്ലോ. വികാരവശന്മാരായകവികൾ ആ നിയമങ്ങളെ ലംഘിച്ചുകളയുന്നു. തന്നിമിത്തം അവരുടെ കൃതികളെ ആകാംക്ഷാരീതി ഉപയോഗിച്ച് പഠിപ്പിക്കുന്നതാണ് എളുപ്പം എന്നൊരു പക്ഷം ഉണ്ട്. ഒരു പദ്യഖണ്ഡത്തിലെ പ്രധാന ക്രിയ എവിടെയിരിയ്ക്കുന്നു, കർത്താകർമ്മം ഭേദകങ്ങൾ എവിടെയെല്ലാം കിടക്കുന്നു എന്നു തേടിപ്പിടിച്ചന്വയിച്ച് അർത്ഥം ഗ്രഹിയ്ക്കുന്നതിലാണ് ഈ ആകാംക്ഷാരീതി അന്തർഭവിയ്ക്കുന്നത്. വ്യാഖ്യാനം ആവശ്യപ്പെടുന്ന ഒരു ശ്ലോകത്തിലെ ആശയങ്ങളെപ്പററി യാതൊരു അറിവും ഇല്ലാത്ത· ഏതു ക്ലാസിലും, വിശേഷിച്ചും, പ്രാഥമികക്ലാസുകളിൽ ആകാംക്ഷാരീതി 'വടക്കുനോക്കി'ക്കൂടാതെ പോകുന്ന കടൽയാത്രപോലെയാണാകുന്നത്; ബുദ്ധിപൂർവ്വമായ പ്രയത്നം അവിടെ സാധ്യമാകയില്ല; അതുകൊണ്ടു ഈ രീതി കേവ

ലം യാന്ത്രികബോധനമെന്നെ പറയാവൂ. എന്നാൽ വായനപാഠങ്ങൾക്ക് നാം പറഞ്ഞുവരുന്ന രീതിയനുസരിച്ച് ആശയവിജ്ഞാപനംമൂലം ശ്ലോകത്തിലെ വിഷയം ഗ്രഹിച്ചിരിക്കുന്ന ഏതു് ക്ലാസിലും ആകാംക്ഷാരീതി അപരിത്യാജ്യവുമല്ല. ഏതായാലും ഈ രീതി ഒന്നുകിൽ അപര്യാപ്തം അല്ലായ്കിൽ അതിമാത്രം എന്നെ വരൂ. രണ്ടാമത്തെ കാര്യത്തിൽ ഈ രീതി ഉപയോഗിയ്ക്കുന്നതുകൊണ്ടു് ദോഷമില്ലെന്നു തോന്നുന്നു.

൨൧ മററചില വിഷയങ്ങൾ (൧) ഉത്തരങ്ങളുടെരൂപം—അന്തർഗ്ഗതവിനിമയപാടവം ഭാഷയുടെ ഗുണത്തെ ആശ്രയിച്ചിരിയ്ക്കുന്നതിനാൽ വാക്യങ്ങളുടെ വിവിധരൂപങ്ങളും അവസരോചിതം പ്രയോഗിയ്ക്കാൻ ബാലന്മാർ അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. എങ്ങനെയെങ്കിലും കാര്യം അറിയിച്ചാൽപോരാ. ചോദ്യോത്തരവാക്യങ്ങൾക്ക് രൂപസാമ്യം ഉണ്ടായിരിക്കണം എന്നൊരു നിബന്ധം പ്രാഥമികക്ലാസുകളിൽ വച്ചിരുന്നാൽ മാത്രമെ ആ വിഷയത്തിൽ ബാലന്മാരുടെ ശ്രദ്ധപതിയാനും വേണ്ടവഴിയ്ക്കു പരിശീലനം ലഭിക്കാനും എളുപ്പമായിരിയ്ക്കുയുള്ളൂ. രാവണനെ ആർകൊന്നു? എന്നു ചോദിച്ചാൽ രാവണനെകൊന്നതു് ശ്രീരാമനാണ് എന്നു വരുന്ന ഉത്തരം സ്വീകാര്യമല്ല. രാവണനെ ശ്രീരാമൻ കൊന്നു എന്ന രൂപത്തിൽതന്നെ വരുത്തണം. ഇങ്ങിനെയുള്ള നിബന്ധം ഉണ്ടായിരുന്നാൽ മാത്രമേ ആശയങ്ങളുടെ ശക്തി സ്ഥിതിഗതിഭേദങ്ങളനുസരിച്ച് ഉചിതരൂപത്തിൽ വാക്യങ്ങൾ ചമയ്ക്കുന്നതിനും അവസരോചിതം പ്രയോഗിക്കുന്നതിനും ബാലന്മാക്ക് ക്രമേണസാമത്ഥ്യം

ഉണ്ടാവുരുകയുള്ളൂ. രചനയും, സുഘടിതവാക്യങ്ങൾമൂലമേ ഭംഗിയും ശക്തിയും ലഭിക്കു.

(പ) ഇനിയൊരു സംഗതിപറയാനുള്ളത് ബാലന്മാരുടെ ഉത്തരങ്ങളശേഷം പൂർണ്ണവാക്യങ്ങളിലായിരിയ്ക്കണമോ വേണ്ടയോ എന്നാണ്. പൂർണ്ണവാക്യത്തിൽതന്നെ ആയിരിയ്ക്കണം ഉത്തരങ്ങൾ എന്നു രചനാപാഠത്തിൽ നിർബന്ധിക്കേണ്ടതുതന്നെ. എന്നാലെ വാക്യരൂപീകരണത്തിൽ പര്യാപ്തമായ പരിശീലനം ലഭിയ്ക്കൂ. ഈ നിർബന്ധമില്ലാതെപോയാൽ വിവിധരൂപങ്ങളിൽ വാക്യങ്ങളുണ്ടാക്കാൻ ഒരു പരിശീലനം നൽകുന്നതിനു മാർഗ്ഗമേതു്? നിരുന്മേഷമായ വാക്യപരിവർത്തനവ്യാപാരമാണോ അതിനുപയോഗിക്കേണ്ടതു്? അങ്ങനെ ചെയ്താൽ മനഃക്ഷീണവും മടിയും വന്നുകൂടുന്നതിനും അദ്ധ്യാപകന്റെ നിർബന്ധമുണ്ടായാൽ അദ്ധ്യയനം ആന്തരസത്വത്തെ സ്പർശിക്കാത്ത യാന്ത്രികവൃത്തിയായിത്തീരുന്നതിനും ഇടയായിപ്പോകയില്ലയോ? ആട്ടെ, രചനാപാഠത്തിൽ പൂർണ്ണവാക്യത്തിലുള്ള ഉത്തരം വേണമെന്നു നിർബന്ധിക്കാം. വായനപാഠങ്ങളിലൊ? അവിടെയും ആ നിർബന്ധം വേണ്ടിയിരിക്കുന്നു. വായനപാഠങ്ങളിൽ ആദ്യമായ് ആശയഗ്രഹണവും അതിനെതുടർന്ന് വിജ്ഞാപനവും പ്രതീക്ഷിക്കപ്പെടുന്നു. ആശയങ്ങൾ സുവ്യക്തപൂർണ്ണങ്ങളാണോ? ആശയങ്ങളെ യഥാർത്ഥമായ് പ്രതിബിംബിക്കുവാൻ ബാലന്മാർക്കുശേഷിയുണ്ടോ? എന്നറിയണമെങ്കിൽ അവർ പൂർണ്ണമായിട്ടുതന്നെ പറയാഞ്ഞാൽ സാദ്ധ്യമാണോ? അർത്ഥസിദ്ധമെന്ന് അദ്ധ്യാപകൻ വിചാരിക്കുന്നതും ബാലന്മാർ കരുതുന്നതും ഒരേ വഴിക്കുതന്നെ ആയിരിക്കുമെന്ന് എങ്ങനെ തീരുമാനിക്കാം? 'അർത്ഥസിദ്ധ'ന്യായം ആശയങ്ങ

ളുടെ സ്വഭാവം സ്പഷ്ടമായ് അറിയേണ്ട ഘട്ടങ്ങളിൽ അ യുക്താതന്നെ:

ഭാഷയുടെയും ആശയങ്ങളുടെയും സ്പഷ്ടതയേയോ പൂ ൎണ്ണതയേയോ ശൈനിച്ചുള്ള പാഠങ്ങളിൽ പൂൎണ്ണവാക്യ ത്താലുള്ള ഉത്തരം തന്നേവേണം എന്നു വന്നാൽ പിന്നെ എവിടേ ആണ് സന്ദർഭോചിതങ്ങളായ ഒററവാക്കുത്തരങ്ങൾക്ക് പ്രവേശനമുള്ളത്. ലോകജീവി തത്തിൽ ആ മാതിരി ഉത്തരങ്ങൾക്ക് ആവശ്യം ധാരാളം കാണുന്നല്ലോ. "ഞാൻ ഇന്നലെ പറഞ്ഞിരുന്നതുപോ ലെ, നീയും നിൻെറ അനുജനും ഇന്നു രാവിലെ ചിറയിൽ ചെന്നു കുളിച്ചോ?" എന്ന് അമ്മ മകനോടു ചോദിക്കു മ്പോൾ ചോദ്യത്തിലെ പദങ്ങളശേഷം വേണ്ടവണ്ണം മാ ററി "അമ്മ ഇന്നലെ പറഞ്ഞിരുന്നതുപോലെ ഞാ ം എൻെറ അനുജനും ഇന്നുരാവിലെ ചിറയിൽ ചെന്നു കുളി ച്ചു" എന്നു പറയുന്നത് എത്ര അനുചിതവും അലോഹ്യവു മാണ്. ഒററവാക്കുകൊണ്ട് സാധിക്കേണ്ടകാൎയ്യത്തിന്നായ് കൂടുതൽ ശക്തിയും സമയവും വ്യയം ചെയ്യേണ്ടിവരുന്നത് നമ്മുടെ ജീവിതഗതിക്കു ചേരുന്നതല്ല. "വ്യാപാരൈർബ ഹുകാൎയ്യഭാരഗുരുഭിഃകാലോപിനജ്ഞായതേ" എന്നിരിക്കുന്ന സ്ഥിതിക്ക് അനാവശ്യമായി ഒന്നുംതന്നെ ചെലവാക്കാൻ പാടില്ലല്ലോ. വാക്കിലും മിതവ്യയശീലം ബാലന്മാർ എങ്ങ നെസമ്പാദിക്കും; എന്ന് പൂൎണ്ണവാക്യത്തെഎതിക്കുന്നവരെ തൃപ്തിപ്പെടുത്തേണ്ടതുതന്നെ. അവർ പറയുന്നതും വാസ്ത വമാണല്ലോ അതിനും നമ്മുടെ പാഠശാലാപ്രവൎത്തന രീതിയിൽ ഒരു ഘട്ടം നീക്കിവെച്ചിട്ടുണ്ട്. പ്രത്യക്ഷവിഷ യങ്ങളെപ്പററി സംഭാഷണം നടത്താൻ ബാലന്മാരെ പ്രേ രിപ്പിച്ചിട്ട് അധ്യാപകൻ പിന്മാറിനിൽക്കണമെന്ന് മുൻ

പൊരവസരത്തിൽ പറഞ്ഞിട്ടുള്ളതു് നിങ്ങൾ ഓക്കുമല്ലോ. അതുപോലെയുള്ള അവസരങ്ങളിൽ, അതായതു് വക്താവിന്നും വാചയിതാവിന്നും ആശയങ്ങളെ സംബന്ധിച്ചു് സന്ദേഹമില്ലാതെയിരിക്കുമ്പോഴും അഭിമുഖസംഭാഷണ പാടവത്തെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന പാഠങ്ങളിലും പൂൎണ്ണവാക്യനിർബന്ധം ഒഴിക്കേണ്ടതാണു്; അതു ചെയ്യില്ലെങ്കിൽ അന്തൎഗ്ഗതങ്ങളുടെ സ്വച്ഛന്ദഗതിയ്ക്കു പ്രതിബന്ധമായി ഭവിയ്ക്കും. ചുരുക്കിപ്പറഞ്ഞാൽ ആശയബോധസൂക്ഷ്മതയേപ്പററി സന്ദേഹം ജനിയ്ക്കാവുന്നിടത്തും, വാക്യനിൎമ്മാണപരിശീലനം ഉദ്ദേശിയ്ക്കപ്പെടുന്നിടത്തും, ഉത്തരം പൂൎണ്ണവാക്യരൂപത്തിൽതന്നെ വേണം എന്നു് നിർബ്ബന്ധിയ്ക്കേണ്ടതും, വ്യക്താശയങ്ങളെ വിഷയമാക്കിയുള്ള അഭിമുഖ സംഭാഷണത്തിൽ ആ നിർബന്ധം കളയാവുന്നതും ആകുന്നു. ഒരു വാക്കുപോലും ഉച്ചരിയ്ക്കാതെ മുഖം ചുളിച്ചോ മറെറാ ഉത്തരം പറയുന്നതുജീവിതത്തിൽ ഉപയോഗപ്പെടുന്നില്ലേ.

൨. മൗനവായന—അദ്ധ്യാപകമിത്രം നിർബന്ധിയ്ക്കുന്നതുപോലെ ഉച്ചാരണശുദ്ധി മുതലായ യാന്ത്രികാംശങ്ങളെ ഗൗനിയ്ക്കുന്നതിന്നായി എപ്പോഴും ശ്രാവ്യവായനതന്നെ നടത്തിക്കൊണ്ടുവന്നാൽ സ്വാദ്ധ്യായ പ്രയത്നത്തിൽ സ്വീകാര്യമായ മൗനവായന ശീലിക്കുന്നതെപ്പോഴാണു്? എന്നു ചോദിയ്ക്കാനിടയുണ്ടു്. അതും പ്രാഥമികപാഠശാലയിൽ വച്ചു ശീലിച്ചുതുടങ്ങേണ്ടതുതന്നെ. പ്രാഥമികപാഠശാലയ്ക്കകത്തും അതിന്നുപയോഗമുണ്ടു്. കേട്ടെഴുത്തു കൊടുത്തിട്ടു് എല്ലാ സ്ലേററും അദ്ധ്യാപകൻതന്നെ പരിശോധിയ്ക്കണം എന്നു് മറെറാരുഘട്ടത്തിൽ പറഞ്ഞിട്ടു

ണ്ടല്ലോ. അങ്ങനെ വിദ്യാൎത്ഥികളുടെ സ്ലേററുകളെല്ലാം അധ്യാപകൻ പരിശോധിയ്ക്കുന്നതിനാവശ്യമുള്ള സമയം മുഴുവനും കുട്ടികൾക്ക് ജോലിയൊന്നുമില്ലായ്കനിമിത്തം വെറുതെയിരുന്ന് കണ്ടാമണ്ടികൾ ശീലിയ്ക്കാനിടവരുത്താതെ പാഠപുസ്തകത്തിൽ ആശയവും ഭാഷയും പൂൎണ്ണമായ ഏതെങ്കിലും ഒരു ഭാഗം തിരഞ്ഞെടുത്തു പറഞ്ഞ് ശബ്ദം ഉണ്ടാക്കാതെ നോക്കി വായിയ്ക്കാൻ ആജ്ഞാപിയ്ക്കയും അതിനെ അടുത്ത സംഭാഷണപാഠത്തിനു വിഷയമാക്കുകയും ചെയ്യുന്ന പതിവ് ഏൎപ്പെടുത്തിയാൽ മതിയാകും. ഓരോരുത്തൻെറയും സ്ലേററ നോക്കിത്തീൎന്നഉടൻ, അവനവ സ്വന്തം സ്ലേററ എടുത്തുനോക്കാൻ പാടില്ലാത്തതിനാൽ എല്ലാസ്ലേററും നോക്കിത്തീരുന്നതുവരെ എല്ലാകുട്ടികൾക്കും ഒന്നുപോലെ സമയം മൗനവായനയ്ക്കു കിട്ടുന്നതാണ്. എല്ലാസ്ലേററും നോക്കിത്തീൎത്തതിൽ പിന്നേ കേട്ടെഴുത്തു പാഠം മേൽനടത്തേണ്ട ക്രമം അനുസരിച്ചുകൊള്ളാം. കേട്ടെഴുത്തുപാഠത്തിൽമാത്രമേ മൗനവായന ശീലിപ്പിക്കാവൂ എന്നില്ല. അവരുടെ പ്രവൃത്തിയേ ഗൗനിച്ച് വേണ്ടതു ചെയ്യാൻ കൃത്യാന്തരം നിമിത്തം അധ്യാപകന് അസൗകൎയ്യം ഒഴിച്ചുകൂടാത്തതായിരിയ്ക്കുമ്പോഴൊക്കെ മൗനവായനയ്ക്കനുവദിയ്ക്കാം. അടുത്ത സംഭാഷണപാഠത്തിൽ സഹപാഠികൾ തമ്മിൽ മൗനവായനയ്ക്കു നിശ്ചയിച്ച ഭാഗത്തിലെ വിഷയങ്ങളിന്മേൽ അങ്ങോട്ടും ഇങ്ങോട്ടും ചോദ്യം ചോദിയ്ക്കുമ്പോൾ മൗനവായന പ്രയോജനപ്പെട്ടതു ആൎക്കെല്ലാമെന്നു കണ്ടുപിടിക്കാവുന്നതാണ്. അശ്രദ്ധാമൂലമോ അശക്തിനിമിത്തമോ നിഷ്പ്രയോജനമായിഭവിച്ചിരിയ്ക്കാം. ചില ബാലന്മാൎക്ക് ആത്മശക്തിയ്ക്കും നയനേന്ദ്രിയത്തിനും തമ്മിൽ അടുത്ത ബലവത്തരമായ ബന്ധം ജന്മസിദ്ധമായിക്കാണും. അവർ കുണ്ണാടിയ്ക്കുന്ന ഭാഗ

ങ്ങൾ ആന്തരസത്വത്തിൽ തെളിവായും ബലമായും പതി ഞ്ഞുകൊള്ളും. മററു ചിലക്ക് ശ്രവണേന്ദ്രിയത്തോടായി രിയ്ക്കും ആത്മശക്തിയുടെ പ്രബലസംബന്ധം. അങ്ങനേയു ള്ളവക്ക് മൗനവായനകൊണ്ട് എളുപ്പം വിഷയഗ്രഹണം സിദ്ധിയ്ക്കുന്നതല്ല. അതിനാൽ മൗനവായന ആക്കെല്ലാം പ്രയോജനപ്പെട്ടു കാണുന്നില്ലയോ അവരുടെ ശക്തികളേ മററുപാഠങ്ങൾ നടക്കുമ്പോഴും പരിശോധിച്ച് ബാലന്മാ രെ ശ്രവണപ്രധാനികൾ, നയനപ്രധാനികൾ എന്നുതരം തിരിച്ച് അദ്ധ്യാപകൻ ഓമ്മിച്ചുകൊള്ളണം. നയനപ്ര ധാനികളുടെ അശ്രദ്ധയെ മാററുന്നതിനും ശ്രവണപ്രധാ നികളുടെ ശക്തിഹീനതയെ കുറയ്ക്കുന്നതിനും ഉചിതങ്ങ ളായ മാഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രയോഗിയ്ക്കുകയും വേണം. അശ്രദ്ധയ്ക്കുമരുന്ന് മററുവിഷയങ്ങളിലുംഇതിലും ഒന്നുപോ ലെ ആകയാൽ അതിനെപ്പററി ഇവിടെ പ്രസ്താവിക്കാൻ ഒരുമ്പെടുന്നില്ല. മററുള്ളവരുടെ കായ്യം ശ്രദ്ധേയമാണ്. അവക്ക് ശ്രവണേന്ദ്രിയദ്വാരാ വിഷയജ്ഞാനം അല്പം കിട്ടി യാലേ നയനേന്ദ്രിയം ഫലവത്തരമായ് പ്രവൃത്തിക്കു എ ന്നു കാണുന്നതുകൊണ്ട് സ്ലേററുപരിശോധിക്കാൻ തുടങ്ങും മുമ്പേതന്നെ മൗനവായനയ്ക്കു നിശ്ചയിക്കുന്ന ഭാഗത്തി ലെ മമ്മങ്ങളെ രണ്ടുവാക്കിൽ കുട്ടികളെ അറിയിച്ചിട്ട് വാ യിപ്പിച്ചു കൊള്ളുകയാണുചിതം. ഈ വിഷയജ്ഞാനംമററു ള്ളവക്കുംഉപകാരമായിരിക്കും. പാഠശാല വിട്ടുപോയാലും ഗ്രന്ഥപരിശീലനം, എന്നും ആവശ്യമായിരിക്കുന്നതുകൊ ണ്ടു് ആശയം മററുള്ളവരെ ധരിപ്പിക്കേണ്ട ആവശ്യമില്ലാ ത്ത ഘട്ടങ്ങളിൽ ഉറക്കെ വായിച്ചു ക്ഷീണിക്കാതെ കാര്യം നേടാൻ മൗനവായന വളരെ ഉപയോഗമുള്ളതാണ്. പ്രാ ഥമികക്ലാസിൽവച്ചുതന്നെ അതു ശീലിപ്പിക്കേണ്ടതാണ്.

അതുനിമിത്തം ഉണ്ടാകുന്ന പ്രത്യേകഗുണങ്ങൾക്കു പുറമേ പാഠശാലാഭരണത്തിൽ അധ്യാപകനേ സഹായിക്കയും ചെയ്യുന്നു.

(൩) കാപ്പിയെഴുതുന്നതു് മുകളിൽനിന്നും കീഴോട്ടോ കീഴിൽനിന്നും മുകളിലോട്ടൊ എന്നൊരുചോദ്യം ഇപ്പോൾ കേൾക്കാറുണ്ട്. മുകളിൽനിന്നും കീഴോട്ടുതന്നെ എത്തും, എവിടെയും എഴുതുന്നരീതി പ്രചാരത്തിലിരിക്കേ ഈ ചോദ്യം അസ്ഥാനത്തിലാണെന്നു് പ്രഥമദൃഷ്ടിയിൽ ചിലക്കു തോന്നിയേക്കാം. ഇപ്രകാരം ശങ്കിക്കുന്നവരുടെ മനോഗതം ഇങ്ങനേയാണു്. 'വരിവരിയായ് കീഴോട്ടു എഴുതിക്കൊണ്ടുപോകുന്നതിൽ കൈപ്പടയും കീഴോട്ടുതന്നെ പോകുന്നു; തലവരിയെ മാതൃകയായി സ്വീകരിക്കുന്നതിനു പകരം താന്താങ്ങളെഴുതിത്തീൎത്ത മുൻവരിയേനോക്കി പിൻവരി എഴുതുന്നതുകൊണ്ടാണു് അപ്രകാരം വരുന്നതു്. കാപ്പിപ്പുസ്തകത്തിലെ കീഴററംമുതൽ മുകളിലോട്ടു എഴുതിക്കൊണ്ടുപോയാൽ എപ്പോഴുംതലവരിതന്നേ മാതൃകയായി നില്ക്കുന്നതുകൊണ്ട് ഈ ന്യൂനതപരിഹരിക്കപ്പെട്ടും എന്നെല്ലാമാകുന്നു. മാതൃക മാറിപ്പോകുന്നതുനിമിത്തമോ, യാന്ത്രികമായലേഖനകാൎയ്യത്തിൽ സ്വശക്തിയുക്കുയോജിക്കാത്തവിധം അത്ര അധികംനേരം പ്രവൎത്തിക്കയാലുണ്ടാകുന്ന കരണക്ഷീണം നിമിത്തമോ എന്നു് ശങ്കിക്കേണ്ടിവരുന്നു. ഏതായാലും രണ്ടാക്ലാസിൽ കൈയ്യെഴുത്തുപാഠത്തെപ്പററി പറഞ്ഞതനുസരിച്ച് ഓരോ എഴുത്തും അധ്യാപകൻ ബോൎഡിൽ എഴുതുന്ന രീതികണ്ട് അനുകരിക്കുന്നതായാൽ പ്രസ്തുതന്യൂനത പരിഹരിക്കപ്പെട്ടും. ഒരക്ഷരം മുഴുവനും ഒന്നായിട്ടു കണ്ടിട്ടല്ല, ഓരോ അംശവും എങ്ങനെ ഉണ്ടാകുന്നു എന്നും അംശങ്ങളെല്ലാം പരസ്പരം യോജി

പ്പിക്കപ്പെടുന്നതെങ്ങിനേ എന്നും അറിഞ്ഞിട്ടാണു് എഴുതു ന്നതു്; അതുകൊണ്ടും, ഇടയ്ക്കിടെ അദ്ധ്യാപകൻ ബോർഡിൽ എഴുതുന്ന മാതിരികാണാൻ ബാലന്മാർ സ്വാതന്ത്ര്യത്തെ നയിക്കേണ്ടിവരുന്നതിനാൽ യാന്ത്രികപ്രയത്നത്തിൻെറ നിർഭിന്നത്വം മാറി കരണങ്ങൾക്കു് ക്ഷീണംകുറയുന്നതിനാലും പ്രസ്തുത ന്യൂനതയ്ക്കു് നമ്മുടെ രീതിയിൽ വകയില്ലെന്നു മാത്രമല്ല, ആചാരത്തിനു വിപരീതമായ് കീഴിൽനിന്നും മുകളിലോട്ടു എഴുതേണ്ടിവരുന്ന അലൌകികസമ്പ്രദായത്തിൻെറ ആവശ്യവും ഇല്ല.

കുത്തെഴുത്തു്—കൈപ്പട നന്നാകാനായി കാപ്പിപ്പുസ്തകത്തിൽ ഒന്നിടവിട്ടവരികളിൽ കുത്തെഴുത്തു് അച്ചടിച്ചിരിക്കുന്നതു് ഉപയോഗമായിരിക്കുമെന്നു ചിലർ പറയുന്നുണ്ടു്. പൂഴിയിലെഴുത്തും ബോർഡിലെഴുത്തും ശീലിച്ചു തെളിഞ്ഞവക്കു് കുത്തെഴുത്തിൻെറ സഹായം ആവശ്യമില്ല. ഈ സമ്പ്രദായം പൂഴിയിലെഴുത്തിൽതന്നെ കഴിഞ്ഞിരിക്കും. പ്രാരംഭഘട്ടത്തിൽ അക്ഷരങ്ങൾ അദ്ധ്യാപകൻ മണലിൽ എഴുതിക്കൊടുക്കുകയും അതിന്മേൽ ചൂണ്ടുവിരൽകൊണ്ടു് അദ്ധ്യേതാക്കൾ വരയ്ക്കുകയും ചെയ്യാറില്ലേ? ഈ സമ്പ്രദായം അറിഞ്ഞിട്ടില്ലാത്ത നാട്ടുകാർ കുത്തെഴുത്തു കാപ്പിപ്പുസ്തകം ഉപയോഗിച്ചുകൊള്ളട്ടെ. കൈക്കുപിടിച്ചുകൊണ്ടു പോകുന്നസമ്പ്രദായം കഴിയുന്നത്ര ഉപേക്ഷിക്കയാണുചിതം. വിരൽകൊണ്ടു മാത്രമല്ല ബോർഡിൽ എഴുതിശീലിപ്പിച്ച അവസരത്തിൽ ചാക്കുപെൻസിൽകൊണ്ടും അക്ഷരങ്ങൾ എഴുതാൻ പരിചയിച്ചുവരുന്ന നമ്മുടെകുട്ടികൾക്കു്, കുത്തെഴുത്തുകാപ്പി ഗുണപ്രദമാണെന്നു പറയാവുന്നതല്ല.

൪. രചനതിരുത്തൽ—രേഖാരചന തിരുത്തുന്നതും അദ്ധ്യാപകന്നു അല്പം വിഷമമാണു്. എന്നാൽ വൈഷമ്യത്തെ വകവയ്ക്കാതെ തൃപ്തികരമാംവണ്ണം ഈ ജോലി നിൎവ്വഹിച്ചേ തീരൂ. അല്ലാത്തപക്ഷം രചനകൊണ്ടുള്ള ഫലം ദോഷമായി പരിണമിച്ചേയ്ക്കാം. തെററായ പ്രയോഗങ്ങൾ തിരുത്തപ്പെടുന്നില്ലെങ്കിൽ ആവൎത്തിയ്ക്കപ്പെടുകയും തെററു മനസ്സിൽ ഉറച്ചുപോകയും ചെയ്യും. ഈ സങ്കടങ്ങളെ പരിഹരിയ്ക്കാൻ ഒരു സമ്പ്രദായം സൂചിപ്പിയ്ക്കാം. രചനയ്ക്കുള്ള വിഷയത്തിന്മേൽ ആദ്യം സംഭാഷണം നടത്തി, കാൎയ്യം മുഴുവനും വിദ്യാൎത്ഥികളെ ഗ്രഹിപ്പിയ്ക്കുക. ഉടനെ വിഷയവിശകലനം ചെയ്യിയ്ക്കണം. അതുകഴിഞ്ഞു് ആസൂത്രണം ചെയ്യിയ്ക്കാം. അദ്ധ്യേതാക്കളെക്കൊണ്ടുതന്നെ സൂത്രവാക്യം നിൎമ്മിപ്പിച്ചു് ശരിപ്പെടുത്തി രചനാകാൎയ്യത്തിൽ പ്രവേശിയ്ക്കാൻ അവരെ അനുവദിക്കാം. ഇങ്ങനെ ചെയ്താൽ അധികം തെററു വരുന്നതല്ല. എങ്കിലും തിരുത്തേണ്ട ആവശ്യം ഇല്ലാതാകുകയില്ല; ചുരുങ്ങുമെന്നേ ഉള്ളൂ. അതു് അദ്ധ്യാപകൻ നിർവഹിച്ചേ തീരൂ. ഈ രീതികൊണ്ടു്, ഭാവിജീവിതത്തിൽ അന്യ സഹായംകൂടാതെ ക്ലിപ്തവിഷയത്തെപ്പററി പൂൎണ്ണമായും തൃപ്തികരമായും ഉപന്യാസങ്ങളോ ഗ്രന്ഥങ്ങൾതന്നേയുമോ നിൎമ്മിയ്ക്കുന്നതിനു വേണ്ട പരിശീലനവും സിദ്ധിയ്ക്കുന്നതാണു്.